പുത്തിഗെ
ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന രേഖ
ಪುತ್ತಿಗೆ ಪಂಚ್ಯಾತ್ ಸಮಗ್ರ ವಿಕಸನ ರೇಖೆ
BHAGAVATHI BAYAR

*Best Compliments from:*

Phone : 855054

# THE ANGADIMOGAR SERVICE CO-OP. BANK

Ltd No : 3373

P.O. ANGADIMOGAR - 671 321

Secretary : A.D.Koragappan.

President : K.S.Abdul Rahiman.

*Best Compliments from:*

A.M.SULAIMAN

# WOOD LAND

## FURNITURE

SEETHANGOLI, P.O.EDNAD - 671 321

Phone: 855238

149-5

ഗ്രാമസ്വരാജ് ആയിരിക്കണം എല്ലാ വികസന പ്രവർത്തനങ്ങളുടെയും പരമ ലക്ഷ്യം.

-ഗാന്ധിജി

- ಎಲ್ಲಾ ಅಭಿವೃದ್ಧಿ ಕಾರ್ಯಕ್ರಮಗಳ ಗುರಿ ಗ್ರಾಮ ಸ್ವರಾಜ್ಯ ಆಗಿರಬೇಕು

- ಗಾಂಧೀಜಿ

# കാസർകോട് ജില്ല


NOTIONAL MAP
OF
PANCHAYATS
AND
COMMUNITY DEVELOPMENT BLOCKS
IN
KASARAGOD DISTRICT
Puthige Grama Panchayath.
KARNATAKA STATE
DAKSHIN KANNADA
KODAGU
KANNUR DISTRICT
ARABIAN SEA
KASARAGOD TALUK
HOSDURG TALUK
MANJESHWAR
KUMBALA
PUTHIGE
ENMAKAJE
BADIADKA
BELLUR
KUMBDAJE
CHENGALA
KARADKA
DELAMPADY
MULIYAR
CHEMNAD
BEDADKA
PALLIKKARA
PULLUR-PERIYE
PANATHADY
AJANOOR
BELUR
BALAL
Kanhangad
MADIKKAI
WEST ELERI
KANHANGAD
KINANUR-KARINDALAM
EAST ELERI
NILESHWAR
CHEEMENI
CHERUVATHUR
PILICODE
PADNE
VALIYAPARAMBA
TRIKKARIPPUR
LEGEND
STATE BOUNDARY
DISTRICT BOUNDARY
TALUK BOUNDARY
C.D.BLOCK
PANCHAYAT
DISTRICT HEADQUARTERS
TALUK HEADQUARTERS
MUNICIPAL AREA
Nileshwar
CHEEMENI

# MAP OF PUTHIGE GRAMA PANCHAYATH.



## വിഷയ വിവരം


1. ആമുഖം

2. സാമൂഹ്യ-സാംസ്കാരിക ചരിത്രം

3. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

4. പഞ്ചായത്ത് - പൊതു വിവരണം

5. സാമൂഹ്യ സാമ്പത്തിക മേഖലകൾ

   1. കൃഷിയും ജലസേചനവും
   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   3. വിദ്യാഭ്യാസം
   4. കുടിവെള്ളവും പൊതുജന ആരോഗ്യവും
   5. വ്യവസായം
   6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും
   8. സംസ്കാരം
   9. വനിത
   10. സഹകരണ മേഖല
   11. പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
   12. വിവേ സമാഹരണം

6. ഉപസംഹാരം

# മുൻ പ്രസിഡണ്ടുമാർ

## മാജി അധ്യക്ഷരുഗളു

എ.എ. ശെറൂൽ
(23.12 63 മുതൽ 19.10.84 വരെ)

ಎ. ಎ. ಶೆರೂಲ್
(23-12-63 ರಿಂದ 19-10-84)

ബി.കെ. മുഹമ്മദ് മാസ്റ്റർ
(2.9.88 മുതൽ 29.9.95 വരെ)

ಬ. ಕೆ. ಮುಹಮ್ಮದ್ ಮಾಸ್ಟರ್
(2-9-88 ರಿಂದ 29-9-95)

# മുൻ വൈസ് പ്രസിഡണ്ടുമാർ

## മാജി ഉപാധ്യക്ഷരുഗളു

എച്ച്.ശങ്കര നാരായണ ഭട്ട്

ಎಚ್. ಶಂಕರನಾರಾಯಣ ಭಟ್



എൻ. സുബ്ബണ്ണ ഭട്ട്

ಎನ್. ಸುಬ್ಬಣ್ಣ ಭಟ್

# നിലവിലുള്ള ഭരണ സമിതി

## (30.9.95 മുതൽ)

### ಈಗಿನ ಆಡಳಿತ ಸಮಿತಿ

(30-9-95 ರಿಂದ)

പി. എം. ഫാത്തിമത്ത് സുഹറ

( പ്രസിഡണ്ട് )

ಪಿ. ಯಂ. ಫಾತಿಮತ್ ಸಹರ

(ಅಧ್ಯಕ್ಷರು)

സി.വൈ.മുഹമ്മദ്.

(വൈ.പ്രസിഡണ്ട്)

ಸಿ. ವೈ. ಮುಹಮ್ಮದ್

(ಉಪಾಧ್ಯಕ್ಷರು)



പി.ഇബ്രാഹിം

( സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)

ಪಿ. ಇಬ್ರಾಹೀಂ

(ಸ್ಟೇಂಡಿಂಗ್ ಕಮಿಟಿ ಚೆಯರ್‌ಮೆನ್)

അഹമ്മദലി കയ്യംകൂടൽ

(മെമ്പർ, വാർഡ് -4)

ಅಹಮ್ಮದಲೀ ಕಯ್ಯಂಕೂಡಲ್

(ಮೆಂಬರ್ ವಾರ್ಡು - 4)



ചനിയ ബാഡൂർ

(മെമ്പർ, വാർഡ് -6)

ಚನಿಯ ಬಾಡೂರು

(ಮೆಂಬರ್ ವಾರ್ಡು - 6)



ജയന്ത .പി.

(മെമ്പർ, വാർഡ്-1)

ಜಯಂತ ಪಿ.

(ಮೆಂಬರ್ ವಾರ್ಡು - 1)

ലക്ഷ്മി. വി. ഭട്ട്

(മെമ്പർ, വാർഡ്-8)

ಲಕ್ಷ್ಮಿ ವಿ. ಭಟ್

(ಮೆಂಬರ್ ವಾರ್ಡು - 8)

[redacted]. എൻ.

(മെമ്പർ, വാർഡ്-7)

[redacted] യൻ.

(ಮೆಂಬರ್ ವಾರ್ಡು - 7)

പി. നാരായണൻ നമ്പ്യാർ

(മെമ്പർ, വാർഡ്-3)

ಪಿ. ನಾರಾಯಣನ್ ನಂಬಿಯಾರ್

(ಮೆಂಬರ್ ವಾರ್ಡು - 3)

1

# ആമുഖം

അമ്പതുവർഷം മുമ്പു നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഗ്രാമസ്വരാജിനെക്കുറിച്ചു സംസാരിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി സൂചിപ്പിച്ചിരുന്നു. എല്ലാ ഗ്രാമങ്ങളിലും ''വിശാലമായ ഓഡിറ്റോറിയം'' വേണമെന്നായിരുന്നു അത്. പഞ്ചായത്തീരാജ് സംവിധാനത്തിൽ ഗ്രമാസഭകളുടെ ഒത്തുചേരൽ ഉദ്ദേശിച്ചായിരുന്നു ആ നിർദ്ദേശം വെച്ചിരുന്നത്. ഇന്ന് നമുക്കതു ബോധ്യമായി വരുന്നു.

അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും ഇന്നു നാം പരിശ്രമിച്ചുവരികയാണ്. ഈ പ്രക്രിയ അടിയന്തിരമായി നടപ്പിലാക്കാൻ കേരളാ സർക്കാർ പ്രധാനമായ രണ്ടു നടപടികൾ ഇതിനകം എടുത്തിട്ടുണ്ട്. അധികാര വികേന്ദ്രീകരണം എങ്ങനെ വേഗത്തിൽ നടപ്പിലാക്കാം എന്നതിനെക്കുറിച്ചു നിർദ്ദേശിക്കാൻ സെൻ കമ്മിറ്റിയുടെ രൂപീകരണമാണ് അതിലൊന്ന്. ഈ കമ്മിറ്റി ചില സുപ്രധാന നിർദ്ദേശങ്ങൾ ഉടൻ സമർപ്പിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. പദ്ധതി അടങ്കലിന്റെ 30-40 ശതമാനം പഞ്ചായത്തുകൾക്ക് നൽകാൻ തീരുമാനിച്ചതാണ് മറ്റൊരു സുപ്രധാന കാൽവെയ്പ്. ഒമ്പതാം പദ്ധതികാലത്ത് കേരളത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി അഞ്ചുകോടിയിൽ കുറയാത്ത തുക വികസന പ്രവർത്തനങ്ങൾക്കുമാത്രമായി ഉപയോഗിക്കാനാവുമെന്നതാണ് ഈ നടപടിയുടെ നേട്ടം.

ആസൂത്രണം ഗ്രാമതലത്തിൽ നിന്ന് ജനപങ്കാളിത്തത്തോടെ ആരംഭിക്കണമെന്ന കാഴ്ചപ്പാടോടെയാണു നാം ജനകീയാസൂത്രണ പ്രസ്ഥാനം രൂപീകരിച്ചത്. ഗ്രാമീണ വികസന പദ്ധതികളെല്ലാം അതാതുസ്ഥലങ്ങളിലെ ജനങ്ങളുമായി കൂടിയാലോചിച്ച് പ്രാദേശിക സ്വയം ഭരണസ്ഥാപനങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കണം.കൂടാതെ ഇന്നു വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും ഗ്രാമതലത്തിൽ നിന്നുള്ള അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി പുന:ക്രമീകരിക്കേണ്ടതാണ്.

ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണ പരിപാടികൾ നമ്മുടെ പഞ്ചായത്തിലും രൂപം നൽകിയിരിക്കുന്നത്. തങ്ങളിലർപ്പിക്കപ്പെട്ട നിയമാനുസൃത ആസൂത്രണ ചുമതല പഞ്ചായത്തിലെ ബഹുജനങ്ങളുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നതിന് നമ്മുടെ പഞ്ചായത്തു ഭരണസമിതിയെ സഹായിക്കുവാനാണ് നാമീ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.ഈ പ്രക്രിയയുടെ ഒന്നാം ഘട്ടത്തിന്റെ പരിസമാപ്തിയായിട്ടാണ് നാം ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഈ പ്രവർത്തനവുമായി ബന്ധപ്പെട്ടു നിസ്വാർത്ഥ സേവനം ചെയ്യുന്നതിനുപഞ്ചായത്തു പ്രദേശത്തെ എൺ

പതോളം സന്നദ്ധ സേവകരെ തെരഞ്ഞെടുക്കുകയുണ്ടായി. അവർക്ക് ഏകദിന പരിശീലനം 1996 സെപ്തംബർ 17 ന് ബാഡൂർ എ. എൽ.പി. സ്കൂളിൽ വെച്ചുനൽകി. തുടർന്ന് ഇവരുടെ സഹായ സഹകരണത്തോടെ ഗ്രാമസഭകൾ ചേരുകയാണുണ്ടായത്. സെപ്തംബർ 21-ന് IV, IX വാർഡുകളിലും സെപ്തംബർ 22-ന് VII വാർഡിലും സെപ്തംബർ 29-ന് I , V , VI വാർഡുകളിലും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി II , III , VIII വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. എല്ലാ വാർഡുകളിലും വാർഡ് മെമ്പരുടെ നേതൃത്വത്തിൽ പഞ്ചായത്ത് റിസോഴ്സ് പേഴ്സണും (LRP ) ജില്ലാ റിസോർഴ്സ് പേഴ്സൺസും (DRP) ചേർന്ന് വിപുലമായ പ്രചരണം സംഘടിപ്പിച്ചുകൊണ്ടാണ് ഗ്രാമസഭകൾ സംഘടിപ്പിച്ചത്. എല്ലാ ഗ്രാമസഭകളിലും നല്ല ജനപ്രാതിനിധ്യം ഉണ്ടായിരുന്നുവെന്ന് ഹാജർ നില സൂചിപ്പിക്കുന്നു.എഴുപത്തൊൻപതു മുതൽ ഇരുനൂറ്റിനാലുവരെ വോട്ടർമാർ വിവിധ ഗ്രാമസഭകളിൽ പങ്കെടുത്തിട്ടുണ്ട്. താഴെപ്പറയുന്ന പന്ത്രണ്ട് വിഷയഗ്രൂപ്പുകളായിട്ടാണ് നാം ഗ്രാമസഭകളിൽ ചർച്ചകൾ നടത്തിയത്.

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളവും പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
12. വിഭവസമാഹരണം.

വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ഓരോ ഗ്രൂപ്പുകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കാനായി ഓരോ ഗ്രൂപ്പിനും അതേ ഗ്രാമസഭകളിൽ തന്നെ നാം അവസരം നൽകിയിരുന്നു. പിന്നീട് പൊതുചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അനുബന്ധമായി ചേർക്കാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ ഈ നൂറ്റാണ്ടിലെ ചരിത്രം ശേഖരിക്കുന്നതിന് നൂറോളം പ്രധാനപ്പെട്ട തലമുതിർന്ന വ്യക്തികളുമായി കൂടിയാലോചന നടത്തുകയുണ്ടായി. പൂർവ്വകാല ചരിത്രത്തോടൊപ്പം, പഞ്ചായത്തിന്റെ വികസന ഭാവിക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവരുടെ വിലപ്പെട്ട നിർദ്ദേശങ്ങളും ലഭിക്കുകയുണ്ടായി.

പഠന യാത്രയായിരുന്നു അടുത്ത പ്രധാന പ്രവർത്തനം. ഒക്ടോബർ 13, 14 തീയതികളിലായി, വിവിധ വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥൻമാരുമടങ്ങുന്ന അഞ്ചു സംഘങ്ങൾ പഞ്ചായത്തു പ്രദേശം മുഴുവനും ചുറ്റിസഞ്ചരിച്ച് പഠനം നടത്തുകയുണ്ടായി. പഞ്ചായത്തിലെ സ്ഥലനാമങ്ങൾ, ഭൂപ്രകൃതി, മണ്ണിനം, പ്രധാന കൃഷി, പരിസ്ഥിതി പ്രശ്നങ്ങൾ, ജലലഭ്യത എന്നീ വിവരങ്ങൾ ഓരോ പ്രദേശം കേന്ദ്രീകരിച്ചും നേരിട്ടുമനസ്സിലാക്കാൻ സാധിച്ചു.

വിവിധ ഡിപ്പാർട്ടുമെൻറ് ഓഫീസുകളിൽ നിന്നും നമ്മുടെ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചുള്ള വിവിധ സ്ഥിതിവിവരക്കണക്കുകൾ സംഗ്രഹിച്ചു ലഭ്യമാക്കുന്നതിൽ പഞ്ചായത്തു പ്രദേശത്തെ ഉദ്യോഗസ്ഥരുടെ സേവനം ലഭിച്ചിട്ടുണ്ട്.

ഈ പ്രവർത്തനങ്ങളുടെയെല്ലാം ആകെത്തുകയായാണ് നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാ

ക്കിയിരിക്കുന്നത്.

ഡിസംബർ 14ന് നടക്കുന്ന വികസന സെമിനാറിൽ ഗ്രാമസഭകളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥൻമാർ, എൽ.ആർ.പി. കൾ, ഡി.ആർ.പി.കൾ രാഷ്ട്രീയസാമൂഹ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, മറ്റു മേഖലകളിലെ വിദഗ്ധർ തുടങ്ങിയവരടക്കം മുന്നൂറ്റമ്പതോളം പ്രതിനിധികൾ സംബന്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമസഭകളിൽ സ്വീകരിച്ചതുപോലെ 12 വിഷയഗ്രൂപ്പുകളായി ഇരുന്ന്, ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം സമഗ്രമായി വിലയിരുന്നതണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുബദ്ധമായിച്ചേർത്ത് സ്കീം പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് കർമ്മസമിതി (Task Force) യെ ചുമതലപ്പെടുത്തും. ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 6 മുതൽ 12 വരെ അംഗങ്ങൾ ഉൾപ്പെടുന്ന ഈ കർമ്മസമിതി തയ്യാറാക്കുന്ന സ്കീം പ്രൊപ്പോസലുകളെ പദ്ധതികളാക്കുന്നതിന് പിന്നീട് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തും. ഈ പദ്ധതികളെ പഞ്ചായത്തുഭരണസമിതി അംഗീകരിക്കുന്നതോടെ നമ്മുടെ പഞ്ചായത്തിന്റെ പദ്ധതി മാർഗ്ഗരേഖ രൂപം കൊള്ളുകയായി. ഈ മാർഗ്ഗരേഖയാണ് ഒൻപതാം പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ നാം അടിസ്ഥാനമാക്കുന്നത്.

സന്നദ്ധ സേവന പ്രവർത്തനത്തിൽ നമുക്കുള്ള സജീവതാൽപര്യം സാക്ഷരതാ പ്രവർത്തനത്തിലൂടെ നാം തെളിയിച്ചിട്ടുണ്ട്. മതസൗഹാർദ്ദത്തിനും സുതാര്യമായ മാനുഷിക ബന്ധങ്ങൾക്കും നാം എന്നെന്നും മാതൃകയായിരുന്നു. ആ പാരമ്പര്യം കൈമുതലായി സ്വീകരിച്ചവരുടെ ഒത്തു ചേരലും അവരുടെ ചിന്താശക്തിയുമാണ് ഈ വികസന റിപ്പോർട്ടിൽ പ്രതിഫലിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ സമഗ്രവികസനത്തിനുള്ള ഈ യജ്ഞത്തിൽ ജാതി-മത-വർഗ്ഗ-ഭാഷ-രാഷ്ട്രീയ ഭേദമെന്യേ ഏവരും നാളിതുവരെ കൈകൊണ്ട പുരോഗമനപരമായ നിലപാട് തുടർന്നും സ്വീകരിക്കേണ്ടതാണ്.

സന്നദ്ധ സേവനമനോഭാവവും വികസനതല്പരതയും നിസ്വാർത്ഥമായ സഹകരണവും തുടർന്നും ജനങ്ങളിൽ നിന്നും ലഭിച്ചാൽ ഇന്നത്തെ വികസനന തളർച്ചയിൽ നിന്നും നമ്മുടെ ഗ്രാമപഞ്ചായത്തിനെ കരകയറ്റാൻ സാധിക്കും. അതിനുള്ള തുടക്കമെന്ന നിലയിൽ ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്ത് ആയിരിക്കണം.

-ഗാന്ധിജി








2

# സാമൂഹിക സാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ വളരെ പ്രസിദ്ധിയാർജ്ജിച്ചതും അറിയപ്പെട്ടിരുന്നതുമായ ഒരു പ്രദേശമാണ് മുമ്പത്തെ മദ്രാസ് സംസ്ഥാനത്തിലെ ദക്ഷിണ കന്നഡ ജില്ലയിപ്പെട്ട ഇന്നത്തെ പുത്തിഗെ പഞ്ചായത്ത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഈ പ്രദേശം മായിപ്പാടി-വിട്ട്ള രാജവംശത്തിന്റെ കീഴിലായിരുന്നു. പാണ്ഡ്യ രാജവംശവുമായി ഈ പ്രദേശത്തിന് കൂടുതൽ അടുത്ത ബന്ധമുണ്ടായിരുന്നു. വികാസ നഗറിലുള്ള ഒരു പഴയ കുളം ''പാണ്ടോർ കുളമെന്നാണ് '' ഇന്നും അറിയപ്പെടുന്നത്.

അമ്പലങ്ങൾ കേന്ദ്രീകരിച്ച് ശില്പകലാ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. പുത്തിഗെ ആചാരി മൂലയിൽ ഉണ്ടായിരുന്ന കേന്ദ്രത്തിൽ കുതിര, കഴുത, സിംഹം, പുലി തുടങ്ങിയ മൃഗങ്ങളുടേയും അവയിൽ ഇരുന്നു സഞ്ചരിക്കുന്ന വിവിധ മൂർത്തികളുടെയും സുന്ദരമായ രൂപങ്ങൾ മരത്തിൽ കൊത്തിയുണ്ടാക്കുന്നതിൽ അന്നത്തെ കലാകാരൻമാർ വളരെ സമർത്ഥരായിരുന്നു. പൊതുജനങ്ങൾ സാധാരണക്കാരായ കൃഷിപ്പണിക്കാരും കൂലിവേലക്കാരുമായിരുന്നു. ബാഡൂർ, ഷെറൂൾ, മണ്ടംപാടി എന്നീ പ്രശസ്തമായ മൂന്നു ധനാഢ്യകുടുംബങ്ങൾക്കായിരുന്നു അന്നത്തെ പ്രാദേശിക ഭരണനിയന്ത്രണം. ഏറ്റവും സമ്പന്നരായിരുന്ന ഷെറൂൾ കുടുംബം സർവ്വസമ്മതരായിരുന്നു. ആ കുടുംബത്തിലെ ഏറ്റവും പ്രഗദ്ഭനും ദേശസ്നേഹിയുമായിരുന്ന മുഹമ്മദ് ഷെറൂൾ സാഹിബ്ബ് സ്വാതന്ത്ര്യസമരസേനാനിയും മലബാറിലെ അറിയപ്പെടുന്ന കോൺഗ്രസ്സ് നേതാവുമായിരുന്നു. മണ്ടംപാടി രാമയ്യനായക്, ഗുത്തുത്യാംപണ്ണ റായ്, അധികാരി മഹാലിംഗയ്യ, പി.വി. പരമേശ്വര ഹെബ്ബാർ, ചക്കണികെ സുബ്രഹ്മണ്യഭട്ട്, കാവേരിക്കാന ഈശ്വര ഭട്ട്, കരക്കാർ കുഞ്ഞി, കയ്യംകൂടൽ ഷേക്കാലി, ബാഡൂർ രാമയ്യ ഷെട്ടി, മറുവള തിരുമലേശ്വര ഭട്ട്, മുണ്ടക്കാന വിഷ്ണുഭട്ട് തുടങ്ങിയവർ ഭരണസഹായികളായിരുന്നു. അവരുടെ ശാസനകൾക്കനുസൃതമായാണ് എല്ലാ കാര്യങ്ങളും നടന്നിരുന്നത്. അവരുടെ അരമനകൾ '' നാട്ടിലെ സുപ്രീം കോടതി''കളായിരുന്നു. ബ്രിട്ടീഷ് അധികാരികളുമായി നാടുവാഴികൾ നല്ല ബന്ധം സ്ഥാപിച്ചിരുന്നു. പട്ടാളത്തിൽ ആളെ തെരഞ്ഞെടുക്കുന്നതിൽ പോലും അവർക്കു അധികാരമുണ്ടായിരുന്നു. വിവിധ ബോർഡുകളുടെയും കോടതികളുടെയും പ്രമുഖസ്ഥാനങ്ങൾ അവർ വഹിച്ചിരുന്നതായി മനസ്സിലാകുന്നു.

ജനങ്ങളുടെ പൊതുതാൽപര്യങ്ങളിൽ വിദ്യാഭ്യാസത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. അംഗടിമുഗറിലെ ഷെറൂൾ വീടിന് തൊട്ടടുത്തുള്ള കുന്നിൽ കന്നഡ മാധ്യമമായി ആദ്യത്തെ പാഠശാല ആരംഭിച്ചു. ഈ സ്ഥലം ഇന്നും 'ശാലക്കുന്ന്' എന്നറിയപ്പെടുന്നു. തുടർന്ന് മണ്ടംപാടിയിൽ രാമയ്യനായകിന്റെ നേതൃത്വത്തിലും ഒരു പാഠശാല ആരംഭിച്ചു. ഇതേ സമയത്ത് ചളളങ്കയത്ത് എലിമെന്ററി സ്കൂളും ധർമ്മത്തട്ക്കയിൽ എൻ.രാമചന്ദ്രഭട്ട് മാനേജരായി എലിമെന്ററി സ്കൂളും സ്ഥാപിച്ചു. സാധാരണക്കാരന്റെ മക്കൾ പഠിച്ചുവന്നാൽ തങ്ങൾക്ക് പണിയെടുപ്പിക്കാനും അടിമപ്പണിചെയ്യിക്കാനും ആൾ കുറയുമെന്ന് മറ്റു സ്ഥലങ്ങളിലെ മേലാളർ

ഭയന്നിരുന്ന കാലത്താണ് ഇവർ പുത്തിഗെ ഗ്രാമത്തിൽ അക്ഷരത്തിന്റെ കൈത്തിരി തെളിയിച്ചത്. ''മുക്കാരി കണ്ടത്തിനും, കട്ടത്തട്ക്കക്കും മധ്യേ ബ്രിട്ടീഷുകാർ പട്ടാള പരിശീലനകേന്ദ്രം സ്ഥാപിച്ചിരുന്നു. ചില ഒളികേന്ദ്രങ്ങളായി ഉപയോഗിച്ചിരുന്ന ഗുഹകൾ സീതാംഗോളി വികാസ്നഗർ എന്നിവിടങ്ങളിൽ ഇന്നും കാണാം.

മനുഷ്യബന്ധങ്ങൾക്കും മതസൗഹാർദ്ദത്തിനും എന്നെന്നും നമ്മുടെ പഞ്ചായത്ത് മഹത്തായ മാതൃകയായിരുന്നു. പുത്തിഗെയിലെ കിന്നിമാണി-പൂമാണി ദേവസ്ഥാനവും പുത്തിഗെ ജമാഅത്ത് പള്ളിയും മതസൗഹാർദ്ദത്തിന്റെ ഉറവിടമായിരുന്നു. പുത്തിഗെ ഉത്സവ സമയത്ത് രഥത്തിൽ പുതയ്ക്കാൻ പള്ളിയിൽ നിന്ന് പുടവയും പള്ളിയിൽ വിളക്കുകത്തിക്കാൻ അമ്പലത്തിൽ നിന്ന് വെളിച്ചെണ്ണയും ഇരു ആരാധനാലയങ്ങളിലും പുരോഹിതർ തന്നെ മുൻകൈയെടുത്ത് നൽകിവരുന്നു. അനന്തപുരം ദേവസ്ഥാനം ഇന്നും പ്രസിദ്ധമായ ഹൈന്ദവ ദേവാലയമാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഇവിടെയും ചലനങ്ങൾ സൃഷ്ടിച്ചിരുന്നു. 'കുമ്പള ഗാന്ധി' എന്നറിയപ്പെടുന്ന ദേവപ്പ ആൾവയുടെ പ്രധാന പ്രവർത്തനമണ്ഡലങ്ങളിലൊന്നായിരുന്നു ഈ പ്രദേശം. 1931 ലെ ഉപ്പുസത്യാഗ്രഹസമരകാലത്ത് കാസർകോട് താലൂക്ക് കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന മുഹമ്മദ് ശെറൂൾ, കാർനാട് സദാശിവ റാവു, എ. ബി. ഷെട്ടി, കെ.ആർ. കാരന്ത്, യു. ഉമേഷ് റാവു തുടങ്ങിയവരുടെ കൂടെ പ്രവർത്തിച്ചിരുന്നു. 'ഇംഗ്ലീഷ് ചൂതറ്' എന്നറിയപ്പെട്ടിരുന്ന സങ്കപ്പഷെട്ടിയും സ്വാതന്ത്ര്യസമരസേനാനികളിൽ ഒരാളായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നൂൽ നൂൽക്കാൻ ചർക്കയുണ്ടാക്കുന്നതിൽ പുത്തിഗെ ദാസപ്പ ആചാരി വ്യാപൃതനായിരുന്നു.

അന്നത്തെ ജന്മി, ധനാഢ്യ കുടുംബങ്ങൾ പാട്ടം പിരിക്കുന്നതിൽ ഒട്ടും വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലായിരുന്നു. അദ്ധ്വാനത്തിന്റെ യഥാർത്ഥഫലം കർഷകന് നൽകിയിരുന്നില്ല. ജൻമിത്വത്തിന്റെ മൂർദ്ധന്യദശയിലായിരുന്നതിനാൽ പ്രദേശത്തെ മൊത്തം ഭൂമിയും ജന്മികളുടെ നിയന്ത്രണത്തിലായിരുന്നു. കുടിയാൻമാർക്ക് അവർ അദ്ധ്വാനിക്കുന്ന ഭൂമിയിൽ യാതൊരവകാശവും അനുവദിച്ചിരുന്നില്ല. വാരം മുടക്കിയതിന് കുടിയൊഴിപ്പിക്കൽ, വാരം കൃത്യമായി നൽകിയാലും പറ്റുചീട്ടു മാത്രം നൽകി രശീതി നൽകാതിരിക്കൽ, കുടിയാന്റെ പറമ്പിൽ നിന്നും ജന്മിക്കാവശ്യമുള്ളതെല്ലാം എടുക്കൽ, പാട്ട ബാക്കി വന്നാൽ കൃഷിയിടത്തിൽ ''ചപ്പ് വെച്ച്'' പാടം കൊയ്യാനുള്ള അവകാശം നിഷേധിക്കൽ എന്നിവയെല്ലാം സർവ്വ സാധാരണമായിരുന്നു. മുതിരയ്ക്ക് നെല്ലിന്റെ ഇരട്ടി മൂല്യം കണക്കാക്കിയിരുന്നതിനാൽ മുതിര കൃഷിചെയ്യാൻ കുടിയാൻമാർ താല്പര്യപ്പെട്ടു. എന്നാൽ അത്തരം സമയങ്ങളിൽപ്പോലും അവർക്ക് ഭക്ഷണം ലഭിക്കുവാൻ മേലാളരുടെ പടിവാതിലിൽ കാത്തിരിക്കേണ്ടിവന്നിരുന്നു.

ശിവരാത്രി, വിഷു, പെരുന്നാൾ, ക്രിസ്മസ് ഉത്സവ വേളകളിലും പിറന്നാൾ, കല്യാണം തുടങ്ങിയ വിശേഷാവസരങ്ങളിലും കുടിയാന്മാർ കാണിക്ക നൽകണമായിരുന്നു. ഇതിനുപകരമായി നാമമാത്രമായ വസ്ത്രവും ഭക്ഷണവും നൽകിയിരുന്നു. ഇത്തരം സാഹചര്യങ്ങളാണ് കുടിയാന്മാരെയും മറ്റ് ദരിദ്ര തൊഴിലാളികളെയും പുരോഗമന പ്രസ്ഥാനവുമായി ബന്ധപ്പെടാൻ പ്രേരിപ്പിച്ചത്.പഴയകാല അദ്ധ്യാപകർ ഇത്തരം സംഘടനകളുമായി ബന്ധപ്പെട്ട് ജന്മികൾക്കെതിരെ ജനങ്ങളെ സംഘടിപ്പിക്കുവാൻ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചിരുന്നു. ഇതിന്റെ ഫലമായി യു. അബ്ദുൾ റഹ്മാൻ മാസ്റ്റർക്ക് കടത്തുതോണി നിഷേധിക്കപ്പെട്ടതിനാൽ കവിഞ്ഞൊഴുകിയ പുഴ നീന്തിക്കടക്കേണ്ടിവന്നതും മറ്റും ചരിത്രത്തിന്റെ ഭാഗമായിരുന്നു. ജനങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് അടുപ്പം പ്രകടിപ്പിച്ചപ്പോൾ മുതലാളിവർഗ്ഗം സ്വന്തം നിലപാടുമാറ്റി ജനനേതാക്കളായി രംഗത്ത് വന്നതും ശ്രദ്ധേയമാണ്. ജന്മിമാരുടെ ചൂഷണപ്രവർത്തനങ്ങൾക്കിടയിലും, അവരുടെ ചില നല്ല ഗുണങ്ങൾ എടുത്ത് പറയേണ്ടതുണ്ട്. വിശന്നുവലഞ്ഞവർക്ക് അവരുടെ അരമനകളിൽ ഏതുസമയത്തും ഭക്ഷണം നൽകിയിരുന്നു. ചില സാമൂഹികാനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ അവർ ജനങ്ങളെ സംഘടിപ്പിച്ചു. ചെറുപ്പക്കാർക്ക് തെഴിലുണ്ടാക്കിക്കൊടുക്കുന്നതിൽ സഹായിച്ചിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അവരുടെ പങ്ക് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ?. എന്നാൽ കൃഷിക്കാരോട് കാണിച്ചിരുന്ന ചൂഷണ മനോഭാവം ഇത്തരം നല്ലപ്രവർത്തനങ്ങളെപ്പോലും നിഷ്പ്രഭമാക്കിയെന്നത് തർക്കമറ്റ വസ്തുതയാണ്.

1948-ൽ അംഗടിമുഗറിലെത്തിയ എ. കെ. ജിയെ സ്വീകരിക്കുന്നതിൽ എ. എ. ഷെറൂൾ സാഹിബ് കാണിച്ച താത്പര്യം ജനങ്ങൾക്ക് കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടാൻ പ്രചോദനമേകി. എ. കെ. ഷെറൂൾ സാഹിബ്, ബണ്ടിഗദ്ദെ കൊറഗപ്പറെ, കെ. പി. മമ്മു, കോടിയേരി ഗോപാലകൃഷ്ണഭട്ട്, മണ്ടംപാടി കോമാറു, മുഗു തിമ്മണ്ണ ഭണ്ടാരിറെ, ശാൻബോഗ് വെങ്കിട്ടരമണഭട്ട്, ബി. അബ്ദുല്ല മാസ്റ്റർ, യു.അബ്ദുൽ റഹിമാൻ മാസ്റ്റർ ,ദേലമ്പാടി അമ്പാടി തുടങ്ങിയ ആദ്യകാല നേതാക്കന്മാരുടെ പ്രവർത്തനവും ഈ പ്രദേശത്തെ പുരേഗമന പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടി.

കലാസാംസ്കാരിക സാമൂഹ്യരംഗങ്ങളിലും നമ്മുടെ പഞ്ചായത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.അമ്പലം, പള്ളി, ചർച്ച് എന്നിവയോടനുബന്ധിച്ച് നടന്നിരുന്ന സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ മതസ്ഥരും പങ്കെടുത്തിരുന്നു. കോഴിപ്പോര് അക്കാലത്തെ ഒരു പ്രധാന വിനോദമായിരുന്നു. തെയ്യം കെട്ട് ഒരു പ്രധാന ആരാധനാ സമ്പ്രദായമായിരുന്നു. തെയ്യം കെട്ടുന്നവരെ പമ്പത, നൽക്കാദായ, മലയ, മേര, എന്നീ പേരുകളിലാണ് വിളിച്ചിരുന്നത്. രക്തേശ്വരീ, ധൂമാവതി, ജടാധാരി, പിരിച്ചാമുണ്ഡി, കല്ലുരുട്ടി, പഞ്ചുർളി, ഗുളികൻ, കൊറഗതനിയ, തുടങ്ങിയവ പ്രധാന കോലം കെട്ടു ദൈവങ്ങളായിരുന്നു. കർക്കിടക മാസത്തിൽ ''ആട്ടിക്കളഞ്ഞ'' ചിങ്ങമാസത്തിൽ ''സോണജോഗി'' തുടങ്ങിയ മാസത്തോളം നീണ്ടുനിന്ന തെയ്യം കെട്ടുകളായിരുന്നു. ജനങ്ങളുടെയും വളർത്തുമൃഗങ്ങളുടേയും കൃഷിയുടെയും സുരക്ഷയ്ക്കായിരുന്നു ഇവ നടത്തിയിരുന്നത്. ജൻമാഷ്ടമി, ഗണേശോത്സവം, തീർത്ഥാമവാസി, ദസറ, വിഷു, ശിവരാത്രി, യുഗാദി, ദീപാവലി, തുടങ്ങിയവ ഹിന്ദുക്കളുടെ പ്രധാനാഘോഷങ്ങളായിരുന്നു. വാണിയ (ഗണിക) സമുദായത്തിന്റെ സമൂഹവിവാഹം നടക്കുന്ന പ്രസിദ്ധമായ പെർണെ ശ്രീ മുച്ചിലോട്ട് ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത് പുത്തിഗെ പഞ്ചായത്തിലാണ്. തൃക്കരിപ്പൂർ മുതൽ തെക്കൻ കർണ്ണാടകവരെയുള്ള 8 സീമകളിൽപ്പെട്ട പണക്കാരനും, പാവപ്പെട്ടവനും പണ്ഡിതനും, പാമരനും ഒരേ വേദിയിൽ ഒരേതരം ഭക്ഷണം കഴിച്ച് ഒന്നിച്ച് ഒരേ ദിവസം വിവാഹിതരാകുന്നുവെന്നത് ആ സമുദായത്തിന്റെ മാതൃകാപരമായ ഒരു സംരംഭമാണ്. ക്രിസ്ത്മസ്, കുറൾപർബ, ഈസ്റ്റർ, സാന്തിമേരി, എന്നിവ ക്രിസ്തീയാഘോഷങ്ങളായിരുന്നു. പെരുന്നാൾ, റാത്തീബ്, മൗലൂദ് , നാൽപത് ദിവസത്തെ വയള് എന്നിവ മുസ്ലീം ആഘോഷങ്ങളായിരുന്നു. ഇവ പ്രധാനമായും പള്ളികളേയും വീടുകളേയും കേന്ദ്രീകരിച്ചാണ് നടന്നിരുന്നത്. യക്ഷഗാനം, ദഫ്മുട്ട്, കഥാപ്രസംഗം എന്നിവ പ്രചാരമേറിയ കലാപ്രകടനങ്ങളായിരുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും ചികിത്സക്കായി ധാരാളം നാട്ടുവൈദ്യ രീതികളുണ്ടായിരുന്നു. തൊട്ടുകൂടായ്മയും, ഐത്തവും കൊടികുത്തിവാണിരുന്നു ഈ ഭാഗങ്ങളിൽ. താഴ്ന്ന ജാതിക്കാർക്ക് സവർണ്ണ വിഭാഗത്തിന്റെ വീടുകളിൽ പ്രവേശനമുണ്ടായിരുന്നില്ല. പാളയിലും ചിരട്ടയിലുമായിരുന്നു കൊറഗ , മൊഗെര വിഭാഗങ്ങൾക്ക് ഭക്ഷണ പാനീയങ്ങൾ നൽകിയിരുന്നത്. സ്വാമി ആനന്ദതീർത്ഥന്റെ സേവനം ഈ പ്രദേശങ്ങളിൽ തൊട്ടുകൂടായ്മയ്ക്ക് മാറ്റമുണ്ടാക്കാൻ സഹായിച്ചു.

1957 ന് ശേഷം കേരളത്തിൽ ഉണ്ടായ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മാറ്റം ഇവിടെയും പ്രതിഫലിച്ചു തുടങ്ങി. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘടനാ പ്രവർത്തനം ഇവിടെ സജീവമായി നടന്നുവരുന്നു. മിക്ക കാര്യങ്ങളും ഇന്ന് രാഷ്ട്രീയപരമായാണ് കൈകാര്യം ചെയ്യപ്പെട്ടുവരുന്നതെങ്കിലും പൊതുതാൽപര്യം സംരക്ഷിക്കുന്നതിൽ എല്ലാ വിഭാഗക്കാരും രാഷ്ട്രീയാതീത നിലപാട് സ്വീകരിച്ചുവരുന്നത് നമ്മുടെ പുതിയ വികസന സംസ്കാരത്തിന് സഹായകരമായിരിക്കുമെന്ന് വിശ്വസിക്കാം. ഇന്ന് ഈ പ്രദേശം അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കയാണ്. വൈദ്യുതിയും ടെലഫോണും സാർവ്വത്രികമായി പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അംഗടിമുഗർപാലം ഗതാഗത യോഗ്യമാകുമ്പോൾ യാത്രാ സൗകര്യം കൂടുതൽ മെച്ചപ്പെടുന്നതാണ്.

എന്നാൽ ഒരു പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയും പുരോഗതിയും വിദ്യാഭ്യാസത്തിന്റെ ലഭ്യതയേയും ഗുണനിലവാരത്തേയും നേരിട്ടാശ്രയിച്ചിരിക്കുന്നു. കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ നമുക്ക് ഇനിയുമുണ്ടാകേണ്ടതുണ്ട്. മുഗു, കണ്ണൂർ, പുത്തിഗെ, ബാഡൂർ, കന്തൽ, ചള്ളങ്കയം എന്നീ എൽ.പി.സ്കൂളുകൾ യു.പി. ആയി ഉയർത്തിക്കിട്ടണം. സൂരംബയൽ യു.പി.സ്കൂൾ, ഹൈസ്കൂളാക്കണം. അംഗടിമുഗർ ഹൈസ്കൂളിന് കൂടുതൽ സ്ഥല-കെട്ടിട സൗകര്യങ്ങൾ നൽകി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം. കട്ടത്തട്ക്കയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്വകാര്യ കോളേജ് ആവശ്യമാണ്. ഒരു ഹെയർ സെക്കൻററി വിദ്യാലയം ധർമ്മത്തട്ക്കയിൽ സ്ഥാപിക്കണം. മുക്കാരിക്കണ്ടം, പർളാഡം, അനന്തപുരം, ഉജംപദവ്, പെരിയമുഗർ, ദേറഡ്ക്ക, സീതാംഗോളി, വികാസ് നഗർ എന്നിവിടങ്ങളിൽ പുതിയ എൽ.പി.സ്കൂളുകൾ അനുവദിക്കണം.

പുത്തിഗെ പഞ്ചായത്തിലെ ദേറഡ്ക്ക, ചള്ളങ്കയം, ധർമ്മത്തട്ക്ക, കന്തൽ, ബാഡൂർ, അംഗടിമുഗർ, പുത്തിഗെ, മുഗു, ഉർമി, സൂരംബയൽ, എടനാട്, അനന്തപുരം, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങൾ രാഷ്ട്രീയ സാമൂഹിക ചരിത്രത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒട്ടനവധി വ്യക്തികളുടെയും സംഘടനകളുടെയും സേവനങ്ങളെ ആദരപൂർവ്വം സ്മരിക്കുന്നതോടൊപ്പം, അവർ വളർത്തിക്കൊണ്ടുവന്ന നല്ല ആദർശങ്ങളേയും മാനുഷിക ബന്ധങ്ങളേയും കൂടുതൽ മെച്ചപ്പെടുത്തി മുമ്പോട്ടു പോകുന്നതിൽ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

*Best Compliments from:*

MONARCH
PLYWOOD INDUSTRIES
ANANTHAPURAM
P.O. EDNAD - 671 321
Phone : 855350 (Resi) 440363

*Best Compliments from:*

HOTEL
ADARSH
SEETHANGOLI
P.O. EDNAD - 671 321

*Best Compliments from:*

Phone : 895245

SOLAR
ELECTRICALS
MAIN JUNCTION, SEETHANGOLI
P.O. EDNAD - 671 321

*Best Compliments from:*

SNEHA
GRANITE INDUSTRIES
ANANTHAPURAM
KUMBLA - 671 321




3

# ഭൂപ്രകൃതി-ജലപ്രകൃതി-ജൈവപ്രകൃതി-ജനപ്രകൃതി

## ഭൂപ്രകൃതി :

ഭൂമിശാസ്ത്രപരമായി പുത്തിഗെ പഞ്ചായത്ത് കുന്നും വയലും ചേർന്ന നിമ്നോന്നത പ്രദേശമാണെന്ന് പറയാം. വടക്കേ അതിർത്തിയിൽ കാസർകോട് താലൂക്കിലെ ഏറ്റവും ഉയരം കൂടിയ ''പൊസടിഗുംപെ''യും തൊട്ടടുത്ത താഴ്വര വയൽപ്രദേശവുമാണ്. ഷിറിയ പുഴയും പുത്തിഗെ പുഴയും നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു ഈ രണ്ടു പുഴകളുടെയും സംഗമസ്ഥാനമായ പാമ്പാട്ടി നമ്മുടെ പഞ്ചായത്തിലാണ്. തെക്കു പടിഞ്ഞാറു ഭാഗം സമതല പ്രദേശമാണ്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തിരിക്കാവുന്നതാണ്.

1. **വയൽപ്രദേശം :** തൊടയാർ, കണ്ണൂർ, കയ്യം കൂടൽ, പുത്തിഗെ, ചേവ, ദേലമ്പാടി, ബുളയാളം, പെരിയ, മുഗർ, കമ്മന്തളം, പർളാഡം, ചീക്കണമുഗർ, ചളളങ്കയം, ബാഡൂർ, മുഗു-സങ്കായം, തലമുഗർ, ആനബാഗിലു, കോളാർ.

2. **പാറപ്രദേശം :** അനന്തപുരം, ഗുണ്ടിയട്ക്ക, സീതാംഗോളി, മുകാതിക്കണ്ടം, നാട്ടക്കല്ല്, മംഗലടുക്ക, ഗുണ്ടിയട്ക്ക.

3. **സമതല പ്രദേശം :** കാമനബയൽ, എടനാട്, ധർമ്മത്തട്ക്ക, മേപ്പോടു, ഗുംപ, കൂട്ടേലു, ശന്നിക്കോടി, ബൾമരം, കോളാർ.

4. **കുന്നിൻ ചെരിവ് :** കാമനബയൽ, ഉജംപദവ്, കൊല്ലക്കണ്ടം, മുണ്ടത്തട്ക്ക, ബന്തട്ക്ക, ചീക്കണമുഗർ, എർഗൽ, നീർമൂലെ, ദഡ്ഡുപ്പന.

5. **കുറ്റിക്കാട് പ്രദേശം :** പുത്തിഗെ, കാണാജെ, നാട്ടെക്കല്ല്, ദേലംപാടി, പർളാഡംകുന്ന്, ദേറഡ്ക്ക, നീരോളി, കന്തൽ, മുഗു, കോളാർ, മുളിച്ചിക്കാനം.

വയൽപ്രദേശങ്ങളാണി പ്രധാനമായും നെൽകൃഷിക്കു യോഗ്യമായിട്ടുളളത്. പാറ പ്രദേശങ്ങളിലും സമതലങ്ങളിലും കശുമാവു കൃഷിചെയ്തു വരുന്നു. സമതലപ്രദേശത്ത് തെങ്ങ്, കവുങ്ങ് കൃഷി വ്യാപകമാണ്. ചുരുക്കം ചില കുന്നിൻ ചെരുവുകളിൽ റബ്ബർ കൃഷി ആരംഭിച്ചിട്ടുണ്ട്. കുറ്റിക്കാടു പ്രദേശങ്ങളെ ജൈവ വളത്തിനായി ഉപയോഗപ്പെടുത്തുന്നു.

## ജലപ്രകൃതി :

സാധാരണയളവിൽ മഴ ലഭിച്ചിരുന്ന ഒരു പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത്. എന്നാൽ കഴിഞ്ഞ നാലഞ്ചുവർഷമായി കാലാവസ്ഥയിൽ ഗണ്യമായ മാറ്റം

അനുഭവപ്പെട്ടുവരുന്നു. '95 ഏപ്രിലിൽ 26.4 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്. ജൂലൈ മാസത്തിൽ 1344.2 മില്ലീമീറ്റർ മഴ ലഭിച്ചിട്ടുണ്ട്. ഡിസംബർ 95 , മാർച്ച് 96, എന്നീ മാസങ്ങളിൽ മഴ ലഭിച്ചിട്ടില്ല. 1996 ജനുവരി മുതൽ മെയ് വരെയുള്ള സമയത്ത് 122 മില്ലീമീറ്റർ മഴ ലഭിച്ചിരുന്നു. പുത്തിഗെ-ഷിറിയ പുഴകളിലേയും, ഷിറിയ അണകെട്ടിലേയും വെള്ളമാണ് പ്രധാനമായും കൃഷിക്ക് ഉപയുക്തമാക്കുന്നത്. ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ ജലക്ഷാമം അനുഭവപ്പെടുന്നു. എപ്രിൽ-മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. കാർഷിക വിളകളും വരൾച്ചയെ നേരിടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു.

## ജൈവപ്രകൃതി :

നമ്മുടെ പഞ്ചായത്തിൽ കാടുകൾ കുറവായതിനാൽ കാട്ടുമൃഗങ്ങൾ വളരെ ചുരുക്കമാണ്. സാധാരണ കണ്ടു വരുന്ന കാട്ടുമൃഗങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാട്ടുപന്നി
2. പുലി
3. കുറുക്കൻ
4. മുള്ളൻപന്നി

പരുന്ത് , മഞ്ഞക്കിളി, തീച്ചിന്നൻ തുടങ്ങി ഒട്ടേറെ അസാധാരണമായ പക്ഷികളേയും പഞ്ചായത്തിൽ കണ്ടുവരുന്നു.

## ജനപ്രകൃതി :

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 16,486 ആണ്. 8175 പുരുഷൻമാരും, 8311 സ്ത്രീകളും ഉണ്ട്. പുരുഷൻമാരെ അപേക്ഷിച്ച് 131 സ്ത്രീകൾ കൂടുതലാണ്. പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 416 ആണ്. പുരുഷൻമാരിൽ 86.95 ശതമാനവും സ്ത്രീകളിൽ 72.13 ശതമാനവും സാക്ഷരരാണ്. പട്ടിക ജാതിക്കാരായ 607 പുരുഷൻമാരും 460 സ്ത്രീകളും ഉണ്ട്. പട്ടിക വർഗ്ഗക്കാരായ 460 പുരുഷൻമാരും 452 സ്ത്രീകളും പഞ്ചായത്തിലുണ്ട്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. എന്നാൽ ആകെ തൊഴിലെടുക്കുന്നവരിൽ 1296 പുരുഷൻമാരും 276 സ്ത്രീകളും മാത്രമാണ് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നത്. കൃഷി അനാദായകരമായിതുടങ്ങിയതോടെ ആ മേഖലയിലെ നിലവിലുള്ള നാമമാത്രതൊഴിലാളികൾപോലും പ്രതിസന്ധിയെ നേരിടുന്നു. വ്യാവസായിക സംരംഭങ്ങളൊന്നുംതന്നെ പഞ്ചായത്തിൽ നിലവിലില്ല.

### തൊഴിൽ പങ്കാളിത്തം.

| | | |
|---|---|---|
| 1. മൊത്തം തൊഴിലാളികൾ | : | |
| പുരുഷൻമാർ | : | 3857 |
| സ്ത്രീകൾ | : | 1698 |
| 2. കൃഷിക്കാർ | : | |
| പുരുഷൻമാർ | : | 750 |
| സ്ത്രീകൾ | : | 96 |
| 3. കർഷകത്തൊഴിലാളികൾ | : | |
| പുരുഷൻമാർ | : | 1296 |
| സ്ത്രീകൾ | : | 272 |
| 4. കന്നുകാലിവളർത്തൽ - മത്സ്യവിൽപന | | |
| പുരുഷൻമാർ | : | 502 |
| സ്ത്രീകൾ | : | 25 |
| 5. കാറി തൊഴിലാളികൾ | : | |
| പുരുഷൻമാർ | : | 73 |
| സ്ത്രീകൾ | : | 3 |
| 6. കുടിൽ വ്യവസായം | : | |
| പുരുഷൻമാർ | : | 8 |
| സ്ത്രീകൾ | : | 8 |
| 7. മറ്റു വ്യവസായ തൊഴിലാളികൾ | | |
| പുരുഷൻമാർ | : | 210 |
| സ്ത്രീകൾ | : | 1198 |
| 8. നിർമ്മാണ തൊഴിലാളികൾ | | |
| പുരുഷൻമാർ | : | 102 |
| സ്ത്രീകൾ | : | 21 |
| 9. വ്യാപാരവും വാണിജ്യവും | | |
| പുരുഷൻമാർ | : | 373 |
| സ്ത്രീകൾ | : | 3 |
| 10.ഗതാഗതതൊഴിലാളികൾ | | |
| പുരുഷൻമാർ | : | 138 |
| സ്ത്രീകൾ | : | 1 |
| 11. മറ്റുതൊഴിലാളികൾ | : | |
| പുരുഷൻമാർ | : | 405 |
| സ്ത്രീകൾ | : | 91 |
| 12. സാധാരണ കൂലിവേലക്കാർ | | |
| പുരുഷൻമാർ | : | 128 |
| സ്ത്രീകൾ | : | 232 |

## AVERAGE TEMPERATURE AND RAINFALL FROM APRIL 1995 tO MARCH 1996

**Longitude : 75.00 East** **Latitude : 12.30 North**

| Months | Temperature | | Rainfall |
|---|---|---|---|
| | Maximum | Minimum | |
| April '95 Total<br>Mean | 996.5<br>33.2 | 696.5<br>23.2 | 26.4 mm |
| May '95 | 1012.2<br>32.7 | 733.7<br>23.7 | 213.2mm |
| June '95 | 901.5<br>30.1 | 687.4<br>22.9 | 863mm |
| July '95 | 867.9<br>27.8 | 661.6<br>21.3 | 1344.2mm |
| Aug '95 | 895.8<br>28.9 | 677.1<br>21.8 | 498.6mm |
| Sep '95 | 885.8<br>29.5 | 651.3<br>21.7 | 252.6 mm |
| Oct '95 | 962.7<br>31.1 | 661.1<br>21.3 | 150.6 mm |
| Nov '95 | 948.9<br>31.6 | 601.1<br>20.0 | 50.8 mm |
| Dec '95 | 1021.5<br>33.0 | 562.6<br>18.1 | 00.0 mm |
| January '96 | 991.8<br>32.0 | 660.2<br>21.3 | 00.4 mm |
| Feb '96 | 935.9<br>32.5 | 609.4<br>21.0 | 00.6 mm |
| March '96 | 1008.8<br>32.5 | 727.5<br>23.5 | 00 mm |

# 4

# പൊതു വിവരണം

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | : | പുത്തിഗെ ഗ്രാമ പഞ്ചായത്ത് |
| 2. ഗ്രാമങ്ങൾ | : | 1. ബാഡൂർ 4. പുത്തിഗെ<br>2. അംഗടിമുഗർ 5. എടനാട്<br>3. മുഗു 6. കണ്ണൂർ |
| 3. വാർഡുകൾ | : | 1. കണ്ണൂർ 6. ദേറഡ്ക്ക<br>2. അംഗടിമുഗർ 7. ബാഡൂർ<br>3. മുഗു 8. എടനാട്<br>4. പുത്തിഗെ_1 9. പുത്തിഗെ_2<br>5. ധർമ്മത്തടുക്ക |
| 4. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | പുത്തിഗെ |
| 5. താലൂക്ക് | : | കാസർകോട്. |
| 6. ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ബദിയഡുക്ക |
| 7. അസംബ്ലി മണ്ഡലം | : | മഞ്ചേശ്വരം |
| 8. വിസ്തീർണ്ണം | : | 39.61 ച.കി.മി. |
| 9. അതിരുകൾ | : | വടക്ക് : ബായാർ ഗ്രാമം<br>തെക്ക് : മൊഗ്രാൽ പുഴ<br>കിഴക്ക് : മൈരെ ഗ്രാമം<br>പടിഞ്ഞാറ് : ഇച്ചിലമ്പാടി ഗ്രാമം |
| 10. ജനസംഖ്യ | : | 16,486 |
| പുരുഷൻമാർ | : | 8,175 |
| സ്ത്രീകൾ | : | 8,311 |
| 11. മൊത്തം വീടുകൾ | : | 2560 |
| 12. ജനസാന്ദ്രത | : | 416/ ച.കി.മി. |
| 13. സാക്ഷരത | : | 79.47% |
| പുരുഷൻമാർ | : | 86.95% |
| സ്ത്രീകൾ | : | 72.13% |
| 14. പട്ടിക ജാതി_ആകെ | : | 1201 |
| പുരുഷൻമാർ | : | 607 |
| സ്ത്രീകൾ | : | 594 |
| 15. പട്ടികവർഗ്ഗം_ആകെ | : | 912 |
| പുരുഷൻമാർ | : | 460 |
| സ്ത്രീകൾ | : | 452 |

# ഭരണം

ബാഡൂർ, എടനാട്, അംഗടിമുഗർ വില്ലേജ് പഞ്ചായത്തുകൾ ചേർത്തു നിലവിൽ വന്ന പുത്തിഗെ ഗ്രാമ പഞ്ചായത്തിലെ പ്രഥമ ഭരണ സമിതി 1963 ഡിസംബർ 23 നാണ് അധികാരമേറ്റത്. പി.എ.ഷെരുൾ പ്രസിഡണ്ടും എച്ച്. ശങ്കരനാരായണഭട്ട് വൈസ് പ്രസിഡണ്ടുമായിരുന്ന ഈ സമിതിയിൽ ബി. നാരായണഭട്ടി, കെ.പി. മമ്മു, സി.എച്ച്. അബ്ദുൽ ഖാദർ, അംഗാര തുടങ്ങിയവർ അംഗങ്ങളായിരുന്നു.

1979 സെപ്തംബർ 28ന് നിലവിൽ വന്ന രണ്ടാം സമിതിയിൽ എ.എ.ഷെരുൾ പ്രസിഡൻറും ശ്രീമതി. സരസ്വതിയമ്മ വൈസ് പ്രസിഡൻറുമായിരുന്നു. എച്ച്. ഉള്ളാനെ ആൾവ, ബി.കെ. മുഹമ്മദ്, പി. കെ. അബ്ദുല്ല, എൻ. സുബ്രഹ്മണ്യൻ, പി. ബി. അബ്ദുല്ല, ഗണപതി ദിവാന എന്നിവർ അംഗങ്ങളായിരുന്നു.

1984 ഒക്ടോബർ 28 മുതൽ 1984 ഡിസംബർ ഫെബ്രുവരി 8 വരെ നമ്മുടെ പഞ്ചായത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണമാണ് നിലവിലിരുന്നത്.

1988 ഫെബ്രുവരി 9 മുതൽ 1995 നവംബർ 29 വരെ ബി. കെ. മുഹമ്മദ് മാസ്റ്റർ പ്രസിഡൻറും എൻ. സുബ്രഹ്മണ്യ ഭട്ട് വൈസ് പ്രസിഡൻറുമായിരുന്ന ഭരണസമിതിയിൽ സി. കെ. കുഞ്ഞാമു, എം. മുഹമ്മദ്കുഞ്ഞി, പി. കുഞ്ഞമ്പു നമ്പ്യാർ, എൻ. പ്രേമാവതി, എ. അമ്മുഷെട്ടി, [illegible] എന്നിവർ അംഗങ്ങളായിരുന്നു.

1995 സെപ്തംബർ മുതൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റത്. പി.എം. ഫാത്തിമത്ത് സുഹറ പ്രസിഡൻറും സി.വൈ. മുഹമ്മദ് വൈസ് പ്രസിഡൻറുമായ സമിതിയിൽ വി. ജയന്ത, പി. നാരായണൻ നമ്പ്യാർ, അഹമ്മദലി കയ്യംകൂടൽ, പി. ഇബ്രാഹിം, ചെനിയ ബാഡൂർ, എൻ. പ്രേമാവതി, ലക്ഷ്മി, വി. ഭട്ട് എന്നിവർ അംഗങ്ങളാണ്. പഞ്ചായത്ത്രാജ് സംവിധാനപ്രകാരം രൂപീകൃതമായ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായി പി. ഇബ്രാഹിം നേതൃത്വം നൽകിവരുന്നു.



## സാമൂഹ്യ സാമ്പത്തിക മേഖലകൾ

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജന ആരോഗ്യവും
- വ്യവസായം
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- പാർപ്പിടവും സാമൂഹ്യ ക്ഷേമവും
- സംസ്കാരം
- വനിത
- സഹകരണ മേഖല
- പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
- വിഭവ സമാഹരണം



# കൃഷിയും ജലസേചനവും

കാർഷിക വിഭവങ്ങൾ ധാരാളമായി ഉൽപ്പാദിക്കപ്പെടുന്ന പ്രദേശങ്ങൾ ചേർന്നതാണ് പുത്തിഗെ പഞ്ചായത്ത്. പരമ്പരാഗതമായി കൃഷി കുലത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന നൂറുകണക്കിന് പരിചയസമ്പന്നരായ കർഷകർ ഇവിടെയുണ്ട്.

പുത്തിഗെ , ബാഡൂർ, മുഗു, അംഗടി മുഗർ, കണ്ണൂർ, എടനാട് ഗ്രാമങ്ങൾ നല്ല കാർഷിക പൈതൃകമുളള സ്ഥലങ്ങളാണ്. ഉൽപ്പന്ന ചിലവ് കൂടിയതും വില തകർച്ചയും തൊഴിലാളികളുടെ ദൗർലഭ്യവും മൂലം നെൽകൃഷിയിൽ കർഷകർക്ക് താൽപര്യം കുറഞ്ഞുവരുന്നതായി കണ്ടുവരുന്നു. കൃഷിഭൂമി കർഷകന് ലഭിച്ചിട്ടുണ്ടെങ്കിലും ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ട് പരമ്പരാഗത കൃഷിക്കാർ കൃഷിയിൽ നിന്നും അകന്നുപോകുന്നതായി കാണുന്നു.

പട്ടിക 3-1 (അവലംബം: കൃഷിഭവൻ)
പട്ടിക 3-2 (അവലംബം : കൃഷിഭവൻ)
പട്ടിക 4 (അവലംബം: കൃഷിഭവൻ)
( അടുത്ത പേജിൽ )

നെല്ല്, തെങ്ങ്, കമുക്, കശുമാവ് എന്നിവയാണ് പ്രധാനപ്പെട്ട കൃഷികൾ. കുരുമുളക്, വാഴ, പയർ, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി, മുതിര, ഉഴുന്ന്, കൊക്കൊ എന്നിവ ഇടവിളയായി കൃഷിചെയ്തുവരുന്നു. പട്ടിക 2ൽ സൂചിപ്പിക്കുന്നത് പോലെ 400 ഏക്കർ സ്ഥലത്ത് നെല്ലും 337 ഏക്കർ സ്ഥലത്ത് തെങ്ങും 1072 ഹെക്ടർ സ്ഥലത്ത് കവുങ്ങും 500 ഹെക്ടർ സ്ഥലത്ത് കശുമാവും കൃഷി ചെയ്തുവരുന്നു. മലബാറിൽ പൊതുവെ അനുഭവപ്പെടുന്ന കാലാവസ്ഥ അതാത് കാലത്ത് ഇവിടെയും അനുഭവപ്പെടുന്നു. കാലവർഷം ജൂൺ മുതൽ നവംബർ വരെയാണ്. ഒക്ടോബർ മുതൽ ശൈത്യകാലവും ഫിബ്രവരി മുതൽ മെയ്വരെ ഉഷ്ണകാലവും അനുഭവപ്പെടുന്നു. പഞ്ചായത്ത് പ്രദേശങ്ങളിലൂടെ ഒഴുകുന്ന ഷിറിയ പുഴയുടെയും പുത്തിഗെ പുഴയുടെയും തീരപ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളം കെട്ടിനൽക്കുന്നതിനാൽ ഒന്നാം വിള നെൽകൃഷിയിറക്കാൻ സാധിക്കുന്നില്ല.

### പ്രധാന തോടുകൾ (By Transact Walk)

1. ഗുംപെ-മേപ്പോട് തോട് (ഷിരിയ പുഴയിൽ ചേരുന്നു)
2. പെർമുദെ-കോളാർ ( ഷിരിയ പുഴയിൽ ചേരുന്നു)
3. സൻട്ടിനടുക്ക തോട് ( ,, ,, )
4. ആൾചാർ - നോണക്കല്ല് (,, ,,)
5. നാട്ടക്കല്ല് - നെയ്മുഗർതോട് (പുത്തിഗെ പുഴയിൽ ചേരുന്നു)
6. മംട്ടമ്പാടി പുതിയങ്ങാടിതോട് (ഷിരിയ പുഴയിൽ ചേരുന്നു)
7. ബല്ലവളപ്പ് - പെരിയ മുഗർതോട് ( ,, ,,)
8. ബുളയാളം - കമ്മന്തിളം തോട് ( ,, ,, )
9. പെർഡാല- മുഗു-പുത്തിഗെ തോട് (പുത്തിഗെ പുഴയിൽ ചേരുന്നു
10. കറുവങ്കൂടൽ തോട് ( ,, ,, )

11. ഉർമ്മിനാട്ടക്കൽ-പുത്തിഗെ അമ്പലം തോട് ( ,, ,,)
12. അന്നടുക്ക-സങ്കായത്തോട് ( ,, ,, )
13. കാണാജെ- പാക്കമുഗർ തോട് ( ,, ,, )
14. കാണാജെ- പുത്തിഗെ തോട് ( ,, ,, )
15. പഞ്ചമളം - ഹൊസമനെ തോട് ( ,, ,, )
16. സീതാംഗോളി- കാരിഞ്ചത്തോട് (കുമ്പള പുഴയിൽ ചേരുന്നു)
17. കളത്തൂർ - കാരിഞ്ചത്തോട് ( ,, ,, )
18. എയ്യൂർ - മുന്നിപ്പാടി തോട് ( ,, ,, )
19. അംഗടി മുഗർ - ഷെറൂലാബാദ് (ഷിറിയാ പുഴയിൽ ചേരുന്നു)
20. മജൽ - തൊടയാർ തോട് (മൊഗ്രാൽ പുഴയിൽ ചേരുന്നു)
21. സിദ്ദിബയൽ - നാവൂർ കണ്ണൂർ ( ,, ,, )
22. അനന്തപുരം - ബൊണ്ണെമൂല ദേവസ്യ ( ,, ,, )
23. പെർണ - എടനാട് ( കുമ്പള പുഴയിൽ,, ,, )

പ്രധാന തോടുകൾ വഴി കൃഷിക്കാർക്ക് ജലസേചനം നടത്താൻ സാധിക്കുന്നില്ല. എല്ലാ തോടുകളും മണ്ണും, പൂഴിയും മൂടിക്കിടക്കുന്നതിനാൽ വെള്ളം ഒഴുക്കിന് തടസ്സ മുണ്ടാകുന്നു. ഇതുമൂലം വയലുകളിൽ പോലും കൃഷിയിറക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. തോടുകളെക്കുറിച്ച് സമഗ്രമായ പരിശോധന നടത്തി കൃഷിക്ക് ഉപയുക്തമാക്കാനുള്ള സംവിധാനമുണ്ടാക്കണം.

കുളങ്ങളും ക്രോസ്ബാറുകളും ഈ പഞ്ചായത്തിൽ പൊതുവേ കുറവാണ്. 60 കുഴൽക്കിണറുകളും 55 കുളങ്ങളും 10 ക്രോസ് ബാറുകളും ഈ പഞ്ചായത്തിലുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്നവയെ നന്നാക്കുവാനുള്ള സംവിധാനമുണ്ടാക്കുകയും വെള്ളമുപയോഗിച്ച് കൃഷിയിറക്കാൻ സൗകര്യമുണ്ടാക്കുകയും ചെയ്യേണ്ടതാണ്.

പട്ടിക 3-7 (അവലംബം: കൃഷിഭവൻ )

അംഗടിമുഗർ, പുത്തിഗെ, ബാഡൂർ, കണ്ണൂർ, മുഗു, എന്നീ നെൽവയലുകളിലായി 5 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു. 57290 തെങ്ങുകളിൽ 32980 കായ്ക്കുന്നവയും 24310 കായ്ക്കാത്തവയുമാണ്. ജലസേചന സൗകര്യം ലഭ്യമായാൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്തു ഉൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

പ്രധാന നാണ്യവിളകളായ കശുമാവും, കവുങ്ങും ഇന്ന് പ്രതിസന്ധിയിലാണ്. മഹാളിരോഗം കവുങ്ങിനെ ബാധിക്കുന്നു. ദ്രുതവാട്ടം മൂലം കുരുമുളക് കൃഷി നശിക്കുന്നു.

മഴക്കാലത്ത് മഴവെള്ളമുപയോഗിച്ച് പഞ്ചായത്തിലെ എല്ലാ തരിശു പ്രദേശത്തും പച്ചക്കറി കൃഷിചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. കൃഷിക്ക് രാസവളപ്രയോഗം നിരന്തരമായി നടത്തുന്നതിനാൽ മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രാസവളപ്രയോഗമല്ല ഇവിടെ ചെയ്തുവരുന്നത്. കീടനാശിനി പ്രയോഗത്തിലും രാസവളം ഉപയോഗിക്കുന്നതിലും കൃഷിക്കാർക്ക് ശരിയായ പരിശീലനം നൽകേണ്ടതുണ്ട്. ജൈവവളം മിതമായിട്ടെങ്കിലും ഉപയോഗിക്കുന്നതിനെ കൂടുതലായി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

അംഗടിമുഗർ, മുഗു, എടനാട് സഹകരണബേങ്കുകളും, പുത്തിഗെ ഗ്രാമീണ ബേങ്കും, കാസർകോട് കൃഷി വികസന ബാങ്കുമാണ് പഞ്ചായത്തിലെ കാർഷിക വായ്പകൾ ലഭ്യമാക്കുന്ന പ്രധാന വായ്പാ സ്ഥാപനങ്ങൾ.

ഉഴുന്നതിന് പോത്തുകളേയും കാളകളേയും ഉപയോഗിക്കുന്നതിന് പകരം പ്യാടീട്രില്ലറുകളാണ് ഇന്ന് നിലവിലുള്ളത്. കൃഷിഭവൻ മുഖേന കൂടുതൽ ട്രില്ലറുകൾ ലഭ്യമാക്കണം.

മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച നാടൻ നെൽവിത്തുകൾ ഉപയോഗിച്ചിരുന്ന പഴയ കാലത്തേക്ക് നാം തിരിച്ചുപോകാൻ തയ്യാറാവണം. വിളകൊയ്ത്തിന് ശേഷം നെൽപാടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തണം.

പുതിയ ഇനം നടീൽ വസ്തുക്കളുടെ അഭാവം ജൈവ-രാസവളങ്ങളുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ചുള്ള അറിവില്ലായ്മ, നൂതന കൃഷിരീതികൾ സ്വീകരിക്കുന്നതിനുള്ള വിമുഖത, കാർഷിക വിളകൾക്ക് വില ലഭിക്കാതിരിക്കൽ, നെൽകൃഷികൊയ്യുന്നതിന് തൊഴിലാളികളുടെ അഭാവം, കൃഷിഭവൻ ഓഫീസിന്റെ സേവനം മനസ്സിലാക്കാതിരിക്കൽ, പാടശേഖര കമ്മിറ്റികളുടെ സജീവ പങ്കാളിത്തമില്ലായ്മ എന്നിവ പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

1. നെൽകൃഷിയുടെ ഉൽപ്പാദനംകൂടിയതിനാലും ഉൽ

പ്പന്നങ്ങൾക്ക് വിലക്കുറവായതിനാലും കൃഷിയിൽതാൽപ്പര്യം കാണിക്കുന്നില്ല.

2. ഷിരിയാ, പുത്തിഗെ പുഴകളുടെ പാർശ്വങ്ങൾ ഇടിഞ്ഞുപോകുതിനാൽ നെൽ പാടങ്ങൾക്കും കൃഷിക്കും നാശം സംഭവിക്കുന്നു. വയലുകളിൽ ഒന്നാം വിള ഇറക്കാൻ സാധിക്കാതെ വരുന്നു.

3. നെൽ കൃഷിക്കാവശ്യമായ പ്രോൽസാഹനം ബന്ധപ്പെട്ട വകുപ്പിൽ നിന്നു ലഭിക്കുന്നില്ല. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നിലവിലില്ല. പാടശേഖര സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

4. കാർഷിക മേഖലയിൽ ആധുനിക കൃഷിസമ്പ്രദായം സ്വീകരിക്കാൻ കർഷകർ തയ്യാറാകുന്നില്ല.

5. ധനകാര്യ സ്ഥാപനങ്ങളിൽ കൃഷിക്കാർക്ക് ആവശ്യമായ ധനസഹായം കൃത്യ സമയത്ത് ലഭിക്കുന്നില്ല.

6. വോൾട്ടേജ് ക്ഷാമം, ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാതിരിക്കുക ഇവ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

7. യുവതീ-യുവാക്കൾ പാടത്ത് ജോലിചെയ്യുന്നതിൽ താൽപ്പര്യം കാണിക്കുന്നില്ല.പഞ്ചായത്തിലെ ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, മൺതരം, കൃഷി, പരിസ്ഥിതി പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ സൂചിപ്പിക്കുന്ന പട്ടിക അന്യത്ര ചേർക്കുന്നു.

പട്ടിക A ( അവലംബം: (Transact walk)

## സാധ്യതകൾ:

1. കണ്ണൂർ ദേവസ്യ തോടിന് അണക്കെട്ട് നിർമ്മിക്കുക. തോട്ട എന്ന സ്ഥലത്തെ നിലവിലുള്ള അണക്കെട്ട് നശിച്ചുപോയത് പുനർ നിർമ്മിക്കുക.

2. കാണാജെ-കല്ലടംബി എന്ന സ്ഥലത്ത് ജല ശേഖരണ സംഭരണി നിർമ്മിച്ച് 20 ഏക്കർ സ്ഥലത്ത് കൃഷിയോഗ്യ മാക്കാവുന്നതാണ്.

3. സിദ്ദിബയൽ എന്ന സ്ഥലത്ത് ജലസംഭരണിയിൽ നിന്ന് വെള്ളമൊഴുകുന്ന തോടിന്റെ ഇരുവശവും ഇടിഞ്ഞത് റിപ്പയർ ചെയ്യണം.

4. മുകാരിക്കണ്ടം അണക്കെട്ടിന്റെ ചോർച്ച ഒഴിവാക്കി ശാസ്ത്രീയമായ പുനർ നിർമ്മാണം നടത്തിയാൽ തൊട്ടടുത്ത 60 ഏക്കർ സ്ഥലം നെൽകൃഷിയോഗ്യമാക്കാവുന്നതാണ്.

5. ദേലമ്പാടി, പള്ളത്തടുക്ക, വർക്കൂടൽ, മംഗ്ലമ്പാടി, ബാരബൈട്ടു, ബെറുവം, പെരിയ മുഗർ, കോരിക്കാർ, കമ്മത്തിളം, ആമനെ, അന്നടുക്കം, ചേവ, പെർണ ബേര്യ തോടുകളിൽ നിറഞ്ഞ മണ്ണ് മാറ്റി വെള്ളം ഒഴുകുവാൻ സംവിധാനമുണ്ടാക്കണം. എന്നാൽ ഈ ഭാഗങ്ങളിലെ വയലുകളിൽ ഒന്നും രണ്ടും മൂന്നും വിള ഇറക്കാവുന്നതാണ്.

6. ബീരിക്കാനം-ബള്ളം ബെട്ടുവിന് മദ്ധ്യേ ഷിരിയാ പുഴ, ചേക്കട്ട ചാൽ, ബീരിക്കനം ഭാഗങ്ങളിൽ പുത്തിഗെ പുഴ, ഹെദ്ദാരിക്കട്ടെ, ഉപ്പിനെ തോട്, സൻട്ടിനടുക്ക-ഗുണ്ടിത്തടുക്ക തോട്, നാട്ടക്കൽ ഉർമിതോട്, പായവളത്തോട്, ആമനെതോട് എന്നിവിടങ്ങളിൽ നടപ്പാല-ക്രോസ് ബാറുകൾ നിർമ്മിക്കണം.

7. കാണാജെ പുത്തിഗെ തോടുകൾ പുനർനിർമ്മാണം നടത്തണം. പുത്തിഗെ ഷിരിയ പുഴകളിലെ ഇരുവശവും കരിങ്കൽ ഭിത്തികെട്ടി വെള്ളപ്പൊക്ക കൊടുതികൾ തടയാൻ സംവിധാനമുണ്ടാക്കണം.

8. മൊഗർ ടാങ്കിനെ ശാസ്ത്രീയമായി റിപ്പയർ ചെയ്ത് പമ്പ്സെറ്റ് സ്ഥാപിച്ച് നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കണം.

9. എടനാട്, തോട്, കോടിച്ചാൽ, കാമനബയൽ എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കണം.

10. ഷിരിയാ അണക്കെട്ട് സംരക്ഷണത്തിനായി ഉദ്യോഗസ്ഥരെ നിയമിക്കുകയും അതിന്റെ അറ്റകുറ്റപ്പണി കൃത്യസമയത്ത് തന്നെ നടത്തുകയും തോടിന്റെറയും, അണകെട്ടിന്റെറയും ഇരുവശങ്ങളിലും കരിങ്കൽ ഭിത്തികെട്ടുകയും ചെയ്യണം.

11. പഞ്ചായത്തിനെ പച്ചക്കറി ഗ്രാമമായി പരിഗണിച്ച് മഴക്കാലത്ത് മുഴുവൻ തരിശ്ഭൂമി പ്രദേശങ്ങളിലും

പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ പൊതുതീരുമാനമുണ്ടാകണം.

12. ബാഡൂർ ചേവാ റോഡ് മുതൽ പുഴവരെ ഒരു കിലോമീറ്റർ കൃഷിഭൂമിയിൽ മഴവെള്ളം നിറഞ്ഞ് കൃഷിനാശം സംഭവിക്കുന്നതിനാൽ അത് ഒഴിവാക്കുവാൻ സംവിധാനമുണ്ടാക്കണം.

13. ബീരിക്കാനം, പുതിയങ്ങാടി, ചാലിയാർ കടവ്, പെരിയമുഗർ, ദേലമ്പാടി-ദേവവകായം, നെയ്മുഗർ കംപം, ആമനെ, പുത്തിഗെ ജംഗ്ഷൻ എന്നിവിടങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിച്ച് കൃഷിക്ക് വെള്ളം ലഭ്യമാക്കേണ്ടതാണ്.

14. കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകളും തൈകളും കൃത്യസമയത്ത് വിതരണം ചെയ്യണം.

15. മുകാരിക്കണ്ടത്തിലെ മോട്ടോർ റിപ്പയർ ചെയ്യണം.

16. ഓണിബ്ബാഗിൽ, പരപ്പള, ചേക്കട്ടച്ചാൽ, നെയ്മുഗർ വരെ കൃഷി അവിവൃദ്ധിപ്പെടുത്തുന്നതിന് ലക്ഷ്യം വെച്ച് നിർമ്മാണം തുടങ്ങിയ അണക്കെട്ട് തോടിന്റെ പണി പൂർത്തിയാക്കിയാൽ ഈ ഭാഗങ്ങളിൽ പുതുതായി നെൽകൃഷിയിറക്കാവുന്നതാണ്.

17. അംഗടിമുഗർ പാടശേഖര കമ്മിറ്റിയുടെ കീഴിലുള്ള പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് പുഴയുടെ മദ്ധ്യത്തിലായി കിണർ റിങ്ങ് സ്ഥാപിച്ച് കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കണം.

18. ദേവസ്യയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് കോളാർ, ബൊട്ടം എന്നിവിടങ്ങളിലെ 50 ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കണം.

19. ബംബ്രാണ അണക്കെട്ട് പൂഴിതടഞ്ഞുനിർത്തുന്നതിനാൽ ഷിരിയ പുഴയിൽ മണൽനിറഞ്ഞുവരുന്നത് ഇത് മൂലം വയലുകളിൽ വെള്ളം കെട്ടിക്കിടക്കുന്നു. കൃഷി ഇറക്കാൻ സാധിക്കുന്നില്ല. ബംബ്രാണ അണക്കെട്ടിൽ പൂഴി ഒലിച്ചുപോകുന്നതിന് ശാസ്ത്രീയമായ സംവിധാനമുണ്ടാക്കണം.

20.പുത്തിഗെ പുഴയുടെ പഞ്ചമ്പളത്ത് നിന്ന് വികാസ് നഗർ, കട്ടത്തടുക്ക, പുത്തിഗെ എന്നീ സ്ഥലങ്ങളിലെ തരിശുഭൂമി ലിഫ്റ്റ് ഇരിഗേഷൻ വഴി ജലവിതരണം നടത്തി കൃഷിയോഗ്യമാക്കണം.

21. കാണാജെ മുതൽ പുത്തിഗെ പുഴവരെയുള്ള തോടിന്റെ ഇരുവശവും കെട്ടി കൃഷിസ്ഥലത്തെ മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയണം.

22. കാർഷികോപകരണങ്ങളായ ട്രില്ലർ, ട്രാക്ടർ, മുതലായവ കർഷകർക്ക് വാടകയ്ക്ക് ലഭ്യമാക്കണം.

23. കൃഷിഭവൻ പ്രവർത്തനം സൂരംബയൽ പ്രദേശത്തേക്ക് വ്യാപിപ്പിക്കണം.

24. പൊസട്ട് ഗുംപയുടെയും മറ്റു മലകളുടെ ചെരിവുകളിൽ വെള്ളത്തിന്റെ ഉറവകൾ ഉള്ളതായി കാണുന്നു. അവയൊക്കെ ടാങ്ക് ഉണ്ടാക്കി കെട്ടിനിർത്തി കൃഷിക്ക് ഉപയോഗിക്കാൻ സംവിധാനമുണ്ടാക്കണം.

25. കാർഷിക രംഗത്തെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റുജോലികളും കർഷകർ മാത്രം ഉൾപ്പെടുന്ന ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കണം.

26. കമുക് കൃഷിക്ക് ഉണ്ടാകുന്ന രോഗങ്ങളെ തടയുന്നതിന് കർഷകർക്ക് പരിശീലനം സംഘടിപ്പിക്കുകയും പ്രധാന നാണ്യവിളയാക്കി മാറ്റുന്നതിനാവശ്യമായ എല്ലാ സഹായവും നൽകണം.

27. വയലുകളിൽ പച്ചക്കറി പയറുവർഗ്ഗങ്ങൾ മധുരക്കിഴങ്ങ് എന്നിവയുടെ മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കണം. അനുഭവസ്ഥ കൃഷിക്കാരുടെ സേവനം ഉപയോഗപ്പെടുത്താൻ സംവിധാനമുണ്ടാക്കണം. മാതൃകാ കൃഷിത്തോട്ടങ്ങൾ പഞ്ചായത്ത് തലത്തിൽ അർഹമായ അംഗീകാരം നൽകുകയും മികച്ച കർഷകർക്ക് പ്രോത്സാഹനം നൽകുകയും വേണം.

28. കൊപ്ര, കമുക്, കശുവണ്ടി, എന്നീ നാണ്യവിളകളുടെ സംരഭണകേന്ദ്രങ്ങൾ ഉണ്ടാക്കണം. അർഹമായ വില എല്ലാ സമയത്തും ഉറപ്പ്വരുത്തണം.

29. രോഗംമൂലം നശിക്കുന്ന തെങ്ങുകൾക്ക് പകരം തെങ്ങുനട്ടുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം യഥാസമയം ലഭ്യമാക്കണം.

30. വെള്ളം എളുപ്പം ലഭ്യമാകുന്ന സ്ഥലങ്ങളിൽ കർഷകർക്ക് കുളം കുഴിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം.

31. ക്രോസ് ബാറുകൾ നിർമ്മിക്കുമ്പോൾ തോടിന്റെ ഇരുവശത്തും പാടങ്ങൾ ഒരേ നിരപ്പിൽ അല്ലെങ്കിൽ വെള്ളം വയലുകളിൽ എത്തിക്കുന്നതിൽ തടസ്സമുണ്ടാകുന്നു. താഴ്ന്ന പ്രദേശത്തെ തോടിന് സമാന്തരമായി ഒരു കൈ തോടുകൾ നിർമ്മിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

32. പഞ്ചായത്ത് തലത്തിൽ കർഷക തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുകയും ജോലി സമയം നിശ്ചയിച്ചുകൊടുക്കുകയും വേണം. നെൽ കൃഷി തൊഴിലാളികളെ സംഘടിതമായി വാർഡ് തലത്തിൽ മുൻകൂട്ടി നിശ്ചയിക്കുകയും അവരുടെ സേവനം എല്ലാ കർഷകർക്കും ലഭ്യമാക്കുകയും വേണം. അതിനാവശ്യമായ സംവിധാനമുണ്ടാക്കണം.

33. തോടുകൾ, കുളങ്ങൾ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട പ്രദേശത്തിലെ കൃഷിക്കാരെത്തന്നെ ചുമതലപ്പെടുത്തണം. അതിനുള്ള സാമ്പത്തിക സഹായം അവർക്ക് കൃത്യ സമയത്ത് തന്നെ എത്തിക്കണം.

34. കൃഷി സംബന്ധമായ എല്ലാ പദ്ധതികളുടെയും വിശദവിവരം കർഷകരെ അറിയിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുവാനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനും സഹായിക്കാൻ പഞ്ചായത്തിൽ ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിക്കണം. എല്ലാ പദ്ധതികളെക്കുറിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വാർഡ്മെമ്പർമാരെ രേഖാമൂലം യഥാസമയം അറിയിക്കണം. അവരുടെ മാത്രം യോഗം വിളിച്ചു പദ്ധതികളെക്കുറിച്ചു വിശദീകരണം നൽകണം. പദ്ധതി അവസാനിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നടത്തിപ്പിന്റെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കണം. റിപ്പോർട്ടിൽ പദ്ധതിയെക്കുറിച്ച് സഹകരിച്ചവരെക്കുറിച്ചും സഹകരിക്കാത്തവരെക്കുറിച്ചും പരാമർശമുണ്ടാവണം.

35. കട്ടത്തട്ക്ക-കാണാജെ-പുത്തിഗെ തോടിന്, മൂല ഹാജിയുടെ വീടിന് താഴെ ക്രോസ് ബാർ RS No. 27/4 ൽ നിർമ്മിക്കണം. ഇത് മൂലം 10 ഏക്കർ സ്ഥലത്തെ കൃഷിക്ക് ഈ ജലം ഉപയോഗിക്കാവുന്നതാണ്.

36. ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം നിർമ്മിച്ച കുളങ്ങളും കിണറുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തു ഉപയുക്തമാക്കണം.

37. നാട്ടക്കൽ-കോടിച്ചാൽ തോടിന് ഇരുവശവും കരിങ്കൽ ഭിത്തികെട്ടി കൃഷിയോഗ്യമാക്കണം.

നടപ്പ് പദ്ധതികൾ (1996-1997) (പട്ടിക കാണുക.)

## നടപ്പ് പദ്ധതികൾ (1996-1997)

(അവലംബം:- കൃഷിഭവൻ പുത്തിഗെ)

| ക്രമനമ്പർ | പദ്ധതിയുടെ പേര് | വിശദവിവരം | അനുവദിച്ച തുക |
|---|---|---|---|
| 1. | സാമൂഹ്യ ജലസേചന പദ്ധതി | കിണർ 13+ 45 = 58 | 1,62,000 രൂ. |
| | | പമ്പ്സെറ്റ് 12+ 60 =72 | 1, 45,000 രൂ. |
| | | SC / ST കിണർ - 1 | 10,000 രൂ. |
| | | മരുന്നുതളിയന്ത്രം -7 | 7,000 രൂ. |
| | | തെങ്ങുകയറ്റുയന്ത്രം -2 | 1,000 രൂ. |
| | | പച്ചവളച്ചെടി വിത്ത് 650 kg | 1,950 രൂ. |
| 2. | കമുക് കൃഷി വികസനം | കമുകിന്റെ മഹാളി രോഗം തടയൽ | 60,000 രൂ. |
| | | ജലസേചന യൂണിറ്റ് കിണർ, പമ്പ് സെറ്റ് | 4,000 രൂ. |
| | | കമുകിന്റെ മഞ്ഞളിപ്പ് രോഗം (200) | 20,000 രൂ. |
| | | മരുന്നുതളിയന്ത്രം | 900 രൂ. |

| | | | |
|---|---|---|---|
| 3. | നെൽകൃഷി<br>കൂട്ടുകൃഷി പദ്ധതി | നെൽകൃഷി പ്രോത്സാഹന<br>ബോണസ് | 40,000 രൂ. |
| 4. | കശുമാവ് കൃഷി<br>വികസനം. | കശുമാവ് രണ്ടാം വർഷം<br>3-ാം വർഷം 18 ഹെക്ടർ<br>കശുവണ്ടി ടോപ്പ് വർക്കിങ്ങ്<br>6-ാം വർഷം 3 ഹെക്ടർ<br>കൃഷിസ്ഥല വികസനം<br>5-ാം വർഷം 11 ഹെക്ടർ<br>4-ാം വർഷം 11 ഹെക്ടർ<br>കശുമാവ് പുതുതായി കൃഷി<br>4800 എണ്ണം ( 3 രൂപ വീതം )<br>നെൽവിത്ത് 1300 kg<br>മിനികിറ്റ് ( 70 കിറ്റ് )<br>മമ്പയർ 200 (വിലയ്ക്ക് രൂ. 25/kg)<br>( 50% സബ്സിഡി-12.50 രൂ.) | 15,000 രൂ.<br>27,000 രൂ.<br><br>5,940 രൂ.<br><br>850 രൂ.<br>1,700 രൂ.<br><br>14,400 രൂ.<br>5 രൂപ വീതം.<br>2 രൂപ വീതം.<br>2,500 രൂ. |
| 5. | പൾസസ്<br>വികസന പദ്ധതി | മമ്പയർ കീടനാശിനി<br>145 രൂ. വീതം<br>ചെറുപയർ , മിനിക്കിറ്റ് | 1,450 രൂ.<br><br>1 രൂപ ചാർജ്. |
| 6. | പയർകൃഷി വികസനം | മമ്പയർ കീടനാശിനി<br>പച്ചിലവള വിത്ത്<br>കൊക്കോ ചെടി<br><br>കമുങ്ങിൻതൈ ജനറൽ<br>തെങ്ങിൻതൈ 250 എണ്ണം<br>IRD Seeding100 എണ്ണം | 1 രൂപ ചാർജ്.<br>സൗജന്യം<br>10 രൂപ വില<br>(സബ്സിഡി 5 രൂപ)<br>1 രൂപ വില<br>15 രൂപ വില<br>18 രൂപ വില |
| 7. | DRDA പദ്ധതി<br>ഫലവർഗ്ഗ വികസനം | WCT<br>മാങ്ങ, ചെറി (കിറ്റ്)<br>പേരക്ക, ചമ്പക്ക<br>കുരുമുളക് വള്ളി 8000 എണ്ണം<br>തുരിശ്, കുമ്മായം,<br>കീടനാശിനി / 700 kg വീതം | <br>1 രൂപ വീതം<br><br>സൗജന്യം |

## പുത്തിഗെ ഗ്രാമ പഞ്ചായത്ത്

പട്ടിക 3:1 ഭൂമി സംബന്ധിച്ച വിവരങ്ങൾ ( അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ )

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 200 HA |
| പുരയിടം | 1775.93HA |
| പുറമ്പോക്ക് | 295.49 HA |
| കൃഷിയോഗ്യ തരിശ് | 168.00 HA |
| കൃഷിയേഗ്യമല്ലാത്ത തരിശ് | 700.00 HA |
| ആകെ | 3139.42 HA |

## പുത്തിഗെ ഗ്രാമ പഞ്ചായത്ത്

പട്ടിക 3:4 ജലസേചന സൗകര്യങ്ങൾ

| വാർഡ് നമ്പർ | പൊതുജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് ഹെ |
|---|---|---|---|---|---|
| 1 | - | 6 | 7 | 2 | - |
| 2 | - | 3 | 10 | 1 | - |
| 3 | - | 5 | 4 | 1 | - |
| 4 | - | 5 | 6 | 1 | - |
| 5 | - | 4 | 3 | - | - |
| 6 | - | 8 | 4 | - | 1 |
| 7 | - | 3 | 2 | - | - |
| 8 | - | 4 | 4 | - | - |
| 9 | - | 3 | 3 | - | - |
| Total | - | 41 | 43 | 5 | 1 |

## പുത്തിഗെ ഗ്രാമ പഞ്ചായത്ത്

പട്ടിക 3:2 വിളവിസ്തീർണ്ണവും ഉൽപാദനവും ( അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ )

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉത്പാദന ക്ഷമത (ഹെ ) |
|---|---|---|---|
| നെല്ല്( ഒന്നാം വിള) | 0150HA | 1800Kg/HA | 2200Kg/HA |
| നെല്ല് ( രണ്ടാം വിള) | 200HA | 2000Kg/HA | 2300Kg/HA |
| നെല്ല് ( മൂന്നാം വിള ) | 50HA | 1600Kg/HA | 1900Kg/HA |
| പയർ | 20HA | 170Kg/HA | 200Kg/HA |
| എള്ള് | 5HA | 120Kg/HA | 160Kg/HA |
| പച്ചക്കറികൾ | 50HA | 600Kg/HA | 750Kg/HA |
| തെങ്ങ് | 337HA | 493NUT /HA | 6000NUT/HA |
| വാഴ | 100HA | 6000Kg/HA | 8000Kg/HA |
| മരച്ചീനി | 10HA | 14500Kg/HA | 20000Kg/HA |
| കുരുമുളക് | 50HA | 200Kg/HA | 750Kg/HA |
| പ്ലാവ് | 20HA | NIL | NIL |
| കശുമാവ് | 500HA | 570Kg/HA | 820Kg/HA |
| മാവ് | 10HA | - | - |
| റബ്ബർ | 15HA | - | - |
| കവുങ്ങ് | 1072.42HA | 191380NUTS/HA | 2,13,409NUTS /HA |

പട്ടിക 3:7

| വാർഡ് നമ്പർ | തെങ്ങു കൃഷി വിസ്തീർണ്ണം | പുത്തിഗെ ഗ്രാമപഞ്ചായത്ത് തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ്റോട്ട് | ബഡ്റൂട്ട് | സെറ്റം ബ്ലീഡിംഗ് | മറ്റുള്ളവ | |
| 1 | 35 H | 2550 | 3400 | 5950 | - | 100 | 350 | 50 | - | 500 |
| 2 | 40H | 3060 | 3740 | 6800 | - | 125 | 300 | 35 | - | 460 |
| 3 | 45H | 3400 | 4250 | 7650 | - | 100 | 380 | 40 | - | 520 |
| 4 | 42H | 2890 | 4250 | 7140 | - | 150 | 200 | 50 | - | 400 |
| 5 | 30H | 3060 | 2040 | 5100 | - | 75 | 100 | 60 | - | 235 |
| 6 | 25H | 2040 | 2210 | 4250 | - | 50 | 60 | 55 | - | 165 |
| 7 | 35H | 3570 | 2380 | 5950 | - | 80 | 125 | 70 | - | 275 |
| 8 | 45H | 2040 | 5610 | 7650 | - | 150 | 210 | 90 | - | 450 |
| 9 | 40H | 1700 | 5100 | 6800 | - | 100 | 250 | 100 | - | 450 |
| TOTAL | | 24310 | 32980 | 57290 | | 930 | 1975 | 550 | | 3455 |

പട്ടിക – എ.

| ക്രമ നമ്പർ | പ്രധാന സ്ഥലം | ഉൾപ്പെടുന്ന പ്രദേശം | ഭൂപ്രകൃതി | മണ്ണിനം | കാർഷിക ഉൽപന്നങ്ങൾ | പരിസ്ഥിതി പ്രശ്നം | മറ്റു പ്രശ്നങ്ങൾ | പരിഹാരം | നേട്ടം |
|---|---|---|---|---|---|---|---|---|---|
| 1. | തൊടയാർ | കുദലം, ചോടാല, മജൽ | കുന്ന്, ചെരിവ് സമതലം | കരിമണ്ണ്, ചരൽമണ്ണ് | നെല്ല്, തെങ്ങ്, അടയ്ക്ക | മണ്ണൊലിപ്പ് നീർക്കെട്ട് | വൈദ്യുതി ഇല്ല. | 1) സസ്യാവരണം നിർമ്മിക്കണം 2) തോടുകൾ നിർമ്മിക്കണം. | കാർഷിക ഉൽപ്പാദനവും പച്ചക്കറി കൃഷിയും വർദ്ധിപ്പിക്കും. |
| 2. | കണ്ണൂർ | നാവൂർ, മദനകുളി, കണ്ണൂർ, കോരിത്തളം, ദേവസ്യ, സിദ്ദിബയൽ, തച്ചിനടുക്കം, പെർണെ. | വയൽപ്രദേശം, ചരിവ്,കുന്ന് | കളിമണ്ണ്, കരിമണ്ണ് ചരൽമണ്ണ് ചെമ്മണ്ണ് | കശുവണ്ടി തെങ്ങ് കവുങ്ങ് | തോടിന്റെ സൈഡ് കെട്ടണം. | 1)ജല ദൗർലഭ്യം നേരിടുന്നു. 2)ഗതാഗത സൗകര്യം ഇല്ല | മൊഗ്രാൽ പുഴയിൽ ചേരുന്ന നാവൂരിൽ തോടിനെ പരമാവധി ഉപയോഗിക്കണം. മറ്റുതോടുകളും കുളങ്ങളും കൂടുതൽ ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കണം | ജലസേചന സൗകര്യവും കുടിവെള്ള ക്ഷാമവും പരിഹരിക്കാം. അടയ്ക്ക കൃഷി വർദ്ധിപ്പിക്കാം. |
| 3. | കാമനബയൽ | പൊട്ടോരി ബെണ്ണെമൂലെ | കുന്ന് സമതലം | ചെമ്മണ്ണ് പാറ | തെങ്ങ് അടയ്ക്ക | മണ്ണൊലിപ്പ് | ജലദൗർലഭ്യം | സസ്യാവരണം നിർമ്മിക്കണം.തോടുകൾക്ക് തടയണ നിർമ്മിക്കണം. | തെങ്ങ് കൃഷി പച്ചക്കറി വർദ്ധിപ്പിക്കാം. |
| 4. | അനന്തപുരം | ദേവറഗുഡ്ഡെ, ബണ്ടിയടുക്ക പെർണെ പള്ളം | പാറ പ്രദേശം | ചെമ്മണ്ണ് | തെങ്ങ് അടയ്ക്ക | | ഗതാഗത സൗകര്യം ഇല്ല | ബോർവെൽ സഹായത്തോടെ കൃഷി നടത്തണം. | |
| 5. | പെർണെ | ഗുണ്ടിയടുക്ക, സിദ്ധിബയൽ, തച്ചിനടുക്ക, ദൊഡ്ഡടുക്ക, നൊക്കോട്ടി | പാറ സമതലം | പാറ, പൂഴിമണ്ണ് | നെല്ല്, അടയ്ക്ക | തോടിന്റെ സൈഡ് കെട്ടണം | വെള്ളവും വൈദ്യുതിയും ഇല്ല. | | കൃഷിവർദ്ധിപ്പിക്കാം, നെല്ല്, അടയ്ക്ക വർദ്ധിപ്പിക്കാം |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 6. | സീതാംഗോളി | എസ്.ബി.നഗർ, പള്ളത്തടുക്ക, സീതാംഗോളി, കാവേരിക്കാനം, കുക്കുപുളി, സൂരംബയൽ, ഹെദ്ദാരിക്കട്ടെ, കെസറ പള്ള,കുള, ബ്രഹ്മം കല്ല് | പാറ സമതലം | പാറ, പുഴി മണ്ണ് ,ചെമ്മണ്ണ് | തെങ്ങ്, അടയ്ക്ക | മണ്ണൊലിപ്പ് | ജലദൗർലഭ്യം വൈദ്യുതി ഇല്ല. | 1) സസ്യാവരണങ്ങൾ വേണം | കൃഷി വർദ്ധിപ്പിക്കാം |
| 7. | എടനാട് | അജ്ജക്കാന, നടുമനെപാടി, ഉണ്ടെമനെ, ഹൊസമനെ, ശുദ്രംപാടി, മുന്നിപ്പാടി, ദൊഡ്ഡമാണി, കാരിഞ്ച ഹളെമനെ, കോടിമൂല, എയ്യൂർ, സജങ്കില, ആരോളി, ഒഡ്യല, മുണ്ടോട്ല്യു. | നിമ്നോന്നത പ്രദേശം | കരിമണ്ണ് ചരൽമണ്ണ് ചെമ്മണ്ണ് | റബ്ബർ, കൊക്കോ, കമുക്, തെങ്ങ്, നെല്ല് | തോടിന്റെ സൈഡ് കെട്ടണം. | മഴക്കാലത്ത് വെള്ളം കൂടുതലും വേനൽക്കാലത്ത് കുറവും. | തോടിന് ബണ്ട് കെട്ടണം. ജലസേചന സൗകര്യം വേണം. | കൃഷി വർദ്ധിപ്പിക്കാം. |
| 8. | മുഗു റോഡ് | മുഗുറോഡ്, മുകാരിക്കണ്ടം, മറക്കാട്, മുണ്ടാൻത്തടുക്കം, മുണ്ടക്കാനം, എ.കെ.ജി. നഗർ, കെദോടി, മുഹിമ്മാത്ത് നഗർ. | സമതലം | ചരൽമണ്ണ് വെട്ട്കല്ല്മണ്ണ്. | തെങ്ങ് കശുമാവ്, നെല്ല് | ജലക്ഷാമം | ബ്രഹ്മംകല്ല് അണകെട്ട് ചോർച്ചമൂലം വെള്ളം നഷ്ടപ്പെടുന്നു. | അണക്കെട്ട് ശാസ്ത്രീയമായി പുനർനിർമ്മിക്കണം. | മുകാരിക്കണ്ടം ഭാഗങ്ങളിൽ കൃഷിയോജ്യമാക്കാം. കുടിവെള്ള ക്ഷാമം പരിഹരിക്കാം. |
| 9. | ഊജംപദവ് | പൊന്നങ്കളം, പന്നിമാവിൻറെടിയിൽ, ബേര്യ, കോടി, ചക്കണിഗെ, മരിക്കുഞ്ച, തോട്ടം | കുന്നിൻ പ്രദേശം | ചെമ്മണ്ണ് | കശുമാവ് തെങ്ങ്, | മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. | ജലക്ഷാമം | ചരിവ് തട്ടുകളാക്കി ജലസേചന സൗകര്യം ഏർപ്പെടുത്തുക. | കശുമാവ് കൂടുതൽ വെച്ചാൽ മണ്ണൊലിപ്പ് തടയാം. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 10. | കൊല്ലക്കണ്ടം | ഉറുമി, പൊട്ടുവളം, നാട്ടക്കല്ല്. | കുന്നിൻ പ്രദേശം സമതലം | ചെമ്മണ്ണ് | തെങ്ങ്, അടയ്ക്ക, വാഴ | മണ്ണൊലിപ്പ് | ജലക്ഷാമം | തട്ടുകളാക്കി ജല സേചനം | കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യാം |
| 11. | തെക്കൻമൂല | ചാരളടുക്കം, നിടുവളം, പാട്ലഡുക്ക, മുണ്ട്യത്തടുക്കപെളളം ,ബാപ്പാനിപ്പനം. | കുന്നിൻ പ്രദേശം | പാറകളും ചരിഞ്ഞ പ്രദേശവും | റബ്ബർ, തെങ്ങ്, | മണ്ണൊലിപ്പ് | ജലക്ഷാമം | അരിയപ്പാടിപളളം ശാസ്ത്രീയമായി ജലസേചന ടാങ്കാക്കി മാറ്റിയാൽ വെളളം കൃഷിക്ക് ലഭ്യമാക്കാം. | റബർ കൃഷി, കുരുമുളക് എന്നീകൃഷി വർദ്ധിപ്പിക്കാം. |
| 12. | മുണ്ടിത്തടുക്ക | ഉപ്പിനെ, ബീരിക്കുഞ്ച, എരുമത്തൊട്ടി, കൊണ്ടമൂല, ജാലു, ജോകിത്തുടി. | കുന്നിൻ ചെരിവ് | ചെമ്മണ്ണ് | തെങ്ങ് കശുമാവ്, നെല്ല്, കുരുമുളക് | മുണ്ട്യത്തടുക്ക മണ്ണൊലിപ്പും ഉരുൾപ്പൊട്ടലും നല്ല ഉറവുമുള്ള സ്ഥലം | ഗതാഗത സൗകര്യമില്ല. | ഉരുൾപ്പൊട്ടൽ തടയാൻ ശാസ്ത്രീയമായ നടപടി വേണം. | തെങ്ങ് കൃഷി വർദ്ധിപ്പിക്കാം. എല്ലാ സ്ഥലത്തും ഒരു വിള കൂടുതലാക്കാം. |
| 13. | ചാലത്തോട് | കറുവംകൂടൽ, ഗുഡ്ഡെ പഴയവളപ്പ് | ചെരിവ് പ്രദേശം | ചെമ്മണ്ണ് | അടയ്ക്ക, നെല്ല് തെങ്ങ്, കശുവണ്ടി | കടുവം കൂടൽ തോട് നശിച്ചിരിക്കുന്നു. | ഗതാഗത സൗകര്യമില്ല. | കറുവം കൂടൽ തോടിന് ക്രോസ് ബാർ നിർമ്മിക്കണം. | എല്ലാ സ്ഥലങ്ങളിലും നെൽകൃഷി ചെയ്യാം. |
| 14. | അമത്തോട് | മുഗർ, സങ്കായം, മുഗറട്ക്കം, മുഗുചേവ, മുഗുമജ്ക്കാർ, മുഗുതോട്ടം, കുഞ്ഞിപ്പദവ്, കിണ്ണിമജൽ, അഡ്രച്ചാൽ | സമതലം | ചെമ്മണ്ണ് | നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, മുതിര, ഉഴുന്ന്, പച്ചക്കറി. | സങ്കായംതോട് മൂടിക്കിടക്കുന്നതിനാൽ വയലിൽ വെളളം കെട്ടിക്കിടക്കുന്നു. മുഗർ കിണർ ഉപയോഗശൂന്യം | ഗതാഗത സൗകര്യമില്ല. | ഈ തോട്ടിലെ ചേവയിൽ ക്രോസ്ബാറും സംരക്ഷണ ഭിത്തിയും നിർമ്മിക്കണം. മുഗർ എന്ന സ്ഥലത്ത് വെളളം കെട്ടി കൃഷിയോഗ്യമാക്കണം. | കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്യാം. |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 15. | കട്ടത്തട്ക്ക | ബബ്രുംകല്ല്, നൂത്ത ഗിരി, വികാസ് നഗർ, പാർപ്പത്തടുക്കം | കരിമ്പാറ ചെരിവ് | ചെമ്മണ്ണ് | തെങ്ങ്, കശുമാവ്, കവുങ്ങ് | മുകാരിക്കണ്ടം അണക്കെട്ട് ചോർന്നുപോകുന്നു. പാണ്ടവർക്കുളം മണ്ണ് മൂടിക്കിടക്കുന്നു. | വേനൽക്കാലത്ത് കഠിനമായ ചൂട് | അണക്കെട്ട് നന്നാക്കണം, പാണ്ടോർക്കുളം ഉപയോഗപ്രദമാക്കണം. നീർച്ചാൽ നന്നാക്കണം. | ഏകദേശം 20 ഏക്കർ സ്ഥലത്ത് കൂടുതലായി കൃഷി ചെയ്യാം. |
| 16. | കാണാജെ | മുങ്കില, പുത്തിഗെപളളം, ബനാരി, പഞ്ചമളം, കുഞ്ഞടുക്കം, പാമ്പാട്ടി | താഴ്വര ചെരിവ് | കല്ല് ചേർന്ന മണ്ണ് | റബ്ബർ, കമുക്, തെങ്ങ്, കശുമാവ് | വെട്ടുകല്ല് സ്ഥലമുണ്ട്. മണ്ണൊലിപ്പ് ഉണ്ട്. പഞ്ചമളം തോട് മണ്ണ് മൂടിയിരിക്കുന്നു. | മഴവെള്ളം നേരിട്ട് പുഴയിലെത്താൻ സംവിധാനമില്ല. | വെട്ട്കല്ല് പ്രദേശം നന്നാക്കണം. പഞ്ചമളം തോട് ഭിത്തികെട്ടി മൂടിയ മണ്ണ് നീക്കം ചെയ്യണം. വനനശീകരണം തടയണം. | എല്ലാ കൃഷിയോഗ്യമായ സ്ഥലങ്ങളിലും ഒന്നാം വിള കൃഷി ചെയ്യാം. |
| 17. | കെമ്മണ്ണ് | അടുക്കത്തൊട്ടി, പൂക്കര, ബാൻദ്രപദവ്, മാണവയൽ, മുള്ളുഗുഡ്ഡെ, മളി | താഴ്ന്ന സമതലം, വയൽ, ചെരിവ്. | ചെമ്മണ്ണ് | തെങ്ങ്, കമുക്, വാഴ, കരിമ്പ് കുരുമുളക്, മുതിര,നെല്ല് | മണ്ണൊലിപ്പ്, കാണാജെ-പാക്കമുഗർ തോട് മൂടികിടക്കുന്നു. | ട്രാക്ടറുകൾക്കും ഉൽപ്പന്നങ്ങൾ കടത്തുന്നതിനും ഗതാഗത സൗകര്യമില്ല. | മണ്ണൊലിപ്പ് തടയാനും വനനശീകരണം തടയാനും തോട്ടിൽ നിന്ന് മണ്ണ് നീക്കി സംരക്ഷണ ഭിത്തി കെട്ടണം. | ഒന്നാം വിള എല്ലാ കൃഷിപ്പാടത്തും കൂടുതലായി നടത്താവുന്നതാണ്. വിളനാശം തടയാം. |
| 18. | കയ്യങ്കൂടൽ | പുത്തിഗെ, ഗുത്തു, അഗർത്തിമാർ, ആചാരിമൂല, പളളിവളപ്പ്, ഗുവത്തിമാർ, മജൽ, പഡുപുത്തിഗെ, കൊറംബെട്ടു, ദൊഡ്ഡ ഗുത്തു. | വയൽപ്രദേശം ഒരു വശം ചരിവ് ഒരു വശം പുഴ. | ചെമ്മണ്ണ്, കളിമണ്ണ് | കശുമാവ്, കവുങ്ങ്, നെല്ല്, വാഴ, പ്ലാവ് കുരുമുളക്. തെങ്ങ്, | വെള്ളപ്പൊക്കം കാണാജെ പുത്തിഗെ തോട് മൂടിക്കിടക്കുന്നതിനാൽ വെള്ളം ഒഴുകിപ്പോകുന്നില്ല. | തെക്ക് വശത്തെ കുറ്റിക്കാടുകൾ നശിക്കുന്നു. | പുഴക്ക് ഭിത്തികെട്ടി വെള്ളപൊക്കം തടയണം-തോട് പൂർവ്വസ്ഥിതിയിൽ വയലിന് സമമായി കുഴിച്ച് വെള്ളമൊഴുകിപോകാൻ സംവിധാനമുണ്ടാക്കണം. | വിളനാശം തടയാം, നെൽകൃഷിയിൽ വിള കൂടുതലുണ്ടാക്കാം. (രണ്ടാം വിള പ്രത്യേകിച്ചും) |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 19. | പുത്തിഗെ | ബാവ, സന്തക്കണ്ടം, കരിമരക്കാട്, ബാവദമൂല, ബാറബെട്ടു, മൂടമനെ, പടുമനെ, കുദ്ദുപദാവ് ഉജിരി, മുഗുമേർ, പൊട്ടുഗിരി, കക്കപ്പാടി, മജക്കാർ, പുത്തിഗെബയൽ, കോടിച്ചാൽ | വയൽ, കുറ്റിക്കാട്, ചെരിവ് പ്രദേശം | ചെമ്മണ്ണ് | തെങ്ങ്,നെല്ല് കവുങ്ങ്, വാഴ | ഉറുമിനാട്ടക്കൽ തോട് മൂടിക്കിടക്കുന്നതിനാൽ വെള്ളം ഒഴുകി പോകുന്നില്ല. വയൽ പൂഴി നിറഞ്ഞിരിക്കുന്നു. മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. | നടപ്പാത വെള്ളം കെട്ടിക്കിടക്കുന്നതിനാൽ യാത്രാ സൗകര്യമില്ല. | തോട് ഭിത്തികെട്ടി സംരക്ഷിക്കുകയും, മണ്ണ് മാറ്റി വെള്ള മൊഴുകി പോകുവാൻ സംവിധാനമുണ്ടാക്കുകയും പൂഴിയെടുത്തു മാറ്റുകയുംവേണം. | ഏകദേശം 50 ഏക്കർ സ്ഥലത്ത് കൂടുതലായി നെൽകൃഷി ഉണ്ടാക്കാവുന്നതാണ്. മറ്റു വിള നാശവും തടയാം. |
| 20. | ഴവ | നെട്ടിക്കുന്ന്, കിന്നിജാൽ, മഞ്ചക്കൽ | വയൽ പ്രദേശം | ചെമ്മണ്ണ് | നെല്ല്,കമുക്, തെങ്ങ്, | ഉറുമി തോട് മൂടിക്കിടക്കുന്നു. വെള്ളം ഒഴുകി പോകുന്നില്ല | ഗതാഗത സൗകര്യമില്ല. | തോട് റിപ്പയർ നടത്തണം. വെള്ളമൊഴുകി പൂഴയിലെത്താൻ സംവിധാനമുണ്ടാക്കണം. | കൂടുതൽ സ്ഥലത്ത് നെൽകൃഷിയുണ്ടാക്കാം. |
| 21. | ദേലമ്പാടി | നെയ്മുഗർ, ബാലഗത്തൊലച്ചാൽ. ആമനെ, പാറകൾക്കാർ,എവറസ്റ്റ്കുന്ന് | വയൽ, ചരിഞ്ഞകുന്ന്, കുന്നിൻശിരം, പാറ. | ചെമ്മണ്ണ്, കല്ല്ചേർന്ന മണ്ണ്, കരിമ്പാറ | തെങ്ങ്, കമുക്, കുരുമുളക്, കരിമരം,നെല്ല് | വെള്ളപ്പൊക്കം മൂലം വയലിൽ വെള്ളം കയറുകയും മണ്ണൊലിപ്പുണ്ടാകുകയും ചെയ്യുന്നു. | ഗതാഗത സൗകര്യമില്ല. | പുഴക്കരയിൽ ഭിത്തി നിർമ്മിക്കണം. ഷിരിയാ ഉപതോട് വീതികൂട്ടി കൂടുതൽ വെള്ളം ലഭ്യമാക്കണം. | കൂടുതൽ സ്ഥലത്ത് ഒന്നാം വിളയും രണ്ടാം വിളയും കൃഷിചെയ്യാം. കൃഷിനാശം തടയാം. |
| 22. | നാട്ടക്കൽ | കൾക്കാർ കൊറഗ കോളനി, വർക്കുടൽ, മംട്ടമ്പാടി | പാറ കുറ്റിക്കാട് | കരിമ്പാറ | കവുങ്ങ്, നെല്ല്, തെങ്ങ്, | പാറപ്പൊട്ടിക്കുന്ന വലിയ കുഴി ഉണ്ട്. ഭൂകമ്പസാധ്യതയുണ്ട്. | കുഴിയിൽ വെള്ളം കെട്ടിനിൽക്കുന്നു. | കുഴി മണ്ണ് നിറച്ച് റോഡിന് സമമാക്കണം. | ഭൂകമ്പസാധ്യത ഒഴിവാക്കാം. |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 23. | ബുളയാളം | ഖത്തീബ് നഗർ, കല്ലാപ്പ്, കോരിക്കാർ, പെരുന്നാപറമ്പ്. | വയൽ,കുന്നിൻ ചെരിവ്. | ചെമ്മണ്ണ് | തെങ്ങ്,നെല്ല് കവുങ്ങ്, വാഴ | ബുളയാളം – കമ്മന്തിളം– വാഴവളപ്പ് തോട് മണ്ണ് മൂടിക്കിടക്കുന്നു. മതിൽ പൊട്ടിക്കിടക്കുന്നു. വെള്ള പ്പൊക്കം അനുഭവപ്പെടുന്നു. | ഗതാഗത സൗകര്യ കുറവ്. ഷിരിയാ അണകെട്ട് തോട് വീതി കുറവ്. | തോട് ഭിത്തി കെട്ടി ശരിയാക്കണം. മണ്ണ് മാറ്റി തോടിന് ആഴം കൂട്ടണം. പുഴതീരത്ത് ഭിത്തി കെട്ടണം. | 100 ഏക്കർ സ്ഥലത്ത് കൃഷിയോഗ്യമാക്കാം. |
| 24. | പെരിയമുഗർ | കൊല്ലനടുക്കം, ശൈലാബാദ്. | വയൽ | ചെമ്മണ്ണ് | നെല്ല്,കമുക്, തെങ്ങ്, വാഴ | ബല്ലവളപ്പ് തോടിന് ആഴം കൂടുതലും പുഴ മുകളിലുമായതിനാൽ മഴ വെള്ളം ഒഴുകുന്നില്ല. അതിനാൽ വയൽ മൂടിക്കിടക്കുന്നു. | ഷിരിയാ അണകെട്ട് തോട് ഉപയോഗശൂന്യമായിരിക്കുന്നു. | പുഴതീരത്ത് ഭിത്തി കെട്ടണം.തോട് റിപ്പയർ ചെയ്തു വെള്ളം ലഭ്യമാക്കണം. | ഒന്നാംവിള നെൽകൃഷി സ്ഥലത്തും നടത്താം വിളനാശം തടയാം. |
| 25. | കമ്മന്തളം | പാടി, വാഴവളപ്പ് | വയൽ, കുന്നിൻ ചെരിവ് | ചെമ്മണ്ണ്, | തെങ്ങ്, കമുക്, വാഴ,നെല്ല് | ബുളയാളം– കമ്മന്തളം തോട് ഇടിഞ്ഞ് മണ്ണ് കെട്ടിക്കിടക്കുന്നു. | ഗതാഗത സൗകര്യമില്ല. | തോട് ഭിത്തി കെട്ടി, ആഴം കൂട്ടി വെള്ളമൊഴുകാൻ സംവിധാനമുണ്ടാക്കണം. | ഒന്നാം വിളക്ക് മുഴുവൻ കൃഷി സ്ഥലവും ഉപയോഗിക്കാം. വിളനാശം തടയാം. |
| 26. | ബൺതടുക്കം | ബൺതടുക്കം, കൊട്ടുമ്മൽ | കുന്നിൻ ചെരിവ്, വയൽ പ്രദേശം, കുറ്റിക്കാട് | ചെമ്മണ്ണ് കളിമണ്ണ് | കവുങ്ങ്, നെല്ല് തെങ്ങ്, കശുമാവ് | വെള്ളപൊക്കം മണ്ണൊലിപ്പ് | ഗതാഗത സൗകര്യമില്ല. | വെള്ളപൊക്കം കൊണ്ടുണ്ടാകുന്ന വെള്ളം ഒഴുകി പോകാൻ സൗകര്യമുണ്ടാക്കണം. | ഒന്നാം വിള നെൽകൃഷി ഉണ്ടാക്കാം. ഉല്പാദനം വർദ്ധിപ്പിക്കാം. |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 27. | എർഗൽ | ..... | കുന്നിൻ ചെരിവ് | ചരൽമണ്ണ് | തെങ്ങ്,കവുങ്ങ്, കശുമാവ് | മണ്ണൊലിപ്പ് വെള്ളക്കെട്ട് | ഗതാഗത സൗകര്യമില്ല | വനനശീകരണം തടയണം, പുഴഭിത്തികെട്ടണം | കൂടുതൽ സ്ഥലത്ത് കൃഷി നടത്താം. |
| 28. | വർളാഡം | ..... | കുന്നിൻ ചെരിവ് വയൽ | ചെമ്മണ്ണ് ചരൽമണ്ണ്, കളിമണ്ണ് | നെല്ല്,കമുക്, തെങ്ങ്, വാഴ | വെള്ള പ്പൊക്കം, മണ്ണൊലിപ്പ്. | ഗതാഗത സൗകര്യമില്ല. | പുഴഭിത്തി വേണം, ഷിറിയ അണ കെട്ടിൽ നിന്നും വെള്ളം എത്തിക്കണം. | 40 ഏക്കർ സ്ഥലത്ത് കൂടുതലായി ഒന്നാം വിള, രണ്ടാം വിള കൃഷിചെയ്യാം. |
| 29. | ചിക്കണമുഗർ | കലാനഗർ | വയൽ, കുന്നിൻ ചെരിവ് കുറ്റിക്കാട് | ചെമ്മണ്ണ്, കളിമണ്ണ്, ചരൽ | തെങ്ങ്, കമുക്, വാഴ,നെല്ല്, കശുമാവ് | മണ്ണൊലിപ്പ് | ഗതാഗത സൗകര്യമില്ല. | ഷിറിയ കനാലിന്റെ ശാഖ അടിയന്തിരമായും വ്യത്തിയാക്കണം.. | കൂടുതലായി ഒന്നാം വിള ചെയ്യാം. |
| 30. | ഗുംപ | ഗുംപ, നരിയ, ചെക്കെ, ദണ്ഡപ്പാടി, ബാളികെ | മല, ചെരിവ്, സമതലം | ചെമ്മണ്ണ്, ചരൽ | കവുങ്ങ്, കശുമാവ്, കുരുമുളക്,തെങ്ങ്, | മണ്ണൊലിപ്പ്, വെള്ളക്കെട്ട് | വൈദ്യുതിയില്ല. | തോടുകൾ വിപുലീകരിക്കണം. സസ്യാവരണം തയ്യാറാക്കണം. | കൂടുതൽ സ്ഥലം കൃഷിക്കുപയുക്തമാക്കണം. |
| 31. | ധർമ്മത്തടുക്ക | നീരാളി, നടുവട്ക്ക, മുടൈക്കുമേരി | പാറ പ്രദേശം സമതലം | ചെമ്മണ്ണ്, പാറ | കവുങ്ങ്, തെങ്ങ്, | | വൈദ്യുതിയില്ല. | സൗരോർജ്ജം ഉപയോഗിക്കണം | കൂടുതൽ സ്ഥലം വൈദ്യുതീകരിക്കണം. |
| 32. | മേപ്പോടു | ബലിപ്പത്തൊടി, മേപ്പോടു, മേപ്പോട്ടടുക്ക | ചരിവ് സമതലം | ചെമ്മണ്ണ്, കളിമണ്ണ് | കവുങ്ങ്, തെങ്ങ്,നെല്ല്, കശുമാവ് | | വൈദ്യുതിയില്ല. | വൈദ്യുതി എത്തിക്കണം. | വൈദ്യുതിയും ജലസേചനവുമൊരുക്കിയാൽ കൂടുതൽ സ്ഥലം കൃഷിയോഗ്യം |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 33. | മുണിഞ്ചിക്കാന | | കുന്ന്, ചെരിവ് | ചെമ്മണ്ണ് | തെങ്ങ്, മഞ്ഞൾ,കവുങ്ങ്, കശുമാവ് | മണ്ണൊലിപ്പ് | STC കോളനികളിൽ കുടിവെള്ളം, വൈദ്യുതി റോഡ് ഇല്ല. | വൈദ്യുതി എത്തിക്കാൻ നടപടി വേണം | കൂടുതൽ സ്ഥലം കൃഷിയോഗ്യമാക്കണം. |
| 34. | കന്തലായം | കൊട്ടക്കുന്ന്, കൽമാട്ട് | നദീതീര സമതലം, ചെരിവ് | ചെമ്മണ്ണ്,പാറ, കരിങ്കല്ല് | കുരുമുളക്, കമുക്, തെങ്ങ്, വാഴ | വെള്ളപൊക്കം | | പുഴ് ഭിത്തികെട്ടണം | വെള്ളപൊക്കം നിയന്ത്രിക്കണം. |
| 35. | കരിക്കുണ്ട് മൂലെ | പക്കിക്കുളം | ചെരിവ് | ചെമ്മണ്ണ്, പാറ | കമുക്, കശുമാവ് | മണ്ണൊലിപ്പ് | കുടിവെള്ള പ്രശ്നം | | |
| 36. | ചളളങ്കയം | സീഗിമൂലെ, നീരമൂലെ, ദഡ്ഡപ്പന | സമതലം, നദീതീരം | ചെമ്മണ്ണ് കളിമണ്ണ് | കവുങ്ങ്, വാഴ തെങ്ങ്, | | | | |
| 37. | തലമുഗർ | അസ്സേരി, ബാറട്ക്ക, പാപ്പിയാർ | സമതലം, കളിമണ്ണ് | ചെമ്മണ്ണ് കരിങ്കല്ല് | കവുങ്ങ്, വാഴ തെങ്ങ്,നെല്ല്. | | | | |
| 38. | കുട്ടേല് | ഒളമുഗർ, കോവവൂർ പാരിഞ്ച, ദേവസ്യ, കാൽമലെ, നടുമനെ ആനെബാഗിലു | സമതലം, തീര പ്രദേശം | ചെമ്മണ്ണ് കളിമണ്ണ് | കവുങ്ങ്, നെൽ കൃഷി | വെള്ളപൊക്കം | കൃഷിക്ക് ജലദൗർലഭ്യം | പുഴഭിത്തി കെട്ടണം. കുട്ടലു എന്ന സ്ഥലത്ത് പുഴയിൽ റിങ്ങ് വെൽ സ്ഥാപിച്ച് ജലവിതരണം നടത്താം. | കൂടുതൽ സ്ഥലംകൃഷിയോഗ്യമാക്കാം. |
| 39. | മംഗലട്ക്ക | നായിക്കട്ടെ, കൂടിയ, നീരമൂലെ, ഗുണ്ടിയഡ്ക്ക | ചെരിവ്, ഉയരമുള്ള സമതലം, | ചെമ്മണ്ണ് പാറ | കവുങ്ങ്, റബ്ബർ, കുരുമുളക്, തെങ്ങ് | മണ്ണൊലിപ്പ് | വൈദ്യുതി ഇല്ല. ചന്ത ഇല്ല. | മാർക്കറ്റ് സ്ഥാപിക്കുക | കാർഷിക വിളകളുടെ സുലഭത |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 45. | കോളാർ | ബൊട്ട , കെണി, മൂലെകട്ടതകാട് , പൂക്കളബയൽ, പൂക്കളതെൻകരെ ,കോടിമൂലെ,കമ്പ, കൊയങ്ങാന | സമതലം, ചെരിവ് | ചെമ്മണ്ണ്, പാറ, കരിമണ്ണ് | തെങ്ങ്, നെല്ല്,കവുങ്ങ്, വാഴ, കുരുമുളക്, വറ്റൽമുളക്. | | കുടിവെള്ളം, വൈദ്യുതി ഇല്ല. ജല സേചന സൗ കര്യക്കുറവ് | ദേവസ്യയിൽ പമ്പ് സ്ഥാപിച്ച് ഷിരിയ പുഴയിൽ നിന്ന്വെള്ള മെത്തിക്കണം. | കാർഷിക വിളകൾ വർദ്ധിപ്പിക്കാം. |
| 41. | ശന്നിക്കോടി | അമ്മനകല്ല്, ഓടം കല്ല്, അജികുമീരി | സമതലം, ചെരിവ് | ചെമ്മണ്ണ്,പാറ, കരിങ്കല്ല്, കളി മണ്ണ് | കശുമാവ് കമുക്, തെങ്ങ്, വാഴ,നെല്ല് | | കോളനിയിൽ വൈദ്യുതി ഇല്ല. ജലക്ഷാമം | | |
| 42. | ദേറഡ്ക്ക | നെക്രപദവ് നീരൊളി, ഗോളിത്താർ, വിരി യട്ക്ക, സന്തനട്ക്ക ഇടയ്യാല ,കുമ്പതമൂല ,മഞ്ചട്ടി, പൊയ്യെ | കുന്നിൻ പ്ര ദേശം, ചെരിവ് സമതലം, വനം, നദി | ചെമ്മണ്ണ്, കളിമണ്ണ് ചെങ്കല്ല് | അടയ്ക്ക തെങ്ങ് കശുമാവ് നെല്ല് | മണ്ണൊലിപ്പ് വെള്ളപൊക്കം | ജലക്ഷാമം വൈദ്യുതി പ്രശ്നം ഗതാഗത സൗ കര്യക്കുറവ് | അണക്കെട്ട് ഉയരം കൂട്ടണം പുഴയിൽ മണലു വാരി ആഴം കൂട്ടണം പുഴയ്ക്കിരു വശത്തുംപ്രധാന തോടുകൾക്കും ഭിത്തികെട്ടണം. സന്തനട്ക്ക തോട്ടിന് ചെക്ക് ഡാം വേണം | ജലക്ഷാ മം ഒഴി വാ ക്കാം. ഹരിജൻ കോ ളനി സൗകര്യ ങ്ങൾ മെച്ച പ്പെടു ത്താം. കാർഷികോ ല്പാദനം വർ ദ്ധിപ്പിക്കാം. |
| 43 | അലിച്ചാർ | ശിറിയ അണക്കെട്ട് നോണങ്കല്ല് , മുഞ്ചി ക്കാന, നെക്കീൽ മൂല മണിയമ്പാറ | ചെരിവുതലം | കളിമണ്ണ് ചെങ്കല്ല് | അടയ്ക്ക തെങ്ങ് കശുമാവ് നെല്ല് | മണ്ണൊലിപ്പ് | ജലക്ഷാമം വൈദ്യുതി പ്രശ്നം ഗതാഗത പ്രശ്നം | 1. തട്ടുകളിലായി കൃഷിചെയ്യാൻ പ്രോത്സാഹിപ്പി ക്കണം 2. തോടുകളിൽ തടയണ കെട്ടണം | 1.ജലക്ഷാ മവും മണ്ണൊ ലിപ്പുതടയാം 2. കാർഷി കോൽപാദനം കൂട്ടാം |
| 44. | കന്തൽ | പദ്യാന കന്തലായം വക്കിക്കുളം തുർക്കമൂല, ചോയി മൂല കന്തൽ കോടി , മദ്ക്കമൂല, വാ ണിയാർമൂല | ചെരിവുതലം | ചെമ്മണ്ണ് കളിമണ്ണ് | കവുങ്ങ്, റബ്ബർ കശുവണ്ടി | | പാർപ്പിട നിർ മ്മാണത്തിനാ യി മലയിടിക്കു ന്നു. | ഒളിഞ്ഞ സ്ഥല ങ്ങളിൽ റബ്ബർ കൃഷി നടത്താം പരിസ്ഥിതി ബോ ധവത്കരണം | കാർഷികോൽ പാദനം വർദ്ധി പ്പിക്കാം റബ്ബർ ഉൽപാദനം |

| 1. | 2. | 3. | 4. | 5. | 6. | 7. | 8. | 9. | 10. |
|---|---|---|---|---|---|---|---|---|---|
| 45. | ബൾമരം | ചേവം, പാടി, ഇൻതു കുരി, ഭൂതക്കല്ല്. | സമതലം, കുന്നിൻപ്രദേശം | ചെമ്മണ്ണ്, കളിമണ്ണ് | കവുങ്ങ്, വാഴ, കുരുമുളക്, | നദീതീര മണ്ണിടിച്ചിൽ | ജലക്ഷാമം, ഗതാഗത സൗകര്യ ക്കുറവ് | പുഴഭിത്തി കെട്ടണം, ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം വേണം. | ജലക്ഷാമം ഒഴിവാക്കാം. കരയിടിച്ചിൽ തടയാം. കൃഷിസ്ഥലം കൂടും. |
| 46. | ബാഡൂർ | ബാഡൂർ, കേരി,തോടു ബളളം, ബീടു, ബെറു വ, ബീരിക്കാന, കള ഞ്ചെടുക്ക, സുളള്യാമെ | നദീതീരം, കുന്നിൻ ചെരിവ് | ചെമ്മണ്ണ്,കരി ങ്കല്ല്, കളിമണ്ണ് | കമുക്, തെങ്ങ്, നെല്ല് | പുഴയിടിച്ചിൽ, വെള്ളപൊക്കം | ജലക്ഷാമം രൂക്ഷം | പുഴഭിത്തി കെട്ടണം, കുളങ്ങൾ നിർമ്മിക്കണം ലിഫ്റ്റ് ഇറിഗേഷൻ ലഭ്യമാക്കണം, പൂഴിവാരൽ അനുവദിക്കണം. | ജലക്ഷാമം പരിഹരിക്കാം. കൂടുതൽ സ്ഥലങ്ങൾ കൃഷിയോഗ്യമാക്കാം. നെൽകൃഷി വർദ്ധിപ്പിക്കാം. വെള്ള പ്പൊക്കം തടയാം |
| 47. | ബാഡൂർപദവ്. | ചേക്കട്ടച്ചാൽ, നെയ്മുഗർ, മണ്ടമ്പാടി, ദേലമ്പാടി | സമതലം, ചരിവ്, വയൽപ്രദേശം | ചെമ്മണ്ണ് കളിമണ്ണ് | കവുങ്ങ്, നെല്ല് തെങ്ങ്, | പുഴയിടിച്ചിൽ, വെള്ളപ്പൊക്കം | ജലക്ഷാമം രൂക്ഷം | വാട്ടർടാങ്ക് നിർമ്മിച്ച് പുഴയിൽ നിന്ന് വെള്ളം പമ്പു ചെയ്ത് ജലക്ഷാമം പരിഹരിക്കാം. | ജലക്ഷാമം പരിഹരിക്കാം നെൽകൃഷി വർദ്ധിപ്പിക്കാം. |

"ഓരോ ഗ്രാമത്തിലും കളിസ്ഥലവും, വിദ്യാലയവും,
സമ്മേളനസ്ഥാനവും, കന്നുകാലികൾക്കുള്ള_
മേച്ചിൽസ്ഥലവും, കുടിനീർ സൗകര്യവും വേണം"
_ഗാന്ധിജി



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

മുൻകാലങ്ങളിൽ കന്നുകാലികളെ മിക്ക വീടുകളിലും വളർത്തിയിരുന്നു. ഉഴവുകാളകളേയും പോത്തുകളേയും കർഷകർ വീടുകളിൽ തന്നെ വളർത്തിയിരുന്നു. ചില വീടുകളിൽ ആടുകളേയും വളർത്തിയിരുന്നു. പോത്തോട്ടത്തിനുള്ള നല്ലയിനം പോത്തുകളെ സുബ്രഹ്മണ്യ ഉത്സവസ്ഥലത്തുനിന്നും വാങ്ങി വളർത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നു. കോഴികളെ കുടുംബാവശ്യങ്ങൾക്കനുസരിച്ച് വളർത്താറുണ്ടായിരുന്നു. കോഴിക്കെട്ടിന് പൂവൻ കോഴികളെ ഓമനിച്ച് വളർത്തിയെടുക്കാറുണ്ടായിരുന്നു. മുൻകാലങ്ങളിലെ വിശാലമായ മേച്ചിൽ സ്ഥലങ്ങൾ ഇന്ന് കൈവശഭൂമിയായി മാറിയിരിക്കുന്നു. കന്നുകാലികളെ കെട്ടിയിട്ടുവളർത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. കാലികൾ മേച്ചിൽ സ്ഥലങ്ങളിൽ തന്നെ തങ്ങിയിരുന്നതിനാൽ ഉടമസ്ഥർ അവിടെ ചെന്ന് പാൽ കറക്കുന്ന സമ്പ്രദായമാണ് ഉണ്ടായിരുന്നത്. ഇന്ന് മേച്ചിൽ സ്ഥലങ്ങൾ വളരെ കുറഞ്ഞിരിക്കുന്നതിനാൽ കന്നുകാലി സമ്പത്തും പാലുൽപ്പാദനവും കുറഞ്ഞുവരികയാണ്.

നെൽകൃഷി കുറഞ്ഞതോടെ പുല്ലിന്റെ ലഭ്യത കുറഞ്ഞിരിക്കുകയാണ്. കൃത്രിമ തീറ്റകൾക്ക് താങ്ങാനാവാത്ത വില നൽകേണ്ടിവരുന്നു. പഞ്ചായത്തിൽ പാൽ ദൗർലഭ്യം അനുഭവപ്പെട്ടുവരുന്നുണ്ട്. മിൽമ പാൽ വിതരണത്തിന് സംവിധാനമില്ലാത്തതിനാൽ പാൽപ്പൊടിയാണ് കൂടുതൽ ജനങ്ങളും ഉപയോഗിക്കുന്നത്.

സങ്കരയിനം കന്നുകാലികളെ വളർത്താൻ ജനങ്ങൾ താൽപര്യം കാണിക്കുന്നില്ല. ഇപ്പോൾ ഈ വിഭാഗത്തിൽപ്പെട്ട 154 പശുക്കളും 36 കിടാരികളും 56 എരുമകളും ഉണ്ട്.

4:1 വളർത്തുമൃഗങ്ങളുടെ വിവരം (പട്ടിക കാണുക)

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ടെങ്കിലും അത് വേണ്ടത്ര ഉപയോഗിക്കാൻ സാധിക്കാതെ വരുന്നുണ്ട്.

പശു, എരുമ, ആട്, കോഴി എന്നിവയാണിവിടത്തെ പ്രധാന വളർത്തുമൃഗങ്ങൾ.

പട്ടിക 4:2 കോഴിവളർത്തുസംബന്ധിച്ച വിവരം
( പട്ടിക കാണുക)

ക്ഷീരോൽപ്പാദന-വിതരണത്തിനുള്ള സൊസൈറ്റികളുടെ അഭാവം ക്ഷീരവികസനരംഗത്ത് വലിയ പ്രശ്നമായി മാറിയിരിക്കുന്നു.

കന്നുകാലി വളർത്തുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്ന മറ്റൊരു കാരണം അവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് ചികിത്സസൗകര്യമില്ലാത്തതാണ്.

അകിടുവീക്കം, വിരബാധ, ഗർഭാശയരോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ, കുളമ്പുരോഗം, അടപ്പൻ രോഗം എന്നിവയാണ് സാധാരണയായി കണ്ടുവരുന്ന കന്നുകാലി രോഗങ്ങൾ.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും സബ്സിഡി വ്യവസ്ഥയിൽ നാടൻ പശുക്കളെ നൽകാൻ വ്യവസ്ഥയുണ്ടാക്കണം. ഡിസംബർ മാസത്തിൽ കർണ്ണാടകയിലെ സുബ്രമഹ്ണ്യയിൽ നടക്കുന്ന കന്നുകാലി ചന്തയിൽ നിന്ന് നല്ലയിനം പശുക്കളെ മൊത്തമായി വാങ്ങുന്നതിന് പഞ്ചായത്തു തലത്തിൽ, കന്നുകാലി വളർത്തലിൽ മുൻപരിചയമുള്ളവരുടെ ജനകീയ പർച്ചേസിങ്ങ് കമ്മിറ്റി ഉണ്ടാക്കണം.

2. തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകി, കവുങ്ങ്, തെങ്ങ്തോട്ടങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്തണം.

3. മൃഗരോഗങ്ങൾ പരിശോധനിക്കുന്നതിനും ചികിത്സിക്കുന്നതിനും കൂടുതൽ ഫീൽഡ് സ്റ്റാഫിനെ അനുവദിക്കണം.

4. ദേറഡ്ക്കയിൽ ഒരു ICDPC സബ്സെൻററും വളർത്തുമൃഗകേന്ദ്രവും സ്ഥാപിക്കണം.

5. കണ്ണൂർ, സീതാംഗോളി, സൂരംബയൽ, കട്ടത്തട്ക്ക, പുത്തിഗെ, അംഗടിമുഗർ, ബാഡൂർ, ദേറഡ്ക്ക, പദ്യാന, ധർമ്മത്തട്ക്ക എന്നീ സ്ഥലങ്ങളിൽ പാൽ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കണം.

6. ബാഡൂർ, അംഗടിമുഗർ, പുത്തിഗെ, സൂരംബയൽ, ഉർമി, എന്നിവിടങ്ങളിൽ മൃഗാശുപത്രികളും സീതാംഗോളി, കട്ടത്തട്ക്ക, ബാഡൂർ, കത്തീബ്നഗർ, മംഗലഡ്ക്ക എന്നിവിടങ്ങളിൽ മത്സ്യ മാർക്കറും സ്ഥാപിക്കണം.

7. നായ് വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ സ്ഥിരം സംവിധാനം വേണം. പേവിഷ ബാധയ്ക്കെതിരെയുള്ള AR ഇഞ്ചക്ഷൻ നായ്ക്കൾക്ക് നിർബന്ധമാക്കണം. മൃഗനായാട്ട് കർശനമായി നിരോധിക്കണം.

8. ഗോബർഗ്യാസിൻെറ ഉപയോഗവും പ്രചാരവും വർദ്ധിപ്പിക്കാൻ പഞ്ചായത്തു തലത്തിൽ നടപടി ഉണ്ടാവണം.

9. മംഗലഡ്ക്കയിൽ പശുവളർത്തുകേന്ദ്രം സ്ഥാപിക്കണം. സൂരംബയൽ, മുകാരിക്കണ്ടം, അംഗടിമുഗർ, ധർമ്മത്തട്ക്ക, മംഗലഡ്ക്ക, ദേറഡ്ക്ക എന്നിവിടങ്ങളിൽ കന്നുകാലി ആലകൾ സ്ഥാപിക്കണം. മുകാരിക്കണ്ടത്ത് നിലവിലുള്ള അണക്കെട്ട് മത്സ്യവളർത്തുകേന്ദ്രമാക്കണം.

10. മുണ്ടത്തടുക്കയിലുള്ള പഞ്ചായത്തിലെ ഏകമൃഗാശുപത്രിക്ക് കെട്ടിടവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കണം.

11. കന്നുകാലി തീറ്റകൾ സബ്സിഡി നിരക്കിൽ വിതരണം നടത്താൻ സൗകര്യമുണ്ടാക്കണം.

12. കാലിമേച്ചിലിന് പ്രത്യേക പ്രദേശങ്ങൾ നീക്കിവെയ്ക്കണം.

# മത്സ്യബന്ധനം

പുത്തിഗെ പഞ്ചായത്തിൽ കടൽത്തീരമില്ല. പുഴകളിൽ മത്സ്യം ലഭ്യമല്ല. തൊട്ടടുത്ത പട്ടണങ്ങളിൽ നിന്നും മത്സ്യം കൊണ്ടുവന്നു വിൽക്കുന്ന ഏതാനും തൊഴിലാളികൾ ഇവിടെയുണ്ട്. അവർക്ക് മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്നും ലഭിക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം.

ഇവിടെയുള്ള കുളങ്ങളിൽ ശുദ്ധജല മത്സ്യം വളർത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം. വ്യക്തികൾക്കും സംഘടനകൾക്കും ആവശ്യമായ പരിശീലനം നൽകി വയൽ പ്രദേശങ്ങളിലെ ചെമ്മീൻ കൃഷിസാധ്യതയെക്കുറിച്ച് പരിശോധിക്കണം.

# പുത്തിഗെ ഗ്രാമപഞ്ചായത്ത്

## 4:1 വളർത്തു മൃഗസംഖ്യ

| | കാള | നാടൻ | കാള | സങ്കരം | പശു | നാടൻ | പശു | സങ്കരം | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| I | 2 | 40 | 2 | - | 110 | 128 | 10 | 8 | 19 | 14 | 2 | 15 | 203 | - |
| II | 2 | 18 | - | - | 75 | 129 | 2 | 2 | 2 | 4 | 4 | 20 | 140 | - |
| III | 3 | 28 | - | - | 64 | 80 | 5 | 4 | 6 | 4 | 5 | 18 | 74 | - |
| IV | - | 44 | - | - | 59 | 36 | 8 | 7 | 12 | 14 | 12 | 22 | 68 | - |
| V | 2 | 18 | - | - | 46 | 179 | 1 | 1 | 6 | 4 | 5 | 8 | 47 | - |
| VI | 1 | 37 | - | - | 62 | 78 | 1 | - | 7 | 3 | 10 | 19 | 74 | - |
| VII | 2 | 42 | - | 1 | 56 | 65 | 8 | 4 | 8 | 4 | 14 | 46 | 128 | - |
| VIII | 4 | 24 | 2 | - | 74 | 126 | 11 | 7 | 11 | 7 | 9 | 62 | 186 | - |
| IX | 2 | 18 | - | - | 67 | 53 | 2 | 2 | 12 | 6 | 8 | 16 | 174 | - |
| Total | 18 | 269 | 4 | 1 | 613 | 874 | 45 | 35 | 83 | 50 | 69 | 226 | 1094 | - |

# പുത്തിഗെ ഗ്രാമപഞ്ചായത്ത്

## 4:2 വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 318 | 610 | 498 | - | - | - |
| II | 124 | 312 | 104 | - | - | - |
| III | 238 | 317 | 420 | - | - | - |
| IV | 372 | 611 | 177 | - | - | - |
| V | 423 | 996 | 1041 | - | - | - |
| VI | 108 | 314 | 304 | - | - | - |
| VII | 89 | 267 | 186 | - | - | - |
| VIII | 194 | 453 | 455 | - | - | - |
| IX | 64 | 129 | 113 | - | - | - |
| Total | 1930 | 4009 | 3298 | - | - | - |






# വിദ്യാഭ്യാസം

കാസർഗോഡിൽ തന്നെ വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ അനുഭവപാരമ്പര്യമുള്ള പ്രദേശമാണ് പുത്തിഗെ പഞ്ചായത്തിലെ അംഗടിമുഗർ, ബാഡൂർ ഗ്രാമങ്ങൾ. മതവിദ്യാഭ്യാസ രംഗത്ത് മുസ്ലീം സമുദായത്തിന് ഒട്ടേറെ പണ്ഡിതരെ വാർത്തെടുത്തിരുന്ന ഒരു ദർസ്, പാഡൂർ ജമാഅത്ത്പള്ളി എന്നറിയപ്പെട്ടിരുന്നു ഇന്നത്തെ അംടിമുഗർ പള്ളിയിൽ നടന്നുവന്നിരുന്നു.

രണ്ടാം പൊന്നാണി എന്ന് അന്ന് അത് അറിയപ്പെട്ടിരുന്നു. മംട്ടമ്പാടിയിൽ രാമയ്യനായക്, ധർമ്മത്തടുക്കയിൽ എം. രാമചന്ദ്രഭട്ടും ഓരോ വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നു. ശാലക്കുന്നിൽ മുഹമ്മദ് ശെറൂൾ ഒരു പാഠശാലയും ശാലക്കുന്നിലെ സ്കൂൾ 1928 ൽ കാസർഗോഡ് താലൂക്ക് ബോർഡ് ഏറ്റെടുക്കുകയും 1934 ൽ കർണ്ണാടക ജില്ലാ ബോർഡിന്റെ കീഴിലാക്കുകയും ചെയ്തു.കട്ടത്തടുക്കയിൽ അപ്പുനായിക്കിന്റെ നേതൃത്വത്തിൽ ഒരു എലിമെനററി സ്കൂളും ഉണ്ടായിരുന്നു.

1950-60 വർഷങ്ങളിൽ ബാഡൂർ, കന്തൽ, സൂരംബയൽ, മുഗു, തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ ഏൽ.പി. സ്കൂളുകൾ സ്ഥാപിട്ടപ്പെട്ടു. അംഗടിമുഗർ യു.പി.സ്കൂൾ 1974 ലാണ് ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ഇന്ന് ഇത് പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളാണ്. 1976 ൽ ധർമ്മത്തട്ക്കയിൽ ഒരു പ്രൈവറ്റ് ഹൈസ്കൂൾ അനുവിക്കപ്പെട്ടതോടെയാണ് ഈ പ്രദേശത്ത് വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് അൽപ്പമെങ്കിലും പരിഹാരമുണ്ടായത്.

ഈ പഞ്ചായത്ത് അതിർത്തിയിൽ കോളേജുകളോ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ നിലവിലില്ല. പ്രൈവറ്റ് അൺഎയിഡഡ് മേഖലയിൽ ഒരു ഇംഗ്ലീഷ് മീഡിയം പ്രൈമറി വിദ്യാലയം കട്ടത്തട്ക്കയിൽ നിലവിലുണ്ട്.

പട്ടിക 9-1
പട്ടിക 9-2 ( അടുത്ത പേജിൽ കാണുക)
പട്ടിക 9-3

ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി 1702 കുട്ടികളും അഞ്ചുമുതൽ ഏഴുവരെ ക്ലാസുകളിലായി 1036 കുട്ടികളും എട്ടുമുതൽ പത്തുവരെ ക്ലാസുകളിലായി 925 കുട്ടികളുമടക്കം 3663 വിദ്യാർത്ഥികളാണ് ഇപ്പോൾ ഔപചാരിക വിദ്യാഭ്യാസം നേടുന്നത്.

പഞ്ചായലെ ചുരുക്കം ചില വിദ്യാർത്ഥികൾ തൊട്ടടുത്ത ഇല്ലംപാടി യു. പി. സ്കൂളിലും, ഷേണിശാരദാംബ ഹൈസ്കൂളിലും, നീർച്ചാൽ, കുമ്പള ഹൈസ്കൂളുകളിലും ചേർന്ന് പഠിക്കുന്നുണ്ട്. കുറച്ചുകുട്ടികൾ കാസർഗോഡിലെ ചില ഹൈസ്കൂളുകളിലു ധർമ്മത്തടുക്ക ശ്രീദുർഗ്ഗാ പരമേശ്വരി ഹൈസ്കൂൾ സാധാരണ മെച്ചപ്പെട്ട നിലവാരം പുലർത്തിവരുന്നു. അംഗടിമുകർ സർക്കാർ ഹൈസ്കൂളിന്റെ നിലവാരം ഉയർ

ത്തുന്നതിന് തീവ്രഞ്ഞായ ശ്രമം കൂട്ടായി നടത്തോണ്ടതാണ്.

കർഷകർ, ഇതര തൊഴിലാളികൾ, ബീഡി തൊഴിലാളികൾ എന്നിങ്ങനെ വിവിധ തുറകളിലെ പാവപ്പൊട്ടവരാണ് ജനസംഖ്യയിൽ ഭൂരിഭാഗമെങ്കിലും സ്കൂളിൽ നിന്ന് കൊഴിഞ്ഞ് പോകുന്നവരുടെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 1995-96 വർഷത്തിൽ കൊഴിഞ്ഞുപോയവരിൽ 50 ആൺകുട്ടികളും 27 പെൺകുട്ടികളുമാണുള്ളത്. വിദ്യാർത്ഥികൾ ഉപരി പഠനത്തിനായി കാസർഗോഡിലും, മംഗലാപുരത്തേയും വിവിധ കോളേജുകളെയാണാശ്രയിക്കുന്നത്.

പ്രൈമറി വിദ്യാഭ്യാസ നിലവാരം പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഉയർത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൈമറി തലത്തിൽ കുട്ടികൾ ഭാഷയും കണക്കും ശരിയായ രീതിയിൽമനസിലാക്കിയിരിക്കണം 'അക്ഷര പുലരി ' പദ്ധതിപോലുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതികൾക്ക് രൂപം നൽകുകയും അവ തുടർച്ചയായി നടത്തുന്നതിന് സംവിധാന മുണ്ടാക്കുകയും ചെയ്യാവുന്നതാണ്. സ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് ആകർഷണീയമാക്കാനുള്ള സംവിധാനമുണ്ടാക്കണം. പഞ്ചായത്ത് ഭരണസമിതിയും സ്കൂൾ പി. റ്റി. ഏകളും അധ്യാപകരും, സന്നദ്ധ പ്രവർത്തകരും, രാഷ്ട്രീയ നേതാക്കളും ഉൾപ്പെടുന്ന വിദ്യാഭ്യാസ സമിതി രൂപീകരിച്ചുകൊണ്ട് ഈ പ്രവർത്തനത്തിനാവശ്യമായ ക്രമീകരണമുണ്ടാക്കാവുന്നതാണ്.

ആവശ്യമുള്ള സ്ഥലത്തൊക്കെ എൽ.പി. സ്കൂളു പുതുതായി ആരംഭിക്കേണ്ടതാണ്. തുടർ വിദ്യാഭ്യാസത്തിന് കോളേജുകൾ നമുക്ക് ആവശ്യമാണ്. ഔപചാരിക വിദയാഭ്യാസം തുടർന്നും നടത്താനനുള്ള സംവിധാനം ഉണ്ടാക്കണം. എല്ലാ സ്കൂളികളിലും കൂടുതൽ കെട്ടിട സൗകര്യവും ഫർണീച്ചറുകളും ആവശ്യമാണ്. അംഗനവാടികളും ബാലവാടികളും ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. പ്രൈവറ്റ് മേഖലയിൽ ഒരു നഴ്സറി സ്കൂൾ മാത്രമാണ് ഇന്നുള്ള ഏക ബാലവാടി. എല്ലാ വിദ്യാലയങ്ങളോടും ചേർന്ന് പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുകയും ശാസ്ത്രീയമായ പഠന രീതി സ്വീകരിക്കുകയും വേണം. പ്രൈവറ്റ് നഴ്സറികൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും പീഢനമായി മാറിയിരിക്കുന്നതിനാൽ കുട്ടികളുടെ മന:ശാസ്ത്രത്തിന് യോജിച്ച വിദ്യാഭ്യാസരീതി സ്വീകരിക്കണം. കെട്ടിടങ്ങൾ, ഫർണീച്ചറുകൾ, മറ്റു പകരണങ്ങൾ, കളിക്കോപ്പുകൾ, പൂന്തോട്ടം, കളിസ്ഥലം, വെള്ളവും , ലഘുഭക്ഷണവും നൽകാനുള്ള സംവിധാനം എന്നിവ ജനപങ്കാളിത്തത്തോടെ ഓരോ പ്രീ-പ്രൈമറി സ്കൂളുകളിലും ഉണ്ടാകേണ്ടതാണ്. തങ്ങളുടെ കൊച്ചുകുട്ടികളുടെ ഭാവി നിർണ്ണയിക്കുന്ന ആദ്യത്തെ പഠന കേന്ദ്രമെന്ന നിലക്ക് രക്ഷിതാക്കൾ ഇത്തരം സംരംഭങ്ങൾക്ക് പൂർണ്ണസഹകരണം നൽകേണ്ടതാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗനവാടി-ബാലവാടികൾ സ്ഥാപിക്കണം.

2. അനന്തപുരം, സീതാംഗോളി, ഊജംപദവ്, മുകാരിക്കണ്ടം, കട്ടത്തടുക്ക, പർളാടം, പെരിയമുഗർ, ദേറഡ്ക്ക, എന്നിവിടങ്ങളിൽ പുതുതായി എൽ.പി. സ്കൂളുകൾ സ്ഥാപിക്കണം.

3. നിലവിലുള്ള എല്ലാ എൽ.പി. സ്കൂളുകളും യു.പി.യായി ഉയർത്തുകയും സൂരംബയൽ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുകയും ചെയ്യണം.

4. കട്ടത്തടുക്കയിൽ എല്ലാ കോഴ്സുകളോടെ ഒരു കോളേജും ഒരു ടെക്നിക്കൽ കോളേജും ധർമ്മത്തടുക്ക ഹൈസ്കൂളിൽ ഹയർസെക്കൻററി കോഴ്സും അനുവദിക്കണം.

5. സൂരംബയൽ, ചളളങ്കായം കട്ടത്തടുക്ക, സീതാംഗോളി, കണ്ണൂർ, അംഗടിമുഗർ, പൊന്നങ്കളം, ബാഡൂർ, ദേറഡ്ക്ക, മുഗു എന്നിവിടങ്ങളിൽ ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കണം.

6. അംഗടിമുഗർ ഗവ: ഹൈസ്കൂളിൽ 30 മുറികളോടു കൂടിയ പുതിയ കെട്ടിടം പണിയുകയും നിലവിലുള്ള ഓലഷെഡ് സ്ഥിരകെട്ടിടമായി മാറ്റുകയും ആവവശ്യമായ ഫർണീച്ചറും ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഉണ്ടാക്കുകയും കളിസ്ഥലം നിർമ്മിക്കുയും ചുറ്റുമതിലയുകൾ കെട്ടുകയും വേണം. കുടിവെളളത്തിന് ജലസംഭരണി നിർമ്മിച്ച് പൈപ്പ് മുഖേന ഓരോ കെട്ടിടത്തിനും വെളളം ലഭ്യമാക്കണം.

7. സൂരംബയൽ യു.പി .സ്കൂളിന് ആവശ്യമായ പഠ നോപകരണങ്ങൾ , കെട്ടിടം, കുടിവെള്ളം, കളിസ്ഥലം, ലഭ്യമാക്കണം.

8. കണ്ണൂർ, മുഗു, ബാഡൂർ, പുത്തിഗെ, കന്തൽ എന്നീ എൽ.പി. സ്കൂളുകൾക്കാവശ്യമായ ഫർണീച്ചറും, ചുറ്റു മതിലും ലഭ്യമാക്കണം.

9. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും വിദ്യാഭ്യാ സ സമിതികൾ രൂപീകരിച്ച് പദ്ധതി തയ്യാറാക്കി ചിട്ടയോ ടെ നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാക്കണം.

10. എല്ലാ വാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാ പിക്കുകയും വയോജന വിദ്യാഭ്യാസത്തിന്റെ ചുമതല പൂർണ്ണമായും അവയെ ഏൽപ്പിക്കുകയും ചെയ്യണം. ജനവിദ്യാകേന്ദ്രത്തിന്റെ കൺവീനർമാർക്ക് കൂടെക്കൂടെ പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കണം. കൺ വീനർമാർക്ക് യോജ്യമായ പ്രതിഫലം നൽകുകയും വേണം. കെട്ടിടവും ഫർണീച്ചറും മറ്റു സൗകര്യങ്ങളും അനുവദിക്കണം. ഇവയോടനുബന്ധിച്ച് പൊതുലൈബ്രറി യും വായനശാലയും ഉണ്ടാവണം.

11. സ്കൂളുകളിൽ അദ്ധ്യാപക നിയമനം യഥാസമയം നടത്തണം.

12. വിദ്യാലയങ്ങളിൽ വൈദ്യുതീകരണ നടപടികൾ ത്വരിതപ്പെടുത്തണം. കറൻറ് അനുവദിക്കുന്നതിൽ വിദ്യാ ലയങ്ങൾക്ക് മുൻഗണന നൽകണം.

13. വിദ്യാർത്ഥികളുടെ വൈദ്യപരിശോധന ഫലപ്രദവും കുറ്റമറ്റതുമാക്കണം.

14. വികലാംഗ കുട്ടികളെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനുള്ള സംവിധാനം എല്ലാ എല്ലാ പ്രൈമറി ഹെൽ ത്ത് സെൻററുകളിലും ഏർപ്പെടുത്തണം.

15. മുഗു സ്കൂളിനോടനുബന്ധിച്ചുള്ള ഉപയോഗസശൂ ന്യമായി കിടക്കുന്ന കെട്ടിടത്തിന് അറ്റകുറ്റപണികൾ ചെയ്തു ഉപയോഗപ്രദമാക്കുകയും ചുറ്റുമതിൽ സ്ഥാ പിക്കുകയും കളിസ്ഥലവും കുടിവെള്ള സൗകര്യവും ഏർ പ്പെടുത്തണം.

16. സ്കൂളുകളിലെ പഠന നിലവാരം പരിശോധിക്കു ന്നതിന് പഞ്ചായത്ത് തലത്തിൽ വിദഗ്ധ സമിതി രൂപീ കരിക്കുകയും പ്രസ്തുത കമ്മിറ്റികളുടെ നിർദ്ദേശങ്ങളും പരാതികളും ഡിപ്പാർട്ട്മെൻറ് ഗൗരവമായി പരിഗണിക്കാ നുള്ള സംവിധാനമുണ്ടാക്കുകയും വേണം.

17. പഞ്ചായത്ത് തലത്തിൽ ഹെഡ്മാസ്റ്ററുടേയും സ്റ്റാഫ് പ്രതിനിധികളുടെയും യോഗം മാസംപ്രതി ചേർ ന്നു അക്കാദമിക്ക് കാര്യങ്ങൾ മാത്രം ചർച്ച ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. ഓരോ ക്ലാസിലേയും മാസം പ്രതി പഠിപ്പിക്കേണ്ട പാഠ ഭാഗങ്ങൾ , പഠപ്പിച്ചവ പഠപ്പി ക്കാതിരിക്കാനുള്ള കാരണങ്ങൾ, തുടർന്നുപഠിപ്പിച്ചുതീർ ക്കുവാനുള്ള സംവിധാനം, എന്നിവയെക്കുറിച്ച് പ്രസ്തു ത യോഗങ്ങളിൽ വിശകലനം നടത്തപ്പെടണം.

18. അക്ഷരസംഘം കൺവീനർമാർ, ജനവിദ്യാകേന്ദ്രം കൺവീനർമാർ, സാക്ഷരതാ കോ-ഓർഡിനേറ്റർമാർ, കെ.ആർ.പി. മാർ, ജനകീയാസൂത്രണത്തിലെ എൽ.ആർ.പി. മാർ, ഡി.ആർ.പി.മാർ, ഇവരുടെ സേവനം ഉപയോഗപ്പെടുത്തി സമഗ്രവിദ്യാഭ്യാസ സർവ്വെ നടത്തു കയും ഓരോ വാർഡിലും പത്തു വീതം സെൻററുകൾ സ്ഥപിച്ച് ഓരോ സെൻററുകളിൽപ്പെടുന്ന വിദ്യാർത്ഥി കളുടെ പഠന കാര്യങ്ങൾ പരിശോധിക്കുന്നതിനും പ്രശ്നങ്ങളെക്കുറിച്ച് ഹെഡ്മാസ്റ്റർക്കും വിദ്യാഭ്യാസ സമിതിക്കും റിപ്പോർട്ട് നൽകുവാനുള്ള സംവിധാനമുണ്ടാ ക്കണം. പ്രസ്തുത റിപ്പോർട്ടിനെ സ്കൂൾ അധികൃതരും പഞ്ചായത്ത് ഭരണ സമിതിയും ഗൗരവമായി പരിഗണിക്കു യും വേണം.

19. വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥരു ടെ സ്കൂൾ പരിശോധനാ പരിപാടി കാര്യക്ഷമമാക്കു കയും ഓരോ സ്കൂളിലേയും പഠന നിലവാരത്തെക്കുറി ച്ചു പഞ്ചായത്തിൽ റിപ്പോർട്ടു നൽകുവാൻ സംവിധാനമു ണ്ടാക്കുകയും വേണം.

20. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി കൃത്യമായി വിതരണം നടത്തുകയും, പാചക-വിതരണ ചിലവ് പൂർണ്ണമായും അനുവദിക്കുകയും വേണം.. കഞ്ഞി വിതരണത്തിന് ആവശ്യമായ പാത്രങ്ങൾ കുട്ടികൾക്ക് നൽകുകയും മാന്യമായ രീതിയിൽ ക്ലാസിനകത്ത് ഇരു ത്തി കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. സ്കൂളിന് സമീപത്തായി എല്ലാ വിദ്യാ ലയങ്ങളിലും പാചക ഷെഡ് പണിതു കൊഡുക്കണം. കഞ്ഞിവിതരണം ഒരു പാവനമായ കർമ്മമായി പരിഗണി ക്കുകയും കുട്ടികളിൽ മതസൗഹാർദ്ദവും ഏകത്വമനോ ഭാവവും വളർത്തുവാൻ ഈ പരിപാടിയെ ഉപയോഗപ്പെടു ത്തണം.

# പുത്തിഗെ ഗ്രാമ പഞ്ചായത്ത്

## 9:1 സ്കൂൾ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC\ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC\ST കുട്ടികൾ | | | മറ്റുള്ളവർ | | | SC\ST കുട്ടികൾ | | | മറ്റുള്ളവർ | | | മൊത്തം എണ്ണം |
| STD | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 232 | 203 | 435 | 27 | 18 | 45 | 2 | - | 2 | - | - | - | - | - | - | 10 | 3 | 13 | 13 |
| II | 199 | 204 | 403 | 20 | 23 | 43 | 2 | 3 | 5 | 10 | 8 | 18 | - | - | - | 2 | 3 | 5 | 5 |
| III | 232 | 230 | 462 | 25 | 32 | 57 | 2 | 4 | 6 | 11 | 6 | 17 | - | - | - | 3 | - | 3 | 3 |
| IV | 214 | 188 | 402 | 13 | 18 | 31 | - | 2 | 2 | 10 | 5 | 15 | 1 | - | 1 | 5 | 3 | 8 | 9 |
| V | 163 | 138 | 301 | 21 | 15 | 36 | - | 2 | 2 | 10 | 6 | 16 | 1 | 1 | 2 | 3 | 3 | 6 | 8 |
| VI | 208 | 153 | 361 | 16 | 13 | 29 | 2 | 1 | 3 | 11 | 2 | 13 | 2 | 1 | 3 | 5 | 1 | 6 | 9 |
| VII | 229 | 145 | 374 | 20 | 18 | 38 | 3 | 1 | 4 | 11 | 6 | 17 | 3 | - | 3 | 6 | 5 | 11 | 14 |
| VIII | 218 | 139 | 357 | 30 | 17 | 47 | 6 | 1 | 7 | 20 | 6 | 26 | 3 | 1 | 4 | 7 | 2 | 9 | 13 |
| IX | 202 | 139 | 341 | 22 | 26 | 48 | 3 | 5 | 8 | 15 | 7 | 22 | 3 | 3 | 6 | 9 | 7 | 16 | 22 |
| X | 128 | 99 | 227 | 21 | 12 | 33 | - | - | - | - | - | - | 2 | 1 | 3 | - | - | - | 3 |
| ആകെ | 2025 | 1638 | 3663 | 215 | 192 | 407 | 20 | 19 | 39 | 98 | 46 | 144 | 15 | 7 | 22 | 50 | 27 | 77 | 99 |

# പുത്തിഗെ ഗ്രാമ പഞ്ചായത്ത്

## 9:2 സ്കൂളുകളുടെ പൊതു വിവരം

| സ്ക്കൂളിന്റെ പേര് | എൽ.പി യു.പി എച്ച്.എസ് | സ്കൂളിന്റെ ഉടമസ്ഥത | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂളിന്റെ ക്യാമ്പസിന്റെവിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാത്തസ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റുവിവരങ്ങൾ ചുറ്റുമതിൽ/ അറ്റകുറ്റപ്പണി/ ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗവ: | എയ്ഡഡ് | ആൺ | പെൺ | ആകെ | അനുവദിച്ചത് | നിലവിലുള്ള | ഒഴിവുകൾ | ദീർഘകാലാവധി | | | | |
| ജി.എൽ.പി.എസ് കണ്ണൂർ | എൽ.പി | ✓ | | 58 | 67 | 125 | 9 | 8 | 1 | 1 | 3 Acre | Nil | 2 Acre | |
| ജി.എസ്.ബി.എസ് സൂരംബയൽ | യു.പി | ✓ | | 211 | 190 | 401 | 17 | 17 | - | - | 2 Acre | 1.50 Acre | - | |
| എ.ജെ.ബി.എസ് പുത്തിഗെ | എൽ.പി | | ✓ | 76 | 70 | 146 | 8 | 7 | 1 | - | 0.75 | 0.10 | - | |
| ജി.ജെ.ബി.എസ് മുഗു | എൽ.പി | ✓ | | 84 | 79 | 163 | 5 | 5 | - | - | 2Acre | Nil | 1.09 | |
| ജി.എച്ച്.എസ് അംഗടിമുഗർ | എൽ.പി യു.പി എച്ച്.എസ് | ✓ | | 818 | 576 | 1394 | 49 | 48 | 1 | 2 | 3.66 | 0.10 | 1Acre | |
| എ.എൽ.പി.എസ് ബാഡുർ | എൽ.പി | | ✓ | 86 | 71 | 157 | 6 | 6 | - | - | 1.45 | 0.45 | 0.70 | |
| എ.എൽ.പി.എസ് കന്തൽ | എൽ.പി | | ✓ | 87 | 76 | 163 | 5 | 5 | - | - | 0.64 | - | - | yes |
| എ.എൽ.പി.എസ് ചളളങ്കയം | എൽ.പി | | ✓ | 80 | 84 | 164 | 6 | 6 | - | - | 1.90 | 1.00 | 0.25 | yes |
| എസ്.ഡി.പി.എച്ച്.എസ്. ധർമ്മത്തടുക്ക | എച്ച്.എസ് | | ✓ | 303 | 199 | 502 | 20 | 20 | - | - | 3.50 | 0.50 | 0.50 | |
| എ.യു.പി.എസ് ധർമ്മത്തടുക്ക | യു.പി | | ✓ | 274 | 234 | 508 | 13 | 13 | - | - | 2.29 | 1.75 | 0.25 | |

# പുത്തിഗെ ഗ്രാമ പഞ്ചായത്ത്

## 9:3 സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ഡിവിഷനുകൾ | സ്ഥിരം | അർദ്ധസ്ഥിരം | താല്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്കാലികം | ഇനി ആവശ്യമായ മുറികൾ | മുറി നിർമ്മിക്കാൻ ഭൂമിയുണ്ടോ | നിലവിലുള്ള മൂത്ര പുരയുടെ എണ്ണം | എത്രപേർക്ക് ഉപയോഗിക്കാം. | ആവശ്യമുള്ള മൂത്രപ്പുരകൾ | നിലവിലുള്ള കക്കൂസുകൾ | ഉപയോഗ്യശൂന്യമായ കക്കൂസുകൾ | കുടിവെള്ളം. | വൈദ്യുതി . ഉണ്ട് -ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ജിഎൽ.പി. എസ്. കണ്ണൂർ | 8 | 1 | - | - | 3 | - | - | 5 | yes | nil | - | 2 | Nil | 1 | B well | No | No | No | No | 24 | 10 | 4 | 5 | 1Almirah Table 1 Chair 5 |
| ജി.എസ് ബി. എസ് സൂരം ബയൽ | 14 | 2 | 1 | - | 9 | 3 | - | 3 | yes | 2 | - | - | 1 | - | well | No | yes | No | No | 10 | 15 | 2 | - | Cup Board 2 |
| എ. ജെ. ബി.എസ്. പുത്തിഗെ. | 8 | 8 | - | - | 2 | 1 | - | 1 | yes | nil | NA | 2 | nil | nil | No | No | No | No | No | 14 | 16 | 6 | 10 | Shelf 2 Chair 2 |
| ജി.എസ്. ബി. എസ്. മുഗു | 4 | 1 | - | - | 1 | - | 1 | 3 | yes | 2 | 4 | 2 | 1 | - | well | No | No | No | No | 25 | 10 | 2 | 3 | 5 |
| ജി.എച്ച്. എസ്. അംഗടിമുഗർ | 38 | 4 | - | 1 | 18 | - | 7 | 26 | 2 | 6 | 5 | - | 1 | 1 | No | yes | yes | yes | No | 110 | 80 | 40 | 87 | 10 |
| എ. എൽ. പി.എസ് ബാഡൂർ | 8 | 1 | - | - | 4 | - | - | 2 | yes | nil | - | 1 | nil | 1 | B.ell | yes | No | yes | No | 30 | 30 | 2 | 4 | 2 Chairs |
| എ. എൽ. പി. എസ് . കന്തൽ | 4 | 2 | - | - | 5 | - | - | - | yes | 1 | - | 1 | - | - | No | No | yes | No | yes | - | - | - | - | - |
| എം. ഐ എ. എൽ. പി. എസ് ചള്ളംങ്കയം | 6 | 2 | - | - | 6 | - | - | 2 | yes | 2 | 12 | 2 | 2 | 1 | No | No | No | No | No | 22 | 25 | 5 | 5 | 3 |
| എസ്. ഡി. എച്ച്. എസ് ധർമ്മത്തടുക്ക | 11 | 3 | - | - | 16 | - | - | 2 | yes | 2 | 15 | 2 | - | - | B.well | No | No | yes | yes | 10 | 10 | 5 | 10 | 5 Almirah |
| ധർമ്മത്തടുക്ക യു.പി. സ്കൂൾ | 11 | 6 | - | - | 7 | - | - | 2 | yes | 2 | 4 | 2 | 1 | - | well | No | yes | No | No | 15 | 15 | 3 | 3 | 2 long table 5chairs 2 Shelfs 1 Almirah |



# കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളവും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ശുദ്ധമായ വെള്ളം ധാരാളമായി ലഭിക്കുന്ന സ്ഥലങ്ങളിൽ രോഗങ്ങളും മറ്റു പകർച്ച വ്യാധികളും പൊതുവെ കുറവാണ്. പകർച്ചവ്യാധികളുടെ ഉറവിടം തന്നെ മലിനജലത്തിൽ നിന്നാണ്. രോഗങ്ങൾ വന്നതിനുശേഷം ചികിത്സ തേടുന്നതിനേക്കാൾ രോഗങ്ങൾ വരാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത് നിലവിലുള്ള സാഹചര്യത്തിൽ ആശുപത്രി, മരുന്ന് എന്നിവയ്ക്കു കൊടുക്കുന്ന പ്രാധാന്യം വായു, ജലം, ആഹാരം എന്നിവയ്ക്ക് നൽകിയാലെ നമുക്ക് ആരോഗ്യരംഗത്ത് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. കുടിവെള്ളത്തിനായി പുത്തിഗെ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളേയാണ്. ജനുവരി മുതൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒട്ടേറെ പ്രദേശങ്ങൾ ഇന്നു നമ്മുടെ പഞ്ചായത്തിലുണ്ട്. പൊതു ജല വിതരണ സമ്പ്രദായം സാർവ്വത്രികമായി നടപ്പിലാക്കണമെന്നാണ് മിക്ക ഗ്രാമസഭകളിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിഹാരം.

പഞ്ചായത്തിലെ കട്ടത്തടുക്ക മുതൽ സീതാംഗോളി വരെയുള്ള സമതല പ്രദേശങ്ങൾനല്ല ജലസ്രോതസ്സുള്ള സ്ഥലങ്ങളാണ്. വയൽ പ്രദേശങ്ങളിലും ജലം ലഭ്യമാണ്. എന്നാൽ ചെമ്മണ്ണും, പാറയും, മണ്ണും മിശ്രിതമായ കുന്നിൻ പ്രദേശങ്ങളിൽ ജല ലഭ്യത വളരെ കുറവാണ്. ഏകദേശം 10 മീറ്റർകുഴിയുന്നതോടെ ഉറച്ച പാറകളാണ് കണ്ടു വരുന്നത്. പാറ നീക്കിയതിന് ശേഷം വെള്ളം ലഭിച്ചാലും ദുർബലമായ ഉറവ് കാരണം ജനുവരി മാസത്തോട് കൂടി വെള്ളം വറ്റിപ്പോകു ന്നതായി കണ്ടുവരുന്നു. ഇത്തരം പ്രദേശങ്ങ ളിൽ കുഴൽ കിണറുകൾ കുഴിച്ച് വെള്ളം ലഭ്യമാക്കുകയോ ഷിറിയ, പുത്തിഗെ പുഴകളിലെ വെള്ളം ശേഖരിച്ച് പൈപ്പ് മുഖേന വിതരണം നടത്തുകയോ ചെയ്യേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. നിലവിലുള്ള കുഴൽക്കിണറുകൾ മിക്കതും കേടായിരിക്കുന്നു. റിപ്പയർ ജോലി യഥാ സമയം നടക്കുന്നില്ല.
2. പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല.
3. കുഴൽ കിണറുകളിലെ ജലം പല സ്ഥലങ്ങളിലും ഉപയോഗയോഗ്യമല്ല.
4 ദരിദ്ര കുടുംബങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക കഴിവില്ല.
5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കിണർ കുഴിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നിർദേശിക്കപ്പെടുന്ന നിബന്ധനകൾ നീക്കം ചെയ്യേണ്ടതാണ്. സാമ്പത്തിക പരിധി നോക്കാതെ കിണർ കുഴിക്കാൻ സഹായംലഭിക്കുന്നില്ല.

6. വയൽ പ്രദേശങ്ങളിലെ കിണറുകൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ മലിനീകരണത്തിന് ഇടയാകുന്നു.

7. തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുകയും കുളത്തിന്റെയും കിണറുക ളുടേയും പരിസരത്ത് വാഹനങ്ങൾ കഴുകു ന്നത് മൂലവും കുടിവെള്ളം മലിനമാക്ക പ്പെടുന്നു.

8. ജലക്ഷാമമുണ്ടാകുമ്പോൾ ടാങ്കർ വഴി വിതരണം നടത്തുന്ന ജലം ശുദ്ധമായതല്ല.

9. സ്കൂൾ കുട്ടികൾ പരിസരത്ത് കിട്ടാവുന്ന ഏത് വെള്ളവും കുടിക്കുന്നതിനാൽ ആരോഗ്യ പ്രശ്നമുണ്ടാകുന്നു.

**സാധ്യതകൾ**

1. പുത്തിഗെ പുഴയിൽ നിന്നും വെള്ളം ശേഖ രിച്ച് കട്ടത്തടുക്കയിൽ ജലസംഭരണി നിർമ്മിച്ച് പൈപ്പ് മുഖേന വിതരണം നടത്താൻ സംവിധാനമുണ്ടാക്കണം.

2. ബക്കംവളപ്പ് പാർപ്പത്തടുക്ക, സജങ്കില, കട്ടത്തടുക്ക, മംഗലടുക്ക, ആറോളി, മുഗു, സൂരംബയൽ, ബെറുവം, സീതാംഗോളി ഹൗസിംഗ് കോളനി, സീതാംഗോളി ടൗൺ, കളത്തൂർ, കന്തൽ ചോയിമൂല, കന്തൽ മദക്കമൂല, ബള്ളം
വീട്, വികാസ് നഗർ, എയ്യൂർ, മുഗു റോഡ്, പഞ്ചളം കുന്ന്, അമത്തോട്, മംട്ടമെ, മുണ്ട്യത്തടുക്ക, അജ്ജിക്കുമേറ്, കന്തൽ പജ്യാനം കോടി, കോളാർ, ബൊട്ടം, ഉർമി, പൊട്ടുവളം, മുഗുമേറ്, കക്കപ്പാടി, പുത്തിഗെ ബയൽ, അടുക്കത്തൊട്ടി, പന്നിമാവിൻറടി, മഞ്ചട്ടി എന്നിവിടങ്ങളിൽ തുറന്ന കിണറുകൾ കുഴിച്ച് കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാം.

3. മഞ്ചട്ടി, അനന്തപുരം, പള്ളത്തടുക്ക, ചേടാല,
ചള്ളങ്കയം, മംഗലടുക്ക, അജ്ജിക്കുമീർ, ഇട്ടിയാള, ചേവ, ബെറുവം, ബാഡൂർ, മേറുവ മണ്ടനടുക്ക, ഹെദ്ദാരികട്ടെ, ആറോളി, കൊയ്യക്കണ്ടം, പുത്തിഗെ സ്കൂൾ, വികാസ് നഗർ, കട്ടത്തടുക്ക, പുത്തിഗെ ആശുപത്രി പരിസരം, നാട്ടക്കല്ല് മുണ്ടക്കാന ഗിരിജൻ കോളനി, കറുംപദവ്, മുണ്ടാൻതടുക്ക ഹരിജൻ കോളനി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ചു കൊടുക്കണം.

4. ഏറ്റവും ഉയർന്ന സ്ഥലമായ ബാഡൂരിൽ ഷിറിയ പുഴയിൽ നിന്നു വെള്ളം ശേഖരിച്ച് സംഭരണി വഴി വിതരണം നടത്താൻ സംവീധാനമുണ്ടാക്കണം.

5. അനന്തപുരം, സൂരംബയൽ, ധർമ്മത്തടുക്ക എന്നീ സ്ഥലങ്ങളിൽ ടാങ്കു നിർമ്മിച്ച് പൈപ്പ് മുഖേന ജല വിതരണത്തിന് സംവിധാന മുണ്ടാക്കണം.

6. പെരിയമുഗർ കുന്ന്, എവറസ്റ്റ് കുന്ന്, മളാരിക്കുന്ന്, അംഗടിമുഗർ ഹൈസ്കൂൾ കുന്ന്, പർളാടം കുന്ന്, ശാലകുന്ന് എന്നിവിടങ്ങളിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ഷിറിയ, പുത്തിഗെ പുഴയിൽ നിന്ന് വെള്ളം ശേഖരിച്ച് പൈപ്പ് മുഖേന വീടുകളിൽ എത്തിക്കാൻ സംവിധാനമുണ്ടാക്കണം. ജല നികുതി കൊടുക്കാൻ ജനങ്ങൾ തയ്യാറുമാണ്. ഇതു പോലെ മുക്കാരി കണ്ടത്തിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തിയാൽ കോടിമൂല വരെ വെള്ളമെത്തിക്കാവുന്നതാണ്.

7. ബാഡൂരിലെ നിലവിലുള്ള പൊതുകുളവും വാട്ടർ ടാങ്കും ഉപയോഗപ്രദമാക്കാൻ ആവശ്യ മായ നടപടികൾ സ്വീകരിക്കണം.

8. നാട്ടിക്കുന്ന്, മുണ്ട്യത്തടുക്ക ബസ് സ്റ്റോപ്പ്, ബിരിക്കഞ്ച ഗിരിജൻ കോളനി, ആരിയപ്പാടി, പള്ളം എന്നിവിടങ്ങളിൽ ബോർവെൽ സ്ഥാപിക്കുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യണം. ഉറുമി ശുദ്ധജല പദ്ധതി കാര്യക്ഷമമാക്കണം. ജാല്യ എന്ന സ്ഥലത്ത് നിന്നും വെള്ളം ശേഖരിച്ച് മുണ്ട്യത്തടുക്കയിൽ ടാങ്കുണ്ടാക്കി പൈപ്പ് മുഖേന വിതരണം ചെയ്യണം. നികുതി കൊടുക്കാൻ ജനങ്ങൾ തയ്യാറാണ്.

9. വേനൽക്കാലത്ത് പുഴവെള്ളവും കന്നുകാലികളെ കുളിപ്പിക്കുന്നത് മൂലവും വസ്ത്രം അലക്കുന്നത് മൂലവും മലിനമാകുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരണം നടത്തണം.

10. ആശുപത്രി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ യഥേഷ്ടം വെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.

11. കുടിവെള്ള പ്രശ്നം ഒരു സാമൂഹ്യ ബാധ്യതയായി പരിഗണിക്കുകയും പരിഹരിക്കുന്നതിന് മുൻഗണന നൽകുകയും വേണം.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിൽ ജനങ്ങളുടെ സഹകരണം ആവശ്യമാണ്. പൈപ്പ് മുഖേന ഉപയോഗിക്കുന്ന വെള്ളത്തിന്റെ പകുതി അനാവശ്യമായി കളയപ്പെടുന്നുവെന്നതും നാം ശ്രദ്ധിക്കണം. അത് തടയുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാവണം.

12. പുത്തിഗെ പി.എച്ച്.സിയ്ക്കും സ്കൂളിനും ടാങ്ക് നിർമ്മിച്ച് കുടിവെള്ള സൗകര്യം ഉണ്ടാക്കണം.

13. മുഗു റോഡിൽ കുഴൽകിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി കൊല്ലങ്കണ്ടം വരെ കുടിവെള്ളം എത്തിക്കാനുള്ള സൗകര്യമുണ്ടാക്കണം.

## ആരോഗ്യം

ആരോഗ്യ പരിപാലനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം ആകെ ഉള്ളത് പുത്തിഗെ പ്രാഥമിക ആരോഗ്യ കേന്ദ്രവും ധർമ്മത്തടുക്ക ആയുർവേദാശുപത്രിയുമാണ്. ഇന്ന് ജനങ്ങൾ ആശ്രയിക്കുന്നത് കാസർകോട്, കുമ്പള, മംഗലാപുരം എന്നീ പട്ടണങ്ങളേയാണ്. അവിടേയുള്ള വിദഗ്ദ ഡോക്ടർമാരെ പരിശോധനക്കായി ലഭിക്കണമെങ്കിൽ മാസങ്ങൾക്ക് മുമ്പ് ബുക്ക് ചെയ്യേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. സ്വകാര്യ ആശുപത്രികളിലെ അമിതമായ ചാർജ്ജും ജനങ്ങൾക്ക് വലിയ സാമ്പത്തിക പ്രശ്നമായി മാറിയിട്ടുണ്ട്. നാടൻ ചികിത്സാ മുറകളും ഹോമിയോ ആയുർവ്വേദ ചികിത്സയും ജനങ്ങൾ സ്വീകരിക്കുന്നുവെങ്കിലും അലോപ്പതിയാണ് ജനങ്ങൾ പ്രധാനമായും അവലംബിച്ചിട്ടുള്ളത്. നിലവിലുള്ള പ്രാഥമികാ രോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടർമാർ ഇല്ല എന്നത് ഏറെ പ്രയാസമുണ്ടാക്കുന്നു. ആവശ്യമായ ഉപകരണങ്ങളും അത്യാവശ്യ മരുന്നുകളും ലഭ്യമല്ല. കാര്യക്ഷമമായ ഒരു പ്രസവ ശുശ്രൂഷാ കേന്ദ്രവും നമ്മുടെ പഞ്ചായത്തിലില്ല.

പകർച്ചവ്യാധികൾ പൊതുവെ കുറവാണെങ്കിലും ചെങ്കണ്ണ്, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, അഞ്ചാം പനി (കോരം) തുടങ്ങിയ രോഗങ്ങൾ കുട്ടികളിൽ കണ്ടു വരുന്നു. ഇത്തരം രോഗങ്ങൾക്ക് നാടൻ ചികിത്സാ രീതികളാണ് ജനങ്ങൾ സ്വീകരിച്ചു വരുന്നത്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ആശുപത്രികളിൽ നിന്നും ജനങ്ങൾക്ക് ആവശ്യമായ സേവനത്തിന്റെ പത്തു ശതമാനം പോലും ലഭ്യമല്ല.

2. ഏകദേശം 70% വീടുകൾക്കും കക്കൂസില്ല.

3. ദരിദ്ര കുടുംബത്തിലെ കുട്ടികളുടെ പോഷണ നിലവാരം തൃപ്തികരമല്ല.

4. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

5. ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പരിപാലനം ലഭിക്കാനുള്ള സംവിധാനമില്ല.

6. എലി, കൊതുക് എന്നിവയുടെ നശീകരണ നടപടികൾ നടക്കുന്നില്ല.

## സാധ്യതകൾ

1. ധർമ്മത്തടുക്ക, അംഗടിമുഗർ, ബാഡൂർ, മുഗു റോഡ്, മുഗു അനന്തപുരം, സൂരംബയൽ എന്നീ സ്ഥലങ്ങളിൽ പ്രാഥമിക ആശുപത്രികൾ ഉണ്ടാവണം.

2. കക്കൂസുകൾ നിലവിലില്ലാത്ത വീടുകളുടെ സമഗ്രമായ സർവ്വേ നടത്തി എല്ലാ വീടുകളിലും സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം അനുവദിക്കണം. സീതാംഗോളി, സൂരംബയൽ, ധർമ്മത്തടുക്ക, മംഗലടുക്ക, ബാഡൂർ, അംഗടിമുഗർ, പുത്തിഗെ ബയ, കൊല്ലംകണ്ടം, കട്ടത്തടുക്ക എന്നിവിടങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കണം.

3. ധർമ്മത്തടുക്ക ആയൂർവേദാശുപത്രിക്ക് ആവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

4. പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളും ആവശ്യമായ മരുന്നുകളും ലഭ്യമാക്കാവുന്ന ആയൂർവ്വേദ ഹോമിയോ ആശുപത്രികൾ കൂടുതൽ സ്ഥലത്ത് സ്ഥാപിക്കണം.

5. നിലവിലുള്ള സബ്_സെൻററുകൾക്ക് ഫോൺ ലഭ്യമാക്കണം.

6. നാടൻ ചികിൽസയും ഒറ്റമൂലിയും തുടർന്നു നിലനിർത്താൻ പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം. ഇതിനായി ഒരു പ്രത്യേക കേന്ദ്രം സ്ഥാപിക്കണം.

7. എല്ലാ ആധുനിക ഉപകരണങ്ങളും മറ്റു കെട്ടിട സൗകര്യങ്ങളുമുള്ള ഒരാശുപത്രി അംഗടിമുഗർ ഹൈസ്കൂൾ പരിസരത്ത് സർക്കാർ അനുവദിച്ച സ്ഥലത്ത് സ്ഥാപിക്കുകയും ഓരോ ദിവസം വിദഗ്ധ ഡോക്ടർമാരെ വരുത്തി പരിശോധനയ്ക്ക് ഏർപ്പാടുണ്ടുക്കുകയും വേണം. ജനങ്ങൾക്ക് തൃപ്തികരമായ സേവനം ലഭിച്ചാൽ ഡോക്ടർമാരുടെ ഫീസുകൊടുക്കാൻ ജനങ്ങൾ തയ്യാറാകുന്നതാണ്.

8. ദേറുഡുക്ക, ഉറുമി, സൂരംബയൽ, സീതാംഗോളി, കാമനബയൽ, അംഗടിമുഗർ എന്നീ സ്ഥലങ്ങളിൽ ഓരോ കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കണം.

9. പ്രസവത്തിനു മാത്രമായി ആധുനിക സജ്ജീകരണങ്ങളോടെ ഒരു പ്രസവാശുപത്രി സ്ഥാപിക്കുകയും മിതമായ ഫീസ് ഈടാക്കി ചികിത്സ നൽകാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

10. പഞ്ചായത്തിൽ നിലവിലുള്ള ഹെൽത്ത് സെൻറർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററാക്കി ഉയർത്തണം.

11. സ്ത്രീകൾക്കുമാത്രമായി ആരോഗ്യ പരിപാലന പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണം.

12. സ്ക്കൂൾ പരിസരങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വിൽപന കർശനമായി തടയണം.

13. ശുചിത്വം പാലിക്കുന്നതിൽ ബോധവൽക്കരണം നടത്തണം.

14. പൊതു സ്ഥലങ്ങൾ, ആശുപത്രി പരിസരം, സ്ക്കൂൾ പരിസരം എന്നിവ വ്യത്തിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും പരിശോധിക്കാനായി ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും വേണം.

സങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളൊന്നും നമുക്ക് അനുഭവപ്പെട്ടിട്ടില്ലെന്നത് സന്തോഷകരമാണെങ്കിലും ഗ്രാമസഭകളിലും മറ്റും വന്നിട്ടുള്ള ഇത്തരം നിർദ്ദേശങ്ങളെ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

*"എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും*
*സഹകരണാടിസ്ഥാനത്തിൽ നടത്തണം"*
*_ഗാന്ധിജി*



# വ്യവസായം

പുത്തിഗെ ഗ്രാമ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള വ്യവസായങ്ങളൊന്നും നിലവിലില്ല. എങ്കിലും അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തന ക്ഷമമാകുന്നതോടെ ഈ രംഗത്ത് വമ്പിച്ച സാധ്യതകളം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങളൊന്നും ഇപ്പോഴം ഇല്ലെന്നു തന്നെ പറയാം. മരപ്പണിക്കാരായി കുറച്ച് ആശാരി കുടുംബങ്ങളം മാത്രമാണ് ഇന്ന് ആ തൊഴിൽ ചെയ്തു വരുന്നത്. സ്വകാര്യ മേഖലയിൽ മൂന്ന് ഈർച്ച മില്ലുകളം മാത്രമാണ് നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളം. ബീഡി തൊഴിൽ സാർവ്വത്രികമായിട്ടില്ല. ദിനേശ് ബീഡിയുടെ ബാഡൂർ ഡിപ്പോ മാത്രമാണ് നിലവിലുള്ള ബീഡി നിർമ്മാണ കേന്ദ്രം. ഇലയും പൊടിയും വിതരണം ചെയ്യുന്ന ഏജൻറുമാർ മുഖേന വീടുകളിൽ ബീഡിതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചില കുടുംബങ്ങളം ഇവിടെയുണ്ട്. തൊഴിലില്ലാത്ത ധാരാളം പെരുപ്പക്കാരെയും കാണാം. അവർക്കൊക്കെ തൊഴിൽ നൽകാൻ പര്യാപ്തമായ വ്യവസായങ്ങൾക്കുള്ള സാധ്യതകളം പരിശോധിക്കേണ്ടതായിട്ടുണ്ട്. ടൈലറിംഗ്, ടൈപ്പിങ്ങ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൂടുതൽ സാധ്യതയുണ്ട്. വാഹനങ്ങളം പ്രത്യേകിച്ച് ധാരാളം ഉള്ളതിനാൽ ഇവിടെ ഒരു ഗ്യാരേജിന് സാധ്യതയുണ്ട്. കന്തലിൽ ഒരു സോപ്പു നിർമ്മാണ കേന്ദ്രമുണ്ടെങ്കിലും അത് കൂടുതൽ അഭിവൃദ്ധിപ്പെട്ടുവരുന്നതായി കാണുന്നില്ല.

## പ്രശ്നങ്ങളും സാധ്യതകളും

1. കാർഷിക ഉൽപന്നങ്ങൾ സമാഹരിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ യൂനിറ്റുകളം സ്ഥാപിക്കുക.

2. ധർമ്മത്തടുക്ക, ദേറടുക്ക, അംഗടിമുഗർ, പുത്തിഗെ, മുഗു, സൂരംബയൽ എന്നിവിടങ്ങളിൽ ഓരോ ബീഡി വ്യവസായ യൂണിറ്റുകളം ആരംഭിക്കുക.

3. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുന്നതിന് കട്ടത്തടുക്കയിൽ നാട്ടുക്കാർ തയ്യാറാണ്. വ്യവസായ യൂണിറ്റുകളം ആരംഭിക്കാൻ സംവിധാനമുണ്ടാക്കണം.

4. ഗൾഫ്കാരുടെ സാമ്പത്തിക സഹായത്തോടെ പഞ്ചായത്തിൻറെ ആഭിമുഖ്യത്തിൽ മുണ്ടക്കാനത്ത് കശുവണ്ടി വ്യവസായ യൂണിറ്റ് ആരംഭിക്കാൻ സാധ്യതയുണ്ട്.

**5. ബാഡൂരിൽ ഒരു തൊണ്ട് സംസ്ക്കരണ യൂനിറ്റും കശുവണ്ടി സംസ്ക്കരണ യൂണിറ്റുകളം ആരംഭിക്കണം.**

**6. ധർമ്മത്തടുക്കയിൽ ഒരു പട്ടുനൂൽ സംസ്ക്കരണ യൂനിറ്റ് ആരംഭിക്കണം.**

**7. സഹകരണാടിസ്ഥാനത്തിൽ തൊഴിൽ ശാലകളം സൂരംബയലിൽ തുടങ്ങണം. മരപ്പണി, കൊല്ലപ്പണി എന്നീ തൊഴിലിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന** വർക്ക് പരിശീലനം നൽകാൻ സംവിധാനം ഉണ്ടാക്കണം.

8. അംഗടിമുഗറിൽ പാളകൊണ്ട് ഡിസ്പോസൽ പ്ലേറ്റുകളം ഉണ്ടാക്കുന്ന വ്യവസായ യൂനിറ്റ് ആരംഭിക്കണം. പെൺകുട്ടികൾക്ക് മാത്രമായുള്ള ടൈലറിംഗ് ആൻറ് ഗാർമെൻറ് മേക്കിങ്ങ് യൂനിറ്റ് ആരംഭിക്കണം.

9. ധർമ്മത്തടുക്കയിൽ ഒരു ക്ഷീര വ്യവസായ യൂനിറ്റും അടയ്ക്ക സംസ്ക്കരണ വിപണന യൂനിറ്റും ആരംഭിക്കണം.

10. അനന്തപുരത്തുള്ള ''കിൻഫ്രാ കമ്പനി ജനവാസമുള്ള പ്രദേശത്തു നിന്നും ആകാംപാർപ്പില്ലാത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം. പ്ലാസ്റ്റിക്, കൈത്തൊഴിൽ കേന്ദ്രം മര വ്യവസായം തുടങ്ങിയവ ഇവിടെ ആരംഭിക്കണം.

11. വ്യവസായ യൂനിറ്റുകളം ആരംഭിക്കാനുള്ള സാമ്പത്തിക സഹായങ്ങളം സഹകരണ ബാങ്കുകളം വഴി ലഭ്യമാക്കണം.

12. മുണ്ടിത്തടുക്കയിൽ ഖാദി ബോർഡിൻെറ നൂൽ നൂൽപ്പുകേന്ദ്രം സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിലവ സരം ഉണ്ടാക്കണം.

13. കൂട്ട, പായ തുടങ്ങിയവ ഉണ്ടാക്കാനുള്ള വർക്ക്ഷാപ്പുകളം ആദിവാസികേന്ദ്രങ്ങളിൽ നിർമ്മിക്കണം.

14. പഞ്ചായത്തിൽ ആരംഭിക്കാൻ സാധ്യതയുള്ള കുടിൽ വ്യവസായ യൂണിറ്റുകളം.

(1) കശുമാങ്ങ കൊണ്ടുള്ള ജാം

(2) മാങ്ങ, നെല്ലിക്ക - അച്ചാർ നിർമ്മാണം

(3) ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.

(4) കോഴി വളർത്തൽ.

(5) സോപ്പ് നിർമ്മാണം.

(6) ചക്കച്ചുള കൊണ്ടുള്ള മധുര പലഹാരങ്ങളും പപ്പട നിർമ്മാണവും.

(7) ചകിരിനാരുപയോഗിച്ച് വിവിധ തരം ബ്രഷുകളുടെ നിർമ്മാണം.

(8) വെളിച്ചെണ്ണ, തേങ്ങ പാനീയം ഉപയോഗിച്ചുള്ള വിവിധതരം പാനീയങ്ങളം.

(9) ബേക്കറി ഉൽപന്നങ്ങളം.

(10) തെങ്ങിൻ തടികളം, കവുങ്ങിൻ തടികളം, പാളകളം ഇവ ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചറുകളം.

(11) മരം കൊണ്ടുള്ള ഫർണ്ണിച്ചർ നിർമ്മാണം.

(12) കിഴങ്ങു കൊണ്ടുള്ള ചിപ്സ് നിർമ്മാണം.

(13) അടയ്ക്കാ തൊണ്ടുകളം, നാരുകളം ഇവ ഉപയോഗിച്ചുള്ള മെത്തകളം, തലയിണകളം എന്നിവയുടെ നിർമ്മാണം.

(15) ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ ഇവിടെ സുലഭമായി ലഭ്യമാണ്. സീസണുകളിൽ ശേഖരിച്ച് സംസ്ക്കരണം നടത്തി വിപണനം നടത്താവുന്നതാണ്. ഇതിനു വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങളും പരിശീലനവും നൽകാൻ ഇവിടെ തന്നെ സംവിധാനമുണ്ടാക്കണം.

(16) പാൽ ശേഖരണ വിതരണ മേഖല കാർയ്ക്ഷമമാക്കുന്നതിന് വേണ്ടി ക്ഷീര കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പാൽ ഉൽപാദന സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്. ഇറച്ചിക്കോഴി, മുട്ട എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തത്തക്ക രീതിയിൽ സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കണം. ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ തൊഴിലുകൾക്കും പരിശീലനം നൽകാൻ ആവശ്യമായ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

ഗൾഫിൽ നിന്നും വന്നിട്ടുള്ള യുവാക്കൾക്ക് ഇവിടെ തന്നെ തൊഴിൽ നൽകാൻ പര്യാപ്തമായ വ്യവസായ യൂനിറ്റുകളം സ്ഥാപിക്കുന്നതിൽ സംഘടിത പ്രവർത്തനം നടത്തേണ്ടതുണ്ട്.



# ഗതാഗതം ഊർജ്ജം മാർക്കറ്റ്

പുത്തിഗെ പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിന് ഇന്നും റോഡു സൗകര്യങ്ങളില്ല. കുമ്പള-ബദിയഡുക്ക റോഡ് സീതാംഗോളി വരെയും സീതാംഗോളി-പെർള റോഡ് മണിയംപാറ വരെയും കട്ടത്തടുക്ക-ആരിക്കാടി റോഡ് വികാസ് നഗർ വരെയും ഈ പഞ്ചായത്തിലൂടെയാണ് കടന്ന് പോകുന്നത്. ബസ് ഗതാഗതമുള്ള റോഡുകളും ഇവ മാത്രമാണ്. പഴയ കാലത്തെ ഇടവഴികളും റോഡുകളായി മാറ്റപ്പെട്ടതിനാലാണ് ഉൾപ്രദേശങ്ങളിൽ നമുക്കിന്ന് ചില റോഡുകളും ഉണ്ടായിട്ടുള്ളത്. മുമ്പ് ആവശ്യമുള്ള റോഡുകളും ആ പ്രദേശത്തുകാർ ചേർന്ന് സന്നദ്ധ പ്രവർത്തനത്തിലൂടെ ചെയ്യുന്ന പ്രവണതയുണ്ടായിരുന്നു. ഇന്ന് വികസനമെന്നത് റോഡാണെന്നും റോഡുകളും ഉണ്ടാക്കാനുള്ള ചുമതലകളും സർക്കാരിനേതാണെന്നുമുള്ള കാഴ്ചപ്പാടാണ് ജനങ്ങൾക്കുള്ളത്. ജീപ്പുകളുടെ ഉപയോഗം വർദ്ധിച്ചതോടെ മുക്കിലും മൂലയിലും റോഡുകളും ആവശ്യമാണെന്ന് ജനങ്ങളും മുറവിളി കൂട്ടുന്നു. എന്നാൽ ആവശ്യമായ സ്ഥലം വിട്ടു കൊടുക്കാൻ ഉടമസ്ഥർ തയ്യാറാകാത്തതിനാൽ നിർദ്ദേശിക്കപ്പെട്ട റോഡുകളും ഉണ്ടാക്കാനും ഉള്ള റോഡുകളും വീതിപുലീകരിക്കുവാനും സാധിക്കാത്ത അവസ്ഥയാണുള്ളത്. 1994-ലെ കണക്കു പ്രകാരം പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 133.182 കി. മീ. ആണ്. ഇതിൽ 35.835 കി.മീ.കച്ച റോഡുകളും 97.347 കി. മീ. പക്ക റോഡുകളു മാണ്. ഇതിനു ശേഷം കുറെ റോഡുകളും ഇവിടെ നിർമ്മിച്ചിട്ടുണ്ട്.

1975-ൽ പുത്തിഗെ പാലം നിർമ്മിച്ചു കിട്ടിയതോടെയാണ് പുഴയുടെ രണ്ടു ഭാഗങ്ങളും പരസ്പരം ബന്ധമുണ്ടായത്. അതുവരെ കടത്തു വള്ളമായിരുന്നു ഏക ആശ്രയം. വിദ്യാനഗറിൽ തുടങ്ങി കർണ്ണാടകയിലെ മുടിപ്പുവിൽ ചേരുന്ന സമാന്തര മലയോര ദേശീയ പാതയുടെ പ്രയോജനം വളരെയേറെ ലഭിക്കുന്ന പഞ്ചായത്താണ് പുത്തിഗെ. ഈ പാതയിലെ പ്രധാന പാലമായ അംഗടിമുഗർ പാലം തുറന്നു കൊടുക്കുന്നതോടെ നാട്ടിലെ വികസനത്തിൽ പുതിയൊരധ്യായം തുറക്കപ്പെടുമെന്നാണ് വിശ്വസിക്കുന്നത്. ആറാം വാർഡിലെ ദേഡുക്കയും ധർമ്മത്തടുക്കയും ഷിറിയ പുഴയുടെ രണ്ടു തീരങ്ങളിലാണുള്ളത്. അതു കൊണ്ടുതന്നെ പരസ്പരം ബന്ധപ്പെടാൻ കഴിയാതെ വരുന്നു. കന്തൽ, ചള്ളങ്കയം എന്നീ സ്ഥലങ്ങളെ യോജിപ്പിക്കുന്ന രീതിയിൽ ഒരു പാലം നിർമ്മിക്കുകയാണ് ഇതിനുള്ള ഏക പരിഹാരം. ചള്ളങ്കയം മലയാള മീഡിയം സ്ക്കൂളിലെ കുട്ടികൾക്ക് ഏക തുടർ വിദ്യാഭ്യാസ സ്ഥാപനമായ അംഗടിമുഗർ സ്ക്കൂളിലേക്ക് എത്തുന്നതിനും ഇതുമൂലം എളുപ്പം സാധിക്കും.

**പഞ്ചായത്തിലെ റോഡുകളുടെ വിവരം**
**(നിലവിലുള്ളത്)**

| വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|---|
| റോഡുകളുടെ എണ്ണം | 11 | 14 | 13 | 9 | 11 | 4 | 6 | 8 | 13 |

അംഗടിമുഗർ ജംഗ്ഷൻ-പുതിയങ്ങാടി റോഡ് ഇന്ന് മണ്ണിടിയൽ മൂലം നശിച്ചുപോകുന്ന സ്ഥിതിയിലാണ്. പുത്തിഗെ പാലം മുതൽ കട്ടത്തടുക്ക ലക്ഷം വീട് കോളനി വരെയും നാട്ടക്കൽ മുതൽ ഓണിബാഗിലു വരെയും പ്രധാന റോഡുകം വളരെ വളവുകളോടു കൂടിയവയാണ്. സീതാംഗോളി ഒരു പ്രധാന ജംഗ്ഷനായിട്ടും ആവശ്യത്തിന് സൗകര്യമില്ലാത്തതിനാൽ യാത്രക്കാർ വളരെ ബുദ്ധിമുട്ടുന്നുണ്ടെന്ന് മാത്രമല്ല അപകടങ്ങം അവിടെ സാധാരണയാണ്. വിശാലമായ ബസ് സ്റ്റാൻറ് ഉണ്ടാക്കുകയും ബസ്സുകം സ്റ്റാൻറിലൂടെ കടന്നുപോകാനുള്ള സംവിധാനവുമുണ്ടാക്കണം. ബസ്സ്റ്റാൻറുകം വളരെ ചുരുക്കം മാത്രമാണ് നിലവിലുള്ളത്. പുത്തിഗെ ഓഫീസ്, കട്ടത്തടുക്ക, മുഗു റോഡ് എന്നിവിടങ്ങളിൽ മാത്രമാണ് ബസ് വെയ്റ്റിങ്ങ് ഷെഡ്ഡുകം ഉള്ളത്. ഓണിബാഗിലു, ബാഡൂർ, നാട്ടക്കൽ, ഖത്തീബ് നഗർ, പുത്തിഗെ ജംഗ്ഷൻ, മുഹിമ്മാത്ത് നഗർ എന്നിവിടങ്ങളിൽ ബസ് വെയ്റ്റിങ്ങ് ഷെഡ്ഡുകം റോഡിൻെറ ഇരുവശവും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഒരൊറ്റ കെ. എസ്. ആർ. ടി. സി. ബസ്സ് പോലും ഇവിടെ ഓടുന്നില്ല. പ്രധാന ഹൈവേയിലൂടെ ഓടുന്ന ബസ്സുകളെല്ലാം പ്രൈവറ്റ് ബസ്സുകളാണ്. അംഗടിമുഗർ, പെരിയ മുഗർ, കലാനഗർ, എർഗൽ, നായിക്കാപ്പ്, അനന്തപുരം എന്നിവ ബസ്സ് സർവ്വീസിന് സാധ്യതകളുള്ള റൂട്ടുകളാണ്. ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കേണ്ടുന്ന റോഡുകളുടെ വിവരം താഴെ കൊടുക്കുന്നു

1. നായിക്കട്ട - ബൊട്ടം - കുഡാൽ അമ്പലം
2. ഹെട്ടാരിഗട്ടെ - പാർത്ഥ സാരഥി
3. സജങ്കള - ബ്രബ്രങ്കല്ല്
4. പുത്തിഗെ പള്ളി വളവ് - പുതിയതട്ട്
5. ബൊട്ടം - കോളാർ
6. ബാഡൂർ - തോട്ട - കമ്പാർ
7. സീതാംഗോളി - പള്ളത്തടുക്ക - പെർണ
8. ദേലമ്പാടി - ദേലമ്പാടി അമ്പലം
9. ഷെറൂലാബാദ് - അംഗടിമുഗർ പള്ളി
10. മുണ്ടാൻതടുക്ക - ഹരിജൻ കോളനി
11. കറുവൻ കുദൽ - മുഗു
12. അമത്തോടി - കുഞ്ഞിപ്പദവ് റോഡ്
13. കളത്തൂർ - കെമ്മണ്ണ - ബാണ വയൽ
14. മുട്ടമ്പാടി - ബീരിക്കാനം
15. കട്ടത്തടുക്ക - ബാറമൂല - കക്കപ്പാടി ബയലൂർ - കൊല്ലക്കണ്ടം
16. ഉപ്പിനെ - മുഗു
17. മുണ്ടിത്തടുക്ക - ബിരിക്കുഞ്ചെ
18. മുഗു സ്ക്കൂം - സങ്കായം
19. പാലത്തോട് - ഗുഡ്ഡെ റോഡ്
20. കുഞ്ഞിപ്പദവ് - അത്തോടി - ബീരിക്കുഞ്ചെ
21. പോറാജെ - അണക്കെട്ട്
22. മണിയംപാറ - ആംപാർ
23. കൊല്ലക്കണ്ടം - പാൽത്തോട്
24. നാട്ടക്കൽ - മണംപാടി - ബെരുവം
25. ഖത്തീബ് നഗർ - പാടി - വാഴ വളപ്പ്
26. ഖത്തീബ് നഗർ - ആമിനെ
27. സൂരംബയൽ - ദൊഡ്ഡിമാണി - വികാസ് നഗർ
28. ഉപ്പിനെ - ഉപ്പിനെത്തോട്
29. ബാഡൂർ - കേരി
30. ബാഡൂർ - നെയ്മുഗർ - ഭൂതസ്ഥാനം
31. ബേരിയ എസ്. ടി. കോളനി - കൊല്ലക്കണ്ടം

പല പ്രദേശങ്ങളിൽ നിന്നും റോഡുകളുമായി ബന്ധപ്പെടാൻ മഴക്കാലത്ത് വലിയ പ്രയാസം അനുഭവപ്പെടുന്നു. വയലുകളിൽ വെള്ളം കെട്ടി കിടക്കുന്നതിനാൽ സ്ക്കൂം വിദ്യാർത്ഥികം പോലും വളരെ യാത്രാക്ലേശം സഹിക്കേണ്ടിവരുന്നു. ഇതിന് പരിഹാരമായി കൂടുതൽ നടപ്പാതനമുക്കുണ്ടാവണം. നടപ്പാത ആവശ്യമായ സ്ഥലങ്ങം താഴെ കൊടുക്കുന്നു.

1. ഉപ്പിനെ - മുഗു സ്ക്കൂം
2. ഖത്തീബ് നഗർ - കൊല്ലനടുക്കം
3. ഭൂതക്കല്ല് - തോണിക്കടവ്
4. കംക്കാർ - ദേലമ്പാടി
5. ചിക്കണമുഗർ - പെർളാഡം
6. പെർളാഡം - വാഴവളപ്പ്
7. കൊട്ടൂടർ - അമ്പട്ടക്കണ്ടം
8. കമ്പന്തളം - പെരിയമുഗർ
9. വാരഞ്ചെ - കോവൂർ
10. തോട്ടം - ഉറുമി
11. പുത്തിഗെ ബയലു - കോളിച്ചാൽ
12. പുത്തിഗെ - പുത്തിഗെ ടെമ്പിം
13. പക്കിണിഗെ - നാട്ടക്കൽ
14. ഉറുമി - മുഗു
15. പുത്തിഗെ ഗുത്തു - കെമ്മണ്ണ
16. വികാസ് നഗർ - കല്ലുടുമ്പി
17. അടുക്കത്തൊട്ടി - മാണബയലു
18. കയ്യംകൂടൽ - കാണാജെ
19. മജക്കാർ - ബേര്യ
20. ബാഡൂർ - മൈരെ തോണിക്കടവ്
21. പള്ളിവളപ്പ് - പുത്തിഗെ പുഴ
22. തോട്ട - ബീരിക്കാന
23. സന്തഗട്ടെ - പുത്തിഗെ പുഴ

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ വീതി കുറവ്.
2 വളവുകൾ കൂടുതൽ.
3. മണ്ണൊലിപ്പ് നീക്കാനുള്ള സംവിധാനമില്ലായ്മ
4. ആവശ്യത്തിന് കൾവർട്ടുകളില്ല.
5. റോഡിന് മുകളിലെ മഴവെള്ളം ഒഴുകിപ്പോകാൻ ഡ്രെയിനേജുകളില്ലാത്തതിനാൽ റോഡുകൾ നശിക്കുന്നു.
6. നടപ്പാതകളിൽ വെള്ളം കെട്ടിക്കിടക്കുന്നു.
7. റോഡ് ടാർ ചെയ്യപ്പെടാത്തത്.

## സാധ്യതകൾ

1.മണിയമ്പാറ-കന്തലയം റോഡ്, ബാഡൂർ-പേക്കട്ടച്ചാൽ റോഡ്, പർളാഡം-എർഗൽ റോഡ്, മുണ്ടിത്തടുക്ക-പുത്തിഗെ റോഡ് ,പാടലടുക്ക-ഉറുമി,പൊന്നങ്കുളം,മുഗു റോഡ്, നാട്ടക്കൽ-ദേലമ്പാടി റോഡ് എന്നിവ ടാർ ചെയ്യണം.

2. കണ്ണൂരിൽ മൊഗ്രാൽ പുഴയ്ക്ക് പാലം നിർമ്മിക്കണം.

3. പുത്തിഗെ-മുഗു റോഡിലെ അമ്പലത്തിനടുത്ത് പാലം പണിയണം.

4. ഖത്തീബ് നഗർ -കൊംക്കാർ റോഡ് പഞ്ചാ യത്ത് ഏറ്റെടുത്ത് നന്നാക്കണം-ടാർ ചെയ്യണം.

5. കളത്തൂർ-സൂരംബയൽ ബന്ധിപ്പിക്കുന്ന സാറടി എന്ന സ്ഥലത്ത് പാലം നിർമ്മിച്ച് റോഡ് ഗതാഗതം സുഗമമാക്കണം.

6. ബൊട്ടം എന്ന സ്ഥലത്ത് പെർമുദ റോഡിനെ ബന്ധിപ്പിക്കുന്ന നടപ്പാലം നിർമ്മിക്കണം.

7. സൂരംബയൽ-ദൊഡ്ഢമാണി-വികാസ് നഗർ റോഡ് ബന്ധിപ്പിക്കണം.

8. അംഗടിമുഗർ ജംഗ്ഷൻ-പുതിയങ്ങാടി റോഡിലേക്കുള്ള മണ്ണിടിച്ചിൽ തടയാൻ നടപടികൾ സ്വീകരിക്കണം. പുതിയങ്ങാടിയിൽ ബസ്സ് തിരിയാൻ സൗകര്യം ഉണ്ടാക്കണം.

9. എല്ലാ ബസ്സുകളും അംഗടിമുഗർ-പുതിയങ്ങാടി ടച്ച് ചെയ്തു പോകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

10. ഒമ്പതാം വാർഡിലേയും മൂന്നാം വാർഡിലേയും ഒരൊറ്റ റോഡും ടാർ ചെയ്തിട്ടില്ല. അവ മുഴുവനും ടാർ ചെയ്യാൻ നടപടി സ്വീകരിക്കണം.

11.പുത്തിഗെ-പി.എച്ച്.സി- സ്കൂൾ റോഡ്, മുഹിമ്മാത്ത് നഗർ റോഡ് ടാർ ചെയ്യാൻ നടപടി ഉണ്ടാവണം.

12. ടാർ ചെയ്യാൻ ബാക്കിയുള്ള റോഡുകൾ മുഴുവനും ഉടനെ ടാർ ചെയ്യുകയും അറ്റക്കുറ്റ പ്പണികൾ യഥാസമയം നടത്തുകയും വേണം.

13. റോഡ് നിർമ്മാണവും, ടാർ ചെയ്യലും, അറ്റക്കുറ്റ പ്പണിയും എല്ലാം ജനകീയ സമിതികളെ ഏൽപ്പിക്കണം.

14. നാട്ടക്കല്ല്- ആമിനെ റോഡിന്റെ അടുത്ത് അണക്കെട്ട് ബണ്ടിലേക്ക് നടപ്പാലം നിർമ്മിക്കണം.

15.സീതാംഗോളി- പെർള റോഡിൽ എ.കെ.ജി നഗർ, മുഹിമ്മാത്ത് നഗർ എന്നിവിടങ്ങളിൽ ബലമായ കൾവർട്ട് സ്ഥാപിക്കുകയും മഴവെള്ളം ഒഴുകിപ്പോകാൻ പാലുകൾ ഉണ്ടാക്കുകയും വേണം.

16. നോണങ്കൽ- ആർച്ചാൽ , കെതുറോളി- സൻട്ട നടുക്ക, കോവൂർ- ദേവസ്സ എന്നിവിടങ്ങളിൽ നടപ്പാലം പണിയണം.

17. കൊല്ലക്കണ്ടം- ഉറുമി, നാട്ടക്കൽ-ഉറുമി തോടുകൾക്ക് പാലം നിർമ്മിക്കണം.

18. ഷിറിയ അണക്കെട്ടിന്റെ മേൽവശം 75 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും ഒരു മിനി ബ്രിഡ്ജ് പണിയേണ്ടതാണ്. ഇതുമൂലം എൺമകാജെ, പൈവളിഗെ പഞ്ചായത്ത് പ്രദേശങ്ങളെ യോജിപ്പിക്കാൻ സാധിക്കുന്നതാണ്. രണ്ടുവശങ്ങളിലും അപ്രോച്ച് റോഡ് ഇപ്പോൾ തന്നെ നിർമ്മിച്ചിട്ടുണ്ട്.

## ഊർജ്ജം

മിക്ക വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. മുമ്പ് സുലഭമായി കിട്ടിക്കൊണ്ടിരുന്നു വിറക് . എന്നാൽ ഇന്ന് വിറക് ശേഖരണം വളരെ ദുരിത പൂർണ്ണമായിരിക്കുന്നു. തെങ്ങു കൃഷി തുടങ്ങിയതോടെ അൽപ്പം ആശ്വാസമുണ്ടെങ്കിലും ഊർജ്ജപ്രതിസന്ധി ഇവിടെ വലിയ പ്രശ്നം തന്നെയാണ് . മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാകം ചെയ്യുന്നവർ ഇവിടെ വളരെ കുറവാണ്. വിറക് വിൽപ്പന ഡിപ്പോകൾ ഇവിടെ ഒന്നും തന്നെയില്ലെന്ന് പറയാം.

## വൈദ്യുതി

വൈദ്യുതി പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും എത്തിയിട്ടില്ല. ധർമ്മത്തടുക്ക. കോളാർ, ദേറടുക്ക, അനന്തപുരം, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങൾക്ക് ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. പഞ്ചായത്ത് തലത്തിൽ ഒരു പഞ്ചായത്ത് സെക്ഷൻ ഓഫീസ് തുടങ്ങേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ട്രാൻസ്ഫോർമർ നിലവിലുള്ള സ്ഥലവും ഇനിയും സ്ഥാപിക്കേണ്ട സ്ഥലവും അന്യത്ര കൊടുക്കുന്നു.

## പട്ടിക

| വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച സ്ഥലം | ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | ഇനി സ്ട്രീറ്റ് ലൈറ്റ് ആവശ്യമുള്ള സ്ഥലവും എണ്ണവും | വൈദ്യുതി എത്താത്ത സ്ഥലങ്ങൾ |
|---|---|---|---|---|
| (25 എണ്ണം)<br>1. കണ്ണൂർ<br>2. തൊടയാർ<br>3. അനന്തപുരം ഇൻഡ സ്ട്രിയൽ എസ്റ്റേറ്റ് 1<br>4. " " 2<br>5. ഷട്ടറംപാടി<br>6. പെർണെ<br>7. ഗോളിമറ<br>8. അപ്സര സോ മിൽസ്<br>9. സൗദാ വുഡ്സ്<br>10. നസീമാ വുഡ്സ്<br>11. മുകാരി കണ്ടം<br>12. മുഗു റോഡ്<br>13. എടപ്പാടി<br>14. എടനാട്<br>15. പുത്തിഗെ _1<br>16. പുത്തിഗെ _2<br>17. മുഗു<br>18. കമ്മന്തില<br>19. അംഗടിമുഗർ<br>20. ബാഡൂർ<br>21. മണിയമ്പാറ<br>22. ഷിറിയ<br>23. മുണ്ടക്കാന<br>24. കോടിക്കുന്ന്<br>25. യൂനിടെക് | 1. നായിക്കട്ട<br>2. ധർമ്മത്തടുക്ക<br>3. ഹളെമനെ<br>4. പെർണെ<br>5. ഉർമി<br>6. ചേവം<br>7. കോടി<br>8. ഖത്തീബ് നഗർ<br>9. പർളാഡം<br>10. [illegible]ഡുക്ക<br>11. പജ്യാനം<br>12. നാട്ടക്കൽ (അംഗടിമുഗർ) | 24 എണ്ണം | 1. എ.കെ.ജി. നഗർ പുത്തിഗെ പഞ്ചായത്ത് ഓഫീസ്<br>(10)<br>2.കലാനഗർ_അംഗടിമുഗർ ജംഗ്ഷൻ (നാട്ടക്കൽ_ കൊറഗ കോളനി) ബാഡൂർ റോഡ്<br>(10)<br>3. പജ്യാനം_ സൂരംബയൽ<br>(5)<br>4. സജങ്കില ഹരിജൻ കോളനി_കളത്തൂർ<br>(5) | 1. മേപ്പോട്<br>2. ധർമ്മത്തടുക്ക<br>3. ചള്ളങ്കയം<br>4. ചന്നിക്കൊടി<br>5. പൂക്കള<br>6. കോളാർ<br>7. ഇഡ്യാല<br>8. മുണ്ടിച്ചിക്കാന എസ്.ടി.കോളനി<br>9. സന്തനടുക്ക<br>10. ദേലമ്പാടി<br>11. നെയ്മുഗറു<br>12. അൾച്ചാർ<br>13. ബള്ളം വീട്<br>14. കട്ടത്തടുക്ക<br>15. പാടലഡുക്ക<br>16. ഉപ്പിളിഗെ<br>17. പള്ളം, പഞ്ചവളം കുന്ന് |

## പ്രശ്നങ്ങൾ

1.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

2 .ഇലക്ട്രിക്ക് തൂണുകൾ പഴകിപ്പോയിട്ടുണ്ട്.

3 .വേനൽക്കാലത്ത് കാർഷികാവശ്യത്തിനുള്ള മോട്ടോറുകൾ കുറഞ്ഞ വോൾട്ടേജ് കാരണം പ്രവർത്തിക്കുന്നില്ല.

4 . വിറക് ക്ഷാമം രൂക്ഷം- മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ ലഭിക്കുന്നില്ല.

5 .തെരുവ് വിളക്കുകൾ എവിടെയും സ്ഥാപിച്ചിട്ടില്ല.

## സാധ്യതകൾ

1. മംഗലടുക്ക വഴി പൂങ്കുളം, അജ്ജിക്കുമീർ, എന്നീ സ്ഥലത്തേക്ക് അടിയന്തിരമായി വൈദ്യുതി എത്തിക്കണം. മൂന്നാം വാർഡിലെ വീടുകൾക്കും വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം.

2. സൂരംബയൽ ലക്ഷം വീടു കോളനി വൈദ്യുതീകരിക്കണം.

3 . വികാസ് നഗർ, ഖത്തീബ് നഗർ, കട്ടത്തടുക്ക, ബാഡൂർ ഓണിബാഗിലു, സീതാം ഗോളി, സൂരംബയൽ എന്നിവിടങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണം.

4. കറൻറ് ചാർജ്ജ് പിരിക്കുന്നതിന് സീതാംഗോളിയിൽ ഒരു ഇലക്ട്രിക്ക് കളക്ഷൻ സെൻറർ സ്ഥാപിച്ചു പ്രവർത്തനം ആരംഭിക്കണം.

5 . കൂടുതൽ ലൈൻമാനെ നിയമിച്ച് അറ്റകുറ്റപ്പണികൾ ചെയ്യാൻ സംവിധാനമുണ്ടാക്കണം.

6 . നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം അനുവദിക്കണം. കണക്ഷൻ നൽകുന്നതിൽ മുൻഗണന നൽകണം.

7 . അമിതമായ വൈദ്യുതി ഉപയോഗം തടയാൻ പഞ്ചായത്ത് തന്നെ നടപടികൾ സ്വീകരിക്കണം.

8. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ''പൊസട്ടുഗുമ്പയിലെ ഉയർന്ന സ്ഥലത്ത് കാറ്റുകൊണ്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചുറ്റു ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുകയും ചെയ്യാവുന്നതാണ്. വൈദ്യുതി ചാർജ്ജ് പഞ്ചായത്തിലേക്ക് നൽകിയാൽ വിഭവ സമാഹരണത്തിന് സഹായകമാകുന്നതുമാണ്. കൂടാതെ സോളാർ സിസ്റ്റം ഗോബർ ഗ്യാസ് തുടങ്ങിയ പദ്ധതികൾക്കും രൂപം നൽകാവുന്നതാണ്.

9. വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരുമായി ആറു മാസത്തിലൊരിക്കൽ പഞ്ചായത്തു തലത്തിൽ ജനസമ്പർക്ക പരിപാടികൾക്ക് സംവി ധാനമുണ്ടാക്കണം.

10. വൈദ്യുതി ജീവനക്കാർക്ക് സാമൂഹ്യ ബാധ്യതയെക്കുച്ചുള്ള പരിശീലനം സംഘടിപ്പിക്കുകയും അഴിമതി തടയാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

11. വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കാനുള്ള ബോധവൽക്കരണം ജനങ്ങൾക്ക് നൽകണം.

## മാർക്കറ്റ്

പജ്യാനം, ബാഡൂർ, ഖത്വീബ് നഗർ, പുതിയങ്ങാടി, പുത്തിഗെ, കട്ടത്തടുക്ക, മുഗുറോഡ്, സീതാംഗോളി, സൂരംബയൽ തുടങ്ങിയ സ്ഥലങ്ങളാണ് പ്രധാനമായ കച്ചവട കേന്ദ്രങ്ങൾ. ഒരു ബസാർ എന്നു പറയാവുന്നത് സീതാംഗോളി മാത്രമാണ്. ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾക്ക് ആശ്രയിക്കുന്നത് ഇന്നും കുമ്പള ടൗണിനെയാണ്. സീതാംഗോളി, ബാഡൂർ, ധർമ്മത്തടുക്ക എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റുകൾ സെൻററുകൾ സ്ഥാപിക്കുവാനുള്ള സാധ്യതയുണ്ട്.

കൺസ്യൂമർ സ്റ്റോറുകളോ മാവേലി സ്റ്റോറോ ഒന്നും നിലവിലില്ല. പച്ചക്കറി സ്റ്റോറിനുള്ള സാധ്യതകൾ സീതാംഗോളി, അംഗടിമുഗർ, ബാഡൂർ എന്നീ സ്ഥലങ്ങളിലുണ്ട്.

ഇറച്ചി മാർക്കറ്റ്, മത്സ്യ മാർക്കറ്റ് എന്നിവ നിലവിലില്ല. ആട്, കോഴി, പോത്ത് എന്നിവയുടെ ഇറച്ചി ഉപയോഗിക്കുന്നവർ ധാരാളമുണ്ടെങ്കിലും അവ ലഭിക്കാനുള്ള സൗകര്യങ്ങളൊന്നുമില്ല ശാസ്ത്രീയമായ ഒരു ഇറച്ചി മാർക്കറ്റ് ആരംഭിക്കേണ്ടിയിരിക്കുന്നു. നെല്ല്, അടയ്ക്ക, തേങ്ങ, കശുവണ്ടി, എന്നിവ വിറ്റഴിക്കാനുള്ള സംവിധാനം ഇന്നു പഞ്ചായത്തിലില്ല.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. അടയ്ക്ക, കശുവണ്ടി എന്നിവ സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കണം. കോ-ഓപ്പറേറ്റീവ് ബാങ്കുകൾ വഴി സംഭരിക്കാൻ ഏർപ്പാടു ചെയ്യണം.

2. സീതാംഗോളി, കട്ടത്തടുക്ക, ഖത്തീബ് നഗർ, ബാഡൂർ എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റ് ഉണ്ടാക്കണം.

3. ആഴ്ച ചന്തകൾ സംഘടിപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. ബാഡൂരിൽ അതിനുള്ള സൗകര്യം കൂടുതലായി കാണുന്നു.

ഗതാഗതം, ഊർജ്ജം, വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിൽ മുഴുവൻ ജനങ്ങളും സംഘടിത ശ്രമം നടത്തുകയും അവയുടെ ദുരുപയോഗം തടയാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്താൽ ഈ മേഖലയിലെ പ്രതിസന്ധിയിൽ നിന്നും നമുക്ക് കരകയറാൻ സാധിക്കുന്നതാണ്.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

സുഹൃദ്ബന്ധങ്ങൾക്കും മത സൗഹാർദ്ദത്തിനും ഒരു മാതൃകയാണ് നമ്മുടെ പ്രദേശങ്ങൾ. സാമൂഹ്യ സേവന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടുവളരെ വ്യക്തികളും സംഘടനകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം ജനങ്ങളും സാധാരണക്കാരായ കൃഷിക്കാരും മറ്റു തൊഴിലാളികളുമാണ്.

കാസർകോട് ജില്ലയുടെ തീരപ്രദേശങ്ങളിൽ കാണുന്നത് പോലെ "കോൺക്രീറ്റ് വീട്" സംസ്കാരം നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കടന്ന് വന്നിട്ടില്ല.

ഗൾഫ് പണത്തിന്റെ സ്വാധീനം സാമ്പത്തിക രംഗത്ത് നിർണ്ണായകമാണെങ്കിലും സാധാരണക്കാരായ കുറെ കുടുംബങ്ങൾ സുഭിക്ഷമായി ഭക്ഷണം കഴിച്ച് ജീവിക്കുന്നു എന്നത് മാത്രമാണ് ഗൾഫ് പണം കൊണ്ടുണ്ടായിട്ടുള്ള ഗുണഫലം. ഉൽപാദനപരമായ മേഖലയിലേക്ക് അവരുടെ സമ്പത്ത് പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. "ഔട്ട്പാസ്" മൂലം വളരെ കൂടുതൽ ചെറുപ്പക്കാർ ഗൾഫിൽ നിന്ന് തിരിച്ചു വരേണ്ടരായി വന്നിട്ടുണ്ട്. ഇവരുടെ പുനരധിവാസം സങ്കീർണ്ണമായ ഒരു സാമൂഹ്യ പ്രശ്നമാണെങ്കിലും അവർ മറ്റു സ്ഥലങ്ങളിൽ ജോലിക്കായി ശ്രമിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ആകെ 2570 വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആകെ ജനസംഖ്യ 16486 ആണ്. ശരാശരി ഒരു വീട്ടിൽ ആറിൽ കൂടുതൽ പേർ താമസിച്ചു വരുന്നതായി മനസ്സിലാക്കാം. കുറച്ചു കുടുംബങ്ങൾ വിവിധ കോളനികളിൽ താമസിച്ചു വരുന്നു. മറ്റുള്ളവരൊക്കെ സ്വന്തം വീടുകളിലാണ് താമസിക്കുന്നത്.

വളരെ ചുരുക്കം കുടുംബങ്ങൾ മാത്രമാണ് വാടക വീടുകളിൽ താമസിക്കുന്നത്. വീടുകളെ മൂന്ന് തരമായി തിരിക്കാവുന്നതാണ്.

1. ഓല വീടുകൾ
2. ഓട് വീടുകൾ
3. ടെറസ് വീടുകൾ.

ഓല വീടുകളിൽ താമസിച്ചിരുന്ന കുടുംബങ്ങൾ ഓട് വീടുകളിലേക്കും ടെറസ് കെട്ടിടങ്ങളിലേക്കും മാറുകയാണുണ്ടായിട്ടുള്ളത്. ഈ മാറ്റത്തിൽ ഗൾഫ് പണം നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഓല വീടുകളിൽ താമസിക്കുന്നവരുടെ സമഗ്രമായ ഒരു സർവ്വെ നമുക്ക് എടുക്കേണ്ടതുണ്ട്. ഈ വീടുകളെല്ലാം ഓടു വീടുകളായി മാറ്റാനുള്ള സംവിധാനമുണ്ടാക്കണം.

പുതുക്കിപ്പണിയുകയോ പുതുതായി നിർമ്മിക്കുകയോ ചെയ്യുന്ന വീടുകൾ പൂർവ്വ സ്ഥാനത്ത് തന്നെയാണ് കെട്ടിവരുന്നതെങ്കിലും നല്ല നെൽക്കൃഷി വയലുകൾ പോലും നികത്തി കെട്ടടം പണിയുന്ന അപൂർവ്വം ചില സംഭവങ്ങളും ഇവിടെയുണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവണതയെ നമുക്ക് നിരുൽസാഹപ്പെടുത്തണം.

ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്ന ബാങ്കുകളോ മറ്റു സ്ഥാപനങ്ങളോ ഇവിടെയില്ല. ഭവന നിർമ്മാണവായ്പകൾ സാധാരണക്കാരന് ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കേണ്ടതുണ്ട്. നിലവിലുള്ള കോ_ഓപ്പ റേറ്റീവ് ബാങ്കുകൾ മുഖേന വായ്പലഭ്യമാക്കേണ്ടതാണ്. വായ്പാവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീടുകളോ കൈവശമുള്ള മറ്റ് ഭൂമിയോ ഈടായി സ്വീകരിച്ചു വായ്പ ലഭ്യമാക്കുക.
2. ഗുണഭോക്താവ് തയ്യാറാക്കുന്ന സ്വന്തം പ്ലാനും, സ്കെച്ചും അംഗീകരിക്കുക.
3. പലിശനിരക്ക് കുറയ്ക്കുക, തവണകളായി തിരിച്ചടയ്ക്കാനുള്ള നിബന്ധന ഉദാരമാക്കുക.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽ 591 പേർക്ക് ഇനിയും വീട് അനുവദിക്കേണ്ടതുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകൾ നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ആകെ 1213 വീടുകൾക്ക് കക്കൂസുകൾ ആവശ്യമാണെന്ന് കാണുന്നു. സർവെയുടെ പരിധിയിൽപ്പെടാത്ത 800 ഓളം വീടുകൾക്കും കക്കൂസുകൾ സ്വന്തമായിട്ടുണ്ടെന്നാണ് പഠനയാത്രാ സമയത്ത് മനസ്സിലാക്കുവാൻ സാധിച്ചത്.

## പ്രശ്നങ്ങളും സാധ്യതകളും

1. മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കമുള്ളവർക്ക് കൂടി ഭവന നിർമ്മാണപദ്ധതി പ്രകാരം വീടുകൾ നൽകാൻ സംവിധാനമുണ്ടാക്കണം.
2. പഞ്ചായത്തിലെ മുഴുവൻ ഓല മേഞ്ഞ വീടുകളും ഓട് മേയാൻ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.
3. ലക്ഷം വീടുകൾ ഓരോ കുടുംബത്തിനുമായി വെവ്വേറെ മാറ്റി അനുവദിച്ചു കൊടുക്കണം.
4. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്ക് സൗജന്യമായി വീട് ഉണ്ടാക്കി കൊടുക്കണം.
5. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൂടുതൽ പ്രോത്സാഹനം നൽകി തൊഴിലാളികളെ ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
6. പർളാസം, ദേരടുക്ക, കണ്ണൂർ എന്നിവിടങ്ങളിൽ ലക്ഷം വീട് കോളനികൾ അനുവദിക്കണം. പട്ടികജാതി_കൊറഗ വിഭാഗങ്ങളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് സൗജന്യമായി നൽകണം. വീടുകൾ ആവശ്യപ്പെട്ട് ഇതിനകം അപേക്ഷ നൽകിയവർക്ക് മുൻഗണന നൽകണം.
7. കോളനികളിലെ എല്ലാ വീടുകൾക്കും ചുറ്റുമതിൽ സ്ഥാപിക്കണം.
8. സഹകരണ മേഖലയിൽ ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുന്നതിന് നേതൃത്വം വഹിക്കണം.
9. കോളനികളിലെ ശുചീകരണം നിർബ്ബന്ധമാക്കുകയും പരിശോധനകൾക്ക് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുകയും വേണം. ശുചീകരണം പാലിക്കാത്ത അന്തേവാസികളെ വീടുകളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ശുചീകരണം ഒരു സാമൂഹ്യ _ ആരോഗ്യ _ പ്രശ്നമായി പരിഗണിക്കേണ്ടതാണ്.

## സാമൂഹ്യ ക്ഷേമം

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ 1450 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരിൽ 164 പേർ എസ്.സി. _എസ്.എസ്.ടി. കുടുബങ്ങളാണ്.

ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതി പ്രകാരം 95 _ 96 വർഷത്തിൽ ആനുകൂല്യങ്ങളൊന്നും ലഭ്യമായിട്ടില്ല. 94_95 രണ്ട് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലാക്കാക്കി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി.

ഡബ്ലിയു.സി.ആർ.എ. 10% പലിശനിരക്കിൽ ബാങ്ക് വായ്പയും , മൂന്നിലൊരുഭാഗം സബ് സിഡിയും ലഭിക്കുന്നു. ഈ വർഷം കട്ടത്തടു ക്കയിൽ ഒരു ഗാർമെൻറ് മേക്കിംഗ് ആൻറ് ടൈലറിംഗ് സ്ഥാപനം അനുവദിച്ചുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ഇനിയും ധാരാളമായി ആരംഭിക്കാലുള്ള സംവിധാനമുണ്ടാകണം.

എട്ടാം പദ്ധതിക്കാലത്ത് ട്രൈസം പദ്ധതി പ്രകാരം തൊഴിൽ നേടിയവർ ആകെ രണ്ടു പേരാണ്. പഞ്ചായത്തിലുള്ളത്. ദാരി ദ്രരേഖക്ക് താഴെയുള്ളവരിൽ 18 മുതൽ 35 വയസ് വരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് "ട്രൈസം പദ്ധതി".

സി.ആർ.എസ്.പി. മറ്റു പദ്ധതിപ്രകാര വും 52 കക്കൂസുകൾ അനുവദിച്ചുട്ടുള്ളതായി കാണുന്നു. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

ആർ.എ.പി. പ്രകാരം ആനുകൂല്യങ്ങൾ നേടിയവർ ആകെ 27 പേരാണ്. ഇനിയും 32 പേർ ഈ സഹായത്തിന് അർഹതയുള്ള വരുടെ കൂട്ടത്തിലുണ്ട്. ഗ്രാമീണ കൈത്തൊഴി ലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകു ന്ന പരിപാടിയാണിത്.
വിവിധ പെൻഷൻ ലഭിക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു.

വിധവാ പെൻഷൻ _ 92
വികലാംഗ പെൻഷൻ_ 23
വാർദ്ധക്യ പെൻഷൻ _ 1
ക്ഷയരോഗ പെൻഷൻ _1

ഇവ കൂടാതെ കർഷകർതൊഴിലാളി പെൻഷൻ വാങ്ങുന്നവരും ഇവിടെയുണ്ട്.

വിവിധ ക്ഷേമ പ്രവർത്തനങ്ങളിലൂടെ ആനുകൂല്യങ്ങൾ നേടിയവർ വളരെ തുച്ച മാണെന്നാണ് മേൽസൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത്. ക്ഷേമര പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് അപ്പപ്പോൾ അറിയിക്കുന്നതിനും അവ നേടാനുള്ള വഴി മനസിലാക്കിക്കൊടുന്ന തിനും കൂട്ടായ സംവിധാനമുണ്ടാക്കണം.

അംഗണവാടികളൊന്നും നിലവിലില്ലാ ത്ത പഞ്ചായത്തെന്ന ബഹുമതി നമുക്കെന്നത് വളരെ പരിതാപകരമാണ്. 20 മുതൽ 50 വരെ അംഗണ വാടികളുള്ള പഞ്ചായത്തുകൾ കേരളക്കരയിൽ ഉണ്ടെന്നുള്ളത് മനസിലാക്കു മ്പോഴാണ് നമ്മുടെ ദയനീയത കൂടുതൽ പ്രകടമാകുന്നത്.

വിവിധ ക്ഷേമനിധികളിൽ തൊഴിലാളി കളെ അംഗങ്ങളായി ചേർക്കുന്ന പരിപാടി ത്വരിതപ്പെടുത്തേണ്ടതാണ്. കയർ തൊഴിലാളി ക്ഷേമ നിധി , കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി , ആഭരണതൊഴിലാളിക്ഷേമനിധി, കൈതൊഴിലാളി , വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി തുടങ്ങിയവയാണ് പ്രധാനപ്പെട്ട ക്ഷേമനിധികൾ.

ഇവയുടെ പ്രവർത്തനങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല.

## പ്രശ്നങ്ങളും സാധ്യതകളും

1. അർഹതപ്പെട്ട എല്ലാവർക്കും എല്ലാ പെൻഷനുകളും കാലതാമസം കൂടാതെ കൃത്യമായി ലഭ്യമാക്കണം.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൃദ്ധ_അഗതി മന്ദിരങ്ങൾ സ്ഥാപിക്കണം.

## പൊതുവിതരണം

പഞ്ചായത്തിലാകെ 6 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. മറ്റു പൊതുവിതരണ സ്റ്റോറുകളൊന്നും തന്നെ നിലവിലില്ല. പജ്യാനം, അംഗടിമുഗർ, മുഗു, കട്ടത്തടുക്ക, അനന്തപുരം, കണ്ണൂർ എന്നിവി ടങ്ങളിൽ പുതുതായി റേഷൻ ഷാപ്പുകൾ അനുവദിക്കേണ്ടതാണ്.

ഐ.ആർ.ഡി.പി പദ്ധതി പ്രകാരം ഈ വർഷം 32 കുടുംബങ്ങൾക്ക് സഹായം നൽകാൻ അനുമതി ലഭിച്ചിട്ടുണ്ട്. അനുവദിച്ച തുക : 48,0000 രൂപ.

ഡിഡബ്ലൂ.സി.ആർ.എ പദ്ധതിയിൽ ഒരു യൂണിറ്റ് അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക : 1,40,000 രൂപ.

ഭവന നിർമ്മാണ പദ്ധതി **(IAY, JRY)** പ്രകാരം 14 വീടുകൾ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക : 308000 രൂപ.

സി.ആർ.എസ്.പി പദ്ധതി പ്രകാരം 21 കക്കൂ സുകൾ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുക : 42000 രൂപ.

ആർ.എ.പി_ട്രൈസം പദ്ധതികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



# സംസ്ക്കാരം

എല്ലാ വിഭാഗം ജനങ്ങളും പരസ്പരം സ്നേഹത്തോടും ഐക്യത്തോടും കൂടി ജീവിച്ചു വരുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കലാ കായിക രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്രങ്ങം ഇവിടെ വളരെ കുറവാണ്. എന്നാൽ നാടകം, പാട്ട്, കഥാപ്രസംഗം, യക്ഷഗാനം, തെയ്യംകെട്ട്, ദഫ്മുട്ട്, കോൽക്കളി തുടങ്ങിയവയിൽ താൽപര്യമുള്ള ധാരാളം കലാ പ്രേമികം നമ്മുടെ നാട്ടിലുണ്ട്. കലാ സാംസ്ക്കാരിക പരിപാടികം സംഘടിപ്പിക്കപ്പെടുന്ന വേദികളിൽ നല്ല സദസ്സുകം ഉണ്ടാവാറുണ്ട് എന്നത് കലയോട് നമുക്കുള്ള ആഭിമുഖ്യത്തെ സൂചിപ്പിക്കുന്നു.

പണ്ടു കാലങ്ങളിൽ അമ്പലങ്ങളും പള്ളികളും കേന്ദ്രീകരിച്ചായിരുന്നു കലാ പ്രകടനങ്ങം നടത്തിയിരുന്നത്. മതപരമായ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട ചില കലാരൂപങ്ങളും പരിപാടികളിൽ ഉംപ്പെട്ടിരുന്നതായി മനസ്സിലാക്കാം.

ഹിന്ദു ദേവാലയങ്ങളിൽ തെയ്യംകെട്ട്, യക്ഷഗാനം, ഹരികഥ തുടങ്ങിയവ സാധാരണ യായിരുന്നു. ഇവയൊക്കെ ഹൈന്ദവ മതചരിത്രവുമായി ബന്ധപ്പെട്ട കലാരൂപങ്ങളായിരുന്നു. അംഗടിമുഗറിലെ കറോർത്തി വൈദ്യർ പ്രസിദ്ധനായ തെയ്യം കെട്ടുകാരനായിരുന്നു. പഴയകാലത്തെ മുസ്ലീം സൂഫിവര്യൻമാരെ ബഹുമാനിക്കുന്നതിന്റെ പേരിൽ നടത്തപ്പെട്ടിരുന്ന ഒരു കലാരൂപമാണ് ദഫ് മുട്ട്. ബദർ, ഉഹ്ദ് തുടങ്ങിയ യുദ്ധ ചരിത്രങ്ങം വിവരിക്കുന്ന യുദ്ധപ്പാട്ടുകം ഇന്നത്തെ കഥാ പ്രസംഗ രൂപത്തിൽ നടത്തിയിരുന്നു. അമ്പലങ്ങളിൽ മാസങ്ങളോളം നീണ്ടുനിൽക്കുന്ന രാമായണ വിവരണവും പള്ളികളിൽ നാൽപത് ദിവസ വയള് (മതപ്രസംഗം) പരിപാടികളും സംഘടിപ്പിക്കുമായിരുന്നു. ഈ പരിപാടി കളിലെല്ലാം എല്ലാ വിഭാഗം ജനങ്ങളും സംബന്ധിച്ചിരുന്നുവെന്നത് മതവിശ്വാസത്തിലുപരി മനുഷ്യ ബന്ധങ്ങംക്ക് വില കൽപ്പിച്ചിരുന്നുവെന്നതിന്റെ ഉത്തമ ഉദാഹരണമാണ്.

1960-80 വർഷങ്ങളിൽ സ്ക്കൂളുകം കേന്ദ്രീകരിച്ച് നാടകങ്ങം അവതരിപ്പിക്കുക സാധാരണയായിരുന്നു. അംഗടിമുഗർ സ്ക്കൂം വാർഷികങ്ങളോടനുബന്ധിച്ച് പ്രശസ്തമായ പല നാടകങ്ങളും നമ്മുടെ നാട്ടിലെ കലാകാരൻമാർ തന്നെ നല്ല രീതിയിൽ അവതരിപ്പിക്കുകയും ജനങ്ങളുടെ പ്രശംസ പിടിച്ചു പറ്റുകയും ചെയ്തിട്ടുണ്ട്.

സ്ത്രീധനം, കാഫിർ, തീ പിടിച്ച ആത്മാവ്, കണ്ടം വെച്ച കോട്ട്, അഗ്നി പരീക്ഷ, അശ്വമേധം തുടങ്ങിയ പ്രശസ്തമായ മലയാള നാടകങ്ങൾ സ്ക്കൂൾ സ്റ്റേജിലും മറ്റു വേദികളിലും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. 1976-ൽ നാട്ടലെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളെയും തുറന്നു കാണിക്കുകയും സ്ത്രീധന പീഢനം കാണ്ട് ദുരിതമനുഭവിക്കേണ്ടിവന്നിരുന്ന ഇണകളുടെ ജീവിതത്തെ ഹൃദയ സ്പർശിയായി നാടകത്തിലൂടെ അവതരിപ്പിക്കപ്പെട്ടത് സമൂഹത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഇന്ന് സ്ക്കൂൾ വാർഷികാഘോഷങ്ങളുടെ സ്ഥാനത്ത് സ്ക്കൂൾ യുവജനോത്സവങ്ങൾ സ്ഥാനം പിടിച്ചിരിക്കുകയാണ്. എല്ലാ വിഭാഗം കുട്ടികളും എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തുവരുന്നു. സ്ക്കൂൾ വിദ്യാർത്ഥികളുടെ കലാ നൈപുണ്യത്തെ പോഷിപ്പിക്കുന്നതോടൊപ്പം പരസ്പരം ഐക്യവും സ്നേഹവും വളർത്തുന്നതിൽ സ്ക്കൂൾ യുവജനോത്സവ പരിപാടികൾ സഹായകരമാണെന്നുള്ളത് സത്യം മാത്രമാണ്. നമ്മുടെ അനവധി പള്ളികളും അമ്പലങ്ങളും അവരവരുടെ മതാചാരങ്ങളുടെ കേന്ദ്രമായി സ്വതന്ത്രമായി കാര്യനിർവഹണം നടത്തിവരുന്നു. ചരിത്ര പ്രസിദ്ധങ്ങളായ ധർമ്മസ്ഥാപനങ്ങളാണ് 450 വർഷം മുമ്പ് സ്ഥാപിക്കപ്പെട്ട പുത്തിഗെ ജമാഅത്ത് പള്ളിയും തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കിനിമാനി-പൂമാനി ദേവസ്ഥാനവും, അംഗടിമുഗർ ജുമാഅത്ത് പള്ളി മുസ്ലീം പണ്ഡിതൻമാരെ സൃഷ്ടിക്കുന്നതിലും മത പ്രബോധനത്തിനും നേതൃത്വം വഹിച്ചിരുന്നതുമായ ഒരു സ്ഥാപനമായിരുന്നു. ''രണ്ടാം പൊന്നാണി'' എന്നറിയപ്പെട്ടിരുന്ന പള്ളി ദർസിൽ ഒരേ സമയത്ത് നൂറോളം മതവിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഭക്ഷണവും മറ്റും സൗജന്യമായി നൽകിയിരുന്നു.

ചള്ളങ്കയം ജുമാമസ്ജിദ്, കന്തൽ ജുമാ മസ്ജിദ്, മുഗു ജുമാ മസ്ജിദ്, പെർണെ ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം, ശ്രീ അനന്തപത്മനാഭ സ്വാമി ദേവസ്ഥാനം തുടങ്ങിയവ വളരെ പൂർവ്വ കാലത്ത് സ്ഥാപിക്കപ്പെട്ട മത സ്ഥാപനങ്ങളാണ്. അമ്പലത്തിനു ചുറ്റും കുളവും കുളത്തിൽ സ്ഥിരമായി കാണുന്ന മുതലയും തൊട്ടടുത്തുള്ള അത്ഭുതകരമായ ഗുഹയും ഈ അമ്പലത്തിന്റെ പ്രത്യേകതകളാണ്. ഇവയെല്ലാം നാട്ടിലെ ജനങ്ങളുടെ സാംസ്ക്കാരിക ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

താഴെ കാണിച്ചിരിക്കുന്ന കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഒട്ടും തൃപ്തികരമല്ല.

1. എസ്. കെ. എസ്. സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബ്ബ്, പുത്തിഗെ.
2. യുവശക്തി അംഗടിമുഗർ.
3. പുത്തിഗെ പഞ്ചായത്ത് വെൽഫെയർ കമ്മിറ്റി.
4. കൈരളി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് കട്ടത്തടുക്ക.
5. നവജ്യോതി, മുഖാരിഗദ്ദെ.
6. ശ്രീ ദുർഗ്ഗാ യുവക സംഘം, ബാഡൂർ.
7. വിനയ, ബാഡൂർ.
8. നവചേതന, ബാഡൂർ.
9. ഫ്രണ്ട്സ് ക്ലബ്ബ്, ദേറഡുക്ക.
10. നവ ശക്തി, സൂരംബയൽ.
11. യൂത്ത് ക്ലബ്ബ്, ധർമ്മത്തടുക്ക.
12. സന്തോഷ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബ്, സീതാംഗോളി.
13. ബ്രദേർസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, കന്തൽ.
14. പ്രകൃതി, അനന്തപുരം.
15. യുവശക്തി, പുത്തിഗെ പള്ളം.
16. പ്രീതി ആർട്ട്സ് ക്ലബ്ബ്, പൊന്നങ്കുളം.
17. വീര ഹനുമാൻ സ്പോർട്ട്സ് ക്ലബ്ബ്, മുക്കാരിക്കണ്ടം.
18. ചേലൻജ് ആർട്ട്സ് ക്ലബ്ബ്, മുഗുറോഡ്, പുത്തിഗെ.
19. അസ്ക്കോ, മുഗുറോഡ്, പുത്തിഗെ.

ഇവയിൽ ചിലത് വാർഷികോത്സവവും മറ്റും സംഘടിപ്പിക്കുകയും അതിനോടനുബന്ധിച്ച് ഒരു ദിവസത്തെ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തുവരുന്നു. ചില സംഘടനകൾ കലാകായിക മത്സരങ്ങളും സൗജന്യ മെഡിക്കൽ ക്യാമ്പുകളും മറ്റും നടത്തിവരുന്നതായി കാണുന്നു. ഇവയ്ക്കൊന്നും ചിട്ടയോടുകൂടിയ പ്രവർത്തന ശൈലി ഇല്ലന്നത് അവയുടെ വളർച്ചയെ സാരമായി ബാധിക്കുന്നു. പുത്തിഗെ എസ്. കെ. എസ്. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുത്തിഗെ അമ്പലത്തിന്റെ ഉത്സവത്തോടനുബന്ധിച്ച് നടത്തിവരുന്ന വാർഷികാഘോഷ പരിപാടികൾ ധാരാളം ജനങ്ങളെ ആകർഷിച്ചുവരുന്നു.

1993-ൽ കാലിക്കറ്റ് യൂനിവേഴ്സിറ്റി ഡിഗ്രി പരീക്ഷയിൽ റാങ്ക് നേടിയ അംഗടിമുഗറിലെ എം. എ. മുഹമ്മദ് അസ്ലം , സീതാംഗോളിയിലെ സി. എച്ച്. സർവ്വമംഗള എന്നീ വിദ്യാർത്ഥികൾക്ക് പുത്തിഗെ പഞ്ചായത്ത് വെൽഫയർ കമ്മിറ്റി ഏർപ്പെടുത്തിയ സ്വർണ്ണമെഡൽ അന്നത്തെ ജില്ലാ കലക്ടർ പി. കമാൽകുട്ടി ഊജംപദവിൽ 10-11-1993ന് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് വിതരണം നടത്തുകയുണ്ടായി. ഈ രണ്ടു വിദ്യാർത്ഥികളും പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സിലും റാങ്കോടുകൂടി വിജയിച്ച് പഠനം തുടർന്നു വരുന്നത് നമ്മുടെ പഞ്ചായത്തിനു തന്നെ അഭിമാനകരമാണ്. ധർമ്മത്തടുക്കയിലുള്ള ഒരു വായനശാല മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. മുമ്പ് മുഹമ്മദ് ശെറൂൽ മെമ്മോറിയൽ ലൈബ്രറി അംഗടി മുഗറിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും അത് തുടർന്നും നിലനിർത്താൻ നമുക്ക് സാധിച്ചില്ല. വിശാലമായ പൊതുകളിസ്ഥലങ്ങളൊന്നും തന്നെ നമുക്കില്ല. ധർമ്മത്തടുക്കയിൽ ഒരു മിനി സ്റ്റേഡിയം ഉണ്ടെങ്കിലും അതിന്റെ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തിനും ലഭിക്കുന്നില്ല. സാക്ഷരതാ പ്രവർത്തനം ഏറ്റവും നല്ല രീതിയിൽ നടത്തപ്പെട്ട ഒരു പ്രദേശമാണ് നമ്മുടേത്. മൂന്ന് ജനവിദ്യാകേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

## പ്രശ്നങ്ങളും സാധ്യതകളും

1.ബാഡൂരിലും മുക്കാരികണ്ടത്തിലും ഓരൊ പൊതു സ്റ്റേഡിയം സ്ഥാപിക്കണം.

2. കട്ടത്തടുക്ക, ഹെട്ടാരികട്ടെ, മുണ്ടക്കാനം,സൂരംബയൽ, ബാഡൂർ, മുഗു, ധർമ്മത്തടുക്ക, അംഗടിമുഗർ, മംഗലടുക്ക, മുണ്ടാൻതടുക്ക എന്നിവിടങ്ങളിൽ ടി. വി. സെൻററുകൾ അനുവദിക്കുകയും കൃത്യമായി ഓപ്പറേറ്റ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.

3. തെയ്യം കെട്ട്, ദഫ്മുട്ട്, കോൽക്കളി, യക്ഷഗാനം, പോത്തോട്ടം, ഒറ്റക്കോലം, നാടൻ പാട്ടുകൾ, കൊയ്ത്തു പാട്ടുകൾ, മാപ്പിള പ്പാട്ടുകൾ ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തികൊണ്ടു വരുന്നതിനും നടപടികൾ സ്വീകരിക്കണം. യക്ഷഗാന പരിശീലന കേന്ദ്രം അനന്തപുരത്ത് സ്ഥാപിക്കണം.

4. കായിക പ്രതിഭകളെ വളർത്തികൊണ്ടുവരുന്നതിന് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. കട്ടത്തടുക്കയിൽ ഒരു മിനി സ്റ്റേഡിയം ഉണ്ടാക്കണം.

5. പഞ്ചായത്തിലെ മുഴുവൻ കലാ കായിക സാംസ്ക്കാരിക സംഘടനകളേയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു പൊതു വേദിക്ക് രൂപം നൽകുകയും സ്ഥാപനമേധാവികൾക്ക് പരിശീലനം സംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

6. എല്ലാ വാർഡുകളിലും വായന ശാലയും സാംസ്ക്കാരിക നിലയവും സ്ഥാപിക്കുക.

7. സാക്ഷരതാ പ്രവർത്തനങ്ങൾ പുനർജ്ജീവിപ്പിക്കുന്നതിന് ജന വിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുക.

8. മദ്യപാനം, മയക്കു മരുന്ന്, പുകവലി, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സാംസ്ക്കാരിക സംഘടനകളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. കലാ കായിക രംഗത്ത് താൽപര്യമുള്ളവരുടെ സമഗ്രമായ ഒരു സർവേ നടത്തുകയും അവരുടെ കലാപ്രകടനങ്ങൾ അവതരിപ്പിക്കുന്നതിന് അവസരമുണ്ടാക്കുകയും ചെയ്യുക.

10. അംഗടിമുഗർ ഹൈസ്ക്കൂളിനോടനുബന്ധിച്ച് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

11. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിവിധ ഗ്രാൻറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് ഒരു പൊതു ലൈബ്രറി ആൻറ് റീഡിഗ് റൂം സ്ഥാപിക്കുക.

# അധികാരം ജനങ്ങളിലേക്ക്

☆ അധികാരവികേന്ദ്രീകരണം
വഴി ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

☆ 9-ാം പദ്ധതി ജനകീയപദ്ധതി

☆ 40% പദ്ധതി വിഹിതം
പഞ്ചായത്തുകൾക്ക്

☆ വികസന പ്രക്രിയ അഴിമതി
രഹിതമാകുന്നു

☆ ബഹുജന സഹകരണം അനിവാര്യം



5 9

# വനിത

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ പൊതു രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്കു അപ്രാപ്യമായിരുന്നു. ആഘോഷങ്ങളിലും അതുപോലുള്ള പൊതുപരിപാടികളിലും സ്ത്രീ പങ്കാളിത്തം ഒട്ടും ഉണ്ടായിരുന്നില്ല. വളരെ ചെറിയ പ്രായത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുത്തിരുന്ന സമ്പ്രദായം എല്ലാ സമുദായത്തിലും നിലവിലുണ്ടായിരുന്നു.

1991-ലെ സെൻസസ് പ്രകാരം പുത്തിഗെ പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 8311 ആണ്. പുരുഷൻമാരേക്കാൾ 136 സ്ത്രീകൾ കൂടുതലാണ്.

1974-ൽ അംഗടിമുഗറിലും 1976-ൽ ധർമ്മത്തടുക്കയിലും ഓരോ ഹൈസക്കൂളുകൾ അനുവദിക്കപ്പെട്ടതിന് ശേഷമാണ് ഇവിടത്തെ പെൺകുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടി തുടങ്ങിയത്. എന്നാലും പഴയപോലെ തന്നെ സ്ത്രീകളുടെ ജോലി അടുക്കളയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. സെക്കണ്ടറി വിദ്യാഭ്യാസത്തിനു ശേഷം പെൺകുട്ടികൾക്കും തുടർന്നു വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കൾ താത്പര്യം കാണിക്കുന്നില്ല. ഇതിന്റെയെല്ലാം ഫലമായി പെൺകുട്ടികളുടെ സാമൂഹിക പങ്കാളിത്തം വളരെ കുറഞ്ഞുവരുന്നതായി കാണുന്നു.

തൊഴിൽ മേഖലയിലും സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. ബീഡി മേഖലയിൽ മാത്രമാണ് അവരുടെ സാന്നിദ്ധ്യം അൽപ്പമെങ്കിലും കണ്ടുവരുന്നത്.

1991 ലെ സെൻസസ് പ്രകാരം തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക അന്യത്ര കൊടുക്കുന്നു.

നെല്ല് കൊയ്യുന്ന ജോലിയിൽ കുറച്ചു സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു.

വനിതകളുടെത് മാത്രമായി ഡി.ഡബ്ല്യു. സി.ആർ. എ. യൂണിറ്റുകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. ഇപ്പോൾ കുടുംബശ്രീയിൽ ഈ തരത്തിലുള്ള ഒരു സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് നമ്മുക്ക് പ്രതീക്ഷയക്കു വക നൽകുന്നു. ഇത്തരം സംരംഭങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും തുടങ്ങേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്കിടയിൽ ഉണ്ടായിരുന്ന നിരക്ഷരതക്ക് പരിഹാരം കാണുന്നതിൽ 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകരമായിട്ടുണ്ട്.

സ്ത്രീകൾക്കു നേരേയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണെന്നു പറയാം. മദ്യപാനികളായ കുടുംബങ്ങളിൽ നിന്നു സ്ത്രീകൾക്ക് പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നതായി മനസ്സിലാക്കുന്നു. സ്വാതന്ത്ര്യവും ആരോഗ്യമുള്ള സ്ത്രീകൾ ഏൽപ്പിച്ച ജോലികൾ പുരുഷൻമാരെക്കാൾ ഭംഗിയായും ചിട്ടയോടുകൂടിയും ചെയ്ത് വരുന്നതായിട്ടാണ് പൊതുവെ കണ്ടുവരുന്നത്. നഴ്സിംഗ്, ടൈലറിംഗ്, ടീച്ചിംഗ് തുടങ്ങിയവ സ്ത്രീകൾക്ക് ഏറ്റവും യോജിച്ച ജോലികളാണ്. കൂടുതൽ ഉത്തരവാദിത

മുള്ള ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളിലും ഉത്തരവാദിത്വം ഏൽപ്പിക്കുവാനുള്ള താൽപര്യ കുറവ് പുരുഷൻമാർക്കിടയിലും കണ്ടുവരുന്നു.

പുതിയ പഞ്ചായത്ത് രാജ് സംവിധാനം അനുസരിച്ച് സ്ത്രീകൾക്ക് 1/3 പ്രാതിനിധ്യം നിർബന്ധമായതിന്റെ അടിസ്ഥാനത്തിൽ കുറച്ച് സ്ത്രീകൾ സാമൂഹ്യ രംഗത്ത് പ്രവർത്തിച്ചു വരുന്നതായി കാണുന്നു.

സ്ത്രീധന സമ്പ്രദായം പെൺ കുട്ടികളുടെ കുടുംബ ജീവിതത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി കണ്ടുവരുന്നു.

## പ്രശ്നങ്ങളും സധ്യതകളും

1. സ്ത്രീധനം, വിവാഹ ധൂർത്ത് ,മദ്യപാനം എന്നിവയ്ക്ക് എതിരെ ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാവണം.
2 അംഗടി മുഗർ , മുഗു , എടനാട്, കണ്ണൂർ മംഗലടുക്ക പൊന്നംഗളം , ധർമ്മത്തടുക്ക , ദേറടുക്ക, വികാസ് നഗർ , മുണ്ടക്കാനം എന്നിവിടങ്ങളിൽ വനിതാ തൊഴിൽ ശാലകൾ ആരംഭിക്കണം.
3. അനാഥ പെൺകുട്ടികളുടെ വിവാഹ സഹായത്തിനുള്ള സാമ്പത്തിക സഹായം 10,000 രൂപ യായി വർദ്ധിപ്പിക്കണം.
4. മദ്യപാനം പൂർണ്ണമായും നിരോധിക്കണം.
5. സീതാംഗോളിയിൽ മഹിളാ ഹോസ്റ്റൽ സ്ഥാപിക്കണം.
6. പഞ്ചായത്തിൽ പെൺകുട്ടികൾക്കു മാത്രമായി ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.
7. സ്ത്രീ പുരുഷ വേതനം എല്ലാ മേഖലയിലും തുല്യമാക്കണം. സ്ത്രീകൾക്കു മാത്രമായി ആഭരണ നിർമ്മാണ പരിശീലന കേന്ദ്രം ആരംഭിക്കണം.
8. കുടുംബ നാഥയായി പ്രവർത്തിക്കുന്ന സ്ത്രീകൾക്കു പ്രത്യേക ആനുകൂല്യങ്ങൾ നൽകി വീടുണ്ടാക്കാൻ സംവിധാനം ഉണ്ടാക്കുക.
9. എല്ലാവാർഡിലും മഹിളാ സമാജങ്ങൾ രൂപീകരിച്ചു അവയ്ക്കു അംഗൻ വാടികൾ അനുവദിക്കുക.
10. വിവിധ പെൻഷൻ , അഗതി പെൻഷൻ മറ്റു ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
11. കോഴി വളർത്തൽ, ഡയറി ഫാം, റെഡി മെയ്ഡ് വസ്ത്രം , അച്ചാറു നിർമ്മാണം, കശുമാങ്ങ, സ്ക്വാഷ് തുടങ്ങിയവയുടെ യൂണിറ്റുകൾ അനുവദിച്ചു സ്ത്രീകൾക്കു കൂടുതൽ തൊഴിൽ അവസരം ഉണ്ടാക്കുക.
12. സ്ക്കൂൾ , കോളേജ് വിദ്യാർത്ഥികൾക്കു ബസ്സിലും മറ്റും പ്രത്യേക പരിഗണന നൽകുകണം. മണിക്കൂറുകളോളം ബസ്സിന് പുറത്ത് ക്യൂ നിർത്തി പീഡിപ്പിക്കുന്ന ക്രൂരമായ നടപടികൾ അവസാനിപ്പിക്കേണ്ടതാണ്.

അക്ഷര സംഘം , ജനവിദ്യാകേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ വനിതാ ചർച്ചാ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാവുന്നതാണ്. അവർക്കു ലഭ്യമാക്കാവുന്ന തൊഴിൽ അവസരങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. പ്രൈമറി തലത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ തയ്യാറാക്കുന്ന പദ്ധതികളിൽ സ്ത്രീകൾക്കു മെച്ചപ്പെട്ട പ്രാതിനിധ്യം നൽകേണ്ടതാണ്.

| മൊത്തം തൊഴിലാളികൾ | | കൃഷിക്കാരുടെ എണ്ണം | | കർഷക തൊഴിലാളികൾ | | കന്നുകാലി വളർത്തൽ മൽസ്യ ബന്ധനം മുതലായവ | | ഖനി തൊഴിലാളികളും കച്ചറി തൊഴിലാളികളും | | കുടിൽ വ്യവസായ കരുടെ എണ്ണം | | മറ്റു വ്യവസായ തൊഴിലാളികൾ | | നിർമ്മാണ തൊഴിലാളികൾ | | വ്യാപാരവും വാണിജ്യവും | | ഗതാഗത വാർത്താവിനിമയം | | മറ്റു തൊഴിലുകൾ | | സാധാരണ കൂലിക്കാർ | | തൊഴിലില്ലാത്തവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| 3857 | 1698 | 750 | 96 | 1296 | 272 | 502 | 25 | 73 | 3 | 8 | 8 | 210 | 1198 | 102 | 1 | 373 | 3 | 138 | 1 | 405 | 91 | 128 | 232 | 4190 | 6381 |



# സഹകരണ മേഖല

1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർ ഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു. കേരളത്തിൽ ഇന്ന് എല്ലാ മേഖലയിലും സഹകരണ സംഘങ്ങൾ രൂപീകൃതമായിട്ടുണ്ട്. കർഷകർ, അദ്ധ്യാപകർ, എൻ.ജി.ഒ. തൊഴിലാളികൾ എന്നിവർക്കൊക്കെ അവരവരു ടേതായി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

പുത്തിഗെ ഗ്രാമ പഞ്ചായത്തിൽ മൂന്ന് പ്രധാനപ്പെട്ട സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത്.

1. അംഗടി മുഗർ സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്ക്.

2. മുഗു സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്ക്.

3. എനാട് സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്ക്.

1919 ലാണ് അംഗടി മുഗർ സർവ്വീസ് കോ_ഓപ്പറേറ്റീവ് ബാങ്ക് പ്രവർത്തനം ആരംഭിച്ചത്. മുഗു ബേങ്ക് 1952 ലും എടനാട് ബേങ്ക് 1939 ലുമാണ് പ്രവർത്തനം തുടങ്ങിയത്.

മൂന്നു ബാങ്കുകൾ മുഖേന വിതരണം ചെയ്യപ്പെടുന്ന വായ്പകളുടെ വിവരം താഴെ കൊടുക്കുന്നു.

1. എസ്.റ്റി. അഗ്രികൾച്ചറൽ വായ്പ 5031460 രൂ.
2. എം.റ്റി. അഗ്രികൾച്ചറൽ വായ്പ 1984867 രൂ.
3. എൽ.റ്റി. അഗ്രികൾച്ചറൽ വായ്പ 6516647രൂ.

**മറ്റു വായ്പകൾ:**

1. എസ്.റ്റി. എൻ.എ 3786977 രൂ
2. എം.റ്റി. എൻ.എ 3657736 രൂ
3. എൽ.റ്റി എൻ.എ 54210 രൂ

**പ്രത്യേക വായ്പകൾ:**

1. ക്യാഷ് ക്രെഡിറ്റ് 3082226 രൂ.
2 സ്വർണ്ണ വായ്പ 5551616 രൂ.
3. മറ്റുള്ളവ 132616 രൂ.

മറ്റുള്ളവ ബാങ്കുകളിലായി 4674 അംഗങ്ങളാണുള്ളത്. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങളിൽ 10939002 രൂപ സ്ഥിരം നിക്ഷേപവും 71494441 രൂപ ഹ്രസ്വ കാല നിക്ഷേപവുമാണ്. ഓരോ ബാങ്കിന്റെയും വിവരം:
ടേബിൾ എസ്.സി.ബി. (1 ) നോക്കുക

അംഗടിമുഗർ ഹൈസ്ക്കൂൾ സഹകരണ കോ_ഓപ്പറേറ്റീവ് സൊസൈറ്റിയും ധർമ്മത്തടുക്ക ഹൈസ്ക്കൂൾ സഹകരണ കോ_ഓപ്പറേറ്റീവ് സൊസൈറ്റിയുമാണ് മറ്റു സഹകരണ സ്ഥാപനങ്ങൾ.

**പ്രശ്നങ്ങളും സാധ്യതകളും**

1. എല്ലാവിധ വായ്പകളും കുറഞ്ഞ പലിശ നിരക്കിൽ കാല താമസം കൂടാതെ വിതരണം നടത്താൻ സംവിധാനം ഉണ്ടാക്കണം.

2. അംഗടിമുഗർ ബാങ്കിന്റെ ഒരു ശാഖ ധർമ്മത്തടുക്കയിലും മുഗു ബാങ്കിന്റെ ശാഖ അരിയപ്പാടിയിലും സ്ഥാപിക്കണം.

3. ദേറഡുക്കയിൽ റെഡിമെയ്ഡ് വസ്ത്രാലയ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതാണ്.

4. ക്ഷീര സഹകരണ സംഘം ധർമ്മത്തടുക്കയിലും മുഗുവിലും സ്ഥാപിക്കണം.

5. അംഗടിമുഗറിൽ ഒരു സഹകരണാശുപത്രി സ്ഥാപിക്കേണ്ടതാണ്.

6. കൃഷിക്കാവശ്യമായ വായ്പാ സഹായം വർദ്ധിപ്പിക്കുകയും കണ്ണൂർ, കട്ടത്തടുക്ക, ബാഡൂർ എന്നിവിടങ്ങളിൽ സഹകരണ മാർക്കറ്റുകൾ സ്ഥാപിക്കുകയും വേണം.

7. പുത്തിഗെ ഗ്രാമം മുഗു സഹകരണ ബാങ്കിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. ആവശ്യമുള്ളവർക്ക് വളർത്തു മൃഗങ്ങളെ നൽകുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾ വഴി സംവിധാനമുണ്ടാക്കണം.

9. പുത്തിഗെ പഞ്ചായത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കേണ്ടതാണ്. വനിതകൾക്ക് മാത്രമായി വനിതാ സഹകരണ ബാങ്ക് സ്ഥാപിക്കേണ്ടതാണ്.

10. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്. ട്രാക്ടർ, ടില്ലർ, സ്പ്രേയർ, വളം, കീടനാശിനി മുതലായവ വിതരണം നടത്താൻ സംവിധാന മുണ്ടാക്കണം.

11. ഹ്രസ്വകാല വായ്പാ പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.

12. കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കർഷക സെമിനാറുകൾ നടത്തണം.

13. പുത്തിഗെ ഗ്രാമത്തിന്റെ പരിധിയിൽ വരുന്ന അംഗടിമുഗർ ബാങ്കിന്റെ ഒരു ശാഖ പുത്തിഗെയിൽ സ്ഥാപിക്കണം.

# SCB (1)

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

(അവലംബം: സെക്കണ്ടറി ഡാറ്റ)

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | നിക്ഷേപങ്ങൾ | | നൽകിയിട്ടുള്ള വായ്പകൾ | | മറ്റു വായ്പകൾ | | പ്രത്യേക വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | സ്ഥിരം | ഹ്രസ്വം | ഇനം | തുക | ഇനം | തുക | ഇനം | തുക |
| Mugu Service Co-op Bank | Mugu Village | 16-6-1952 | 1169 | 22,10,000/- | 23.75,206/- | 37,26,548/- | ST.Agl<br>M.T "<br>L.T " | 2899086/-<br>872036/-<br>2869412/- | M.T Loan non Agl ST " | 1827130/-<br>2676080/- | Cash Credit Business | 308226/- |
| Angadimogar Service Co-Operative Bank ltd. No.3373, P.O.Angadimugar | ( Four Villages) Angadimugar Puthige,Badoor and Kandal | 1919 | 2073 | 10,50,000/- | 13,80,631/- | 11,80,003/- | ST .Agr<br>MT.Agl. loan<br>LT.Agl. | 7,48,238/-<br>3,51,371/-<br>18,29,703/- | ST non Agl.<br>MT non Agl. L<br>LT.non Agl.L | 13835/-<br>72,326/-<br>3,5958/- | Gold loan<br>Depo-sit loan | 1098381/-<br>132616/- |
| Ednad - Kannur Service Co-Operative Bank ltd. Ednad. | Ednad and Kannur village | 1949 | 1435 | 8,05000/- | 7183165/- | 2242889/- | ST.Agl. loan<br>MT.Agl<br>LT.Agl. | 1384136/-<br>761460/-<br>1817532/- | ST.non Agl.<br>MT.non Agl.<br>LT.non Agl. | 1097062/-<br>1758280/-<br>18272/- | Gold | 4453517/- |



# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ 1201 പട്ടിക ജാതിക്കാരും 912 പട്ടിക വർഗ്ഗക്കാരുമാണ്. താഴെ പറയുന്ന കോളനികളിലാണ് പ്രധാനമായും പഞ്ചായത്തിലുള്ളതെന്ന് പഠന യാത്രയിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

| | | |
|---|---|---|
| 1. | ഹെട്ടാരികട്ടെ | എസ്. സി. |
| 2. | സജങ്കില | എസ്. സി. |
| 3. | മുകാരിക്കണ്ടം | എസ്. സി. |
| 4. | അംബേദ്ക്കർ | എസ്. സി. |
| 5. | കോടിമൂല | എസ്. സി. |
| 6. | മുൻഷിക്കാന | എസ്. ടി. |
| 7. | മേപ്പോട് | എസ്. ടി. |
| 8. | ദോഡ്ഡുക്ക | എസ്. ടി. |
| 9. | മുണ്ടക്കാന | എസ്. സി. |
| 10. | ചന്നിക്കോട് | എസ്. ടി. |
| 11. | ബീരികുഞ്ചെ | എസ്. ടി. |
| 12. | മുണ്ടിത്തടുക്ക | എസ്. സി. |
| 13. | മൻട്ടംപാടി | എസ്. സി. |
| 14. | അരിയപ്പാടി | എസ്. സി. |
| 15. | പാടലടുക്ക | എസ്. സി. |
| 16. | കറംക്കാർ | എസ്. ടി. |
| 17. | കാമനബയൽ | എസ്. സി. |
| 18. | ബാഡ്ഡൂർ പദവ് | എസ്. സി. |

എസ്. സി., എസ്. ടി. വിഭാഗങ്ങളിൽ 164 കുടുംബങ്ങളും ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണ്. എസ്. സി. വിഭാഗത്തിലെ കുട്ടികളും സാധാരണയായി സ്ക്കൂളിൽ പോകുന്നുവെങ്കിലും കൊറഗ സമുദായത്തിലെ കുട്ടികളും ഇന്നും സ്ക്കൂളിൽ പോകുന്നതിൽ താൽപര്യം കാണിക്കുന്നില്ല. വസ്ത്രവും, കുടയും, ഗ്രാൻറുകളും, സ്റ്റൈപെൻറുകളും സർക്കാർ നൽകുന്നുവെങ്കിലും കുട്ടികളും സ്ക്കൂളിൽ പോകാതിരിക്കാനുള്ള കാരണങ്ങളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തേണ്ടതായിട്ടുണ്ട്.

1996-97 വർഷത്തിൽ ഓരോ ക്ലാസ്സിലും പഠിച്ചുവരുന്ന എസ്. സി., എസ്. ടി. കുട്ടികളുടെ വിവരം.

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 27 | 18 | 45 |
| II | 20 | 23 | 43 |
| III | 25 | 32 | 57 |
| IV | 13 | 18 | 31 |
| V | 21 | 15 | 36 |
| VI | 16 | 13 | 29 |
| VII | 20 | 18 | 38 |
| VIII | 30 | 17 | 47 |
| IX | 22 | 26 | 48 |
| X | 21 | 12 | 33 |
| ആകെ | 215 | 192 | 407 |

ഇവരിൽ 15 ആൺകുട്ടികളും 7 പെൺകുട്ടികളുമടക്കം ആകെ 22 പേർ ഇടയ്ക്ക് വെച്ച് പഠനം നിർത്തിയിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരായിരുന്നു. എന്നാൽ കാർഷിക മേർലയിലെ തകർച്ച കാരണം അവർ മറ്റു മേഖലകളിൽ ജോലി ചെയ്തു വരുന്നതായി കാണുന്നു. കെട്ടിട നിർമ്മാണ രംഗങ്ങളിൽ രംഗത്താണ് ഇപ്പോൾ കൂടുതൽ പേരും ജോലി ചെയ്തു വരുന്നത്. ഇൂ മേഖലയിൽ കൂലി കൂടുതൽ ലഭിക്കുവെന്നതാണ് കാരണം. സ്ത്രീകളുടെ കൈത്തൊഴിലായിരുന്ന പായ നെയ്ത്ത്, കൊട്ട മൊടിയൽ എന്നിവ അസംസ്കൃത വസ്തുക്കൾ കിട്ടാത്തതിനാൽ പൂർണ്ണമായും നിലച്ചിരിക്കുന്നു.

കോളനികളിൽ വീട് അനുവദിച്ചിട്ടുണ്ടെങ്കിലും മിക്ക വീടുകളിലും വെള്ളവും വെളിച്ചവും ലഭ്യമല്ല. പല കോളനികളിലും കക്കൂസ് നിലവിലില്ല.

## പ്രശ്നങ്ങൾ

1. എല്ലാവർക്കും വീട് അനുവദിച്ചുകിട്ടിയിട്ടില്ല.
2. കുടിവെള്ളവും വൈദ്യുതിയും ലഭ്യമല്ല.
3. പൊതു കക്കൂസുകൾ സംരക്ഷീക്കപ്പെടുന്നല്ല.
4. ഒരു പൊതു ശ്മശാനമില്ല.
5. വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നില്ല.
6. വിവിധ തൊഴിൽ വായ്പാ പദ്ധതികളും ലക്ഷ്യം നേടുന്നില്ല.
7. വീടും പരിസരവും വൃത്തിയായി വെക്കുന്നില്ല.

## സാധ്യതകൾ

1. പായ നെയ്ത്ത്, കുട്ട മെടയൽ എന്നിവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാണം. കോളനികളോട് തൊട്ടു വർക്ക് ഷെഡ്ഡുകൾ സ്ഥാപിക്കണം.
2. കോളനികളിലെ എല്ലാ വീടുകളിലും വെള്ളവും വൈദ്യുതിയും ലഭ്യമാക്കണം. വീടുകളുടെ അറ്റകുറ്റപ്പണി യഥാസമയം ചെയ്തു തീർക്കണം.
3. ആനുകൂല്യങ്ങളെ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ ജനകീയ പരിശോധനാ കമ്മിറ്റി രൂപീകരിക്കണം.
4. കോളനി നിവാസികളുടെ വൈദ്യ പരിശോധന കോളനിയിൽ വെച്ച് കൂടെക്കൂടെ നടത്തുന്നതിന് സംവിധാനമുണ്ടാക്കണം.
5. ഓരോ കോളനിയിലേയും സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് വാളണ്ടിയർമാരെ നിയമിക്കണം.6. **പത്താം ക്ലാസ്സിൽ സ്പെഷ്യൽ കോച്ചിങ്ങ് നടത്തുന്നതോടൊപ്പം ഇവരുടെ കുട്ടികൾക്ക് ഒന്നാം ക്ലാസ്സ് മുതൽ തന്നെ പരിഹാര ബോധനത്തിന് സംവിധാനമുണ്ടാക്കണം.**
7. **ഓരോ വീടിനും പ്രത്യേക കക്കൂസുകൾ നിർമ്മിച്ച് കൊടുക്കണം.**
8. **എല്ലാ കോളനി റോഡുകളും റിപ്പയർ ചെയ്യുകയും ടാർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും വേണം.**
9. **എസ്. സി., എസ്. ടി. ഭവന നിർമ്മാണ സഹായധനത്തിൽ തുക വർദ്ധിപ്പിക്കണം.**
10. **മേപ്പാട് കോളനിയിലേക്ക് സോളാർ എനർജി ഉപയോഗിച്ചുകൊണ്ടുള്ള ടി. വി. അനുവദിക്കണം.**
11. **എല്ലാ കോളനികളോടുമനുബന്ധിച്ച് മിനി ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കണം.**
12. **വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായം 5000 രൂപയായി വർദ്ധിപ്പിക്കണം.**
13. **കോളനി നിവാസികൾക്ക് സർക്കാർ ചെലവിൽ വിനോദയാത്ര സംഘടിപ്പിക്കേണ്ടതാണ്.**
14. **കോളനി നിവാസികളല്ലാത്ത എസ്. സി., എസ്. ടി. കുടുംബങ്ങൾക്ക് വീടുകൾ പണിയാൻ സാമ്പത്തിക സഹായം അനുവദിക്കണം.**






# വിഭവ സമാഹരണം

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ്. ഈ പ്രക്രിയ ആരംഭിക്കുന്നത് മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയ്ക്കു തൃപ്തികരമായ പരിഹാരം ഉണ്ടാക്കുമ്പോഴാണ്. സമ്പത്തിന്റെ ഉൽപാദനം മാത്രമല്ല നീതിപൂർവ്വമായ വിതരണവും കൂടി വികസനത്തിന് അനുപേക്ഷണീയമാണ്. സാമ്പത്തിക വളർച്ച ഇന്ന് കൈവരിച്ചാൽ മാത്രം പോരാ, നാളെയും നിലനിൽക്കുമെന്ന് ഉറപ്പു വരുത്താൻകഴിയണം.

കാർഷിക - വ്യവസായിക മേഖലകളുടെ വളർച്ചയോടൊപ്പം സേവന മേഖലയിലെ ഗുണ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കണം.

പണമില്ലാതെ വികസനം സാധ്യമല്ല. പണം അഥവാ ഫണ്ട് സമാഹരണത്തിന് പുതിയ വഴികൾ കണ്ടുപിടിക്കുന്നതിനുള്ള കൂട്ടായ ശ്രമമാണ് ഇന്നാവശ്യം. വസ്തുനിഷ്ഠമായി പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

വികസന പ്രക്രിയയ്ക്കു രൂപം നൽകുന്നതിലും നടപ്പിലാക്കുന്നതിലും വിലയിരുത്തപ്പെടുന്നതിലും ജനപങ്കാളിത്തം ഉറപ്പു വരുത്തിയാൽ വിഭവ സമാഹരണത്തിലും ജനങ്ങൾ പുതിയ മാനങ്ങൾ കണ്ടുകൊള്ളും. സ്വാർത്ഥതാത്പര്യവും അഴിമതിയും അവസാനിപ്പിക്കാനുള്ള നടപടികൾ കർശനമാക്കേണ്ടതുണ്ട്.

നികുതികളും സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാൻറുകളും മാത്രമാണ് ഇന്നു പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം. നികുതി ഇനത്തിൽ ലഭിക്കുന്ന പണത്തിന്റെ നല്ലൊരു ശതമാനം ഭരണ ചെലവിന് വിനിയോഗിക്കേണ്ടി വരുന്നു.

നമ്മുടെ പഞ്ചായത്തിന്റെ 95-96ലെ വരവു ചെലവ് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1-23 (അവലംബം: സെക്കണ്ടറിയേറ്റ് വരവ്)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,31,179-04 | 1,31,179-04 | ഇല്ല |
| സർവ്വീസ് ചാർജ്ജ് | 6439-05 | 6,439-05 | ഇല്ല |
| തൊഴിൽ നികുതി | 38800-00 | 37,955-00 | 845 |
| വാഹന നികുതി | - - - | - - - | -- |
| വിനോദ നികുതി | 40-00 | 40-00 | - - |
| അഡി. വിനോദ നികുതി | - - - | - - - | - - |
| പ്രദർശന നികുതി | 120-00 | 12-00 | -- |
| പ്രദർശന നികുതിയിൻമേലുള്ള സർ ചാർജ്ജ് | 25-00 | 25-00 | -- |
| ചന്ത വരവ് | - - | - - | - - |
| ലാൻറ് സെസ്സ് | - - | - - | - - |
| ലൈസൻസ് ഫീസ് | 4645-50 | 4645-50 | ഇല്ല |
| കെട്ടിട നികുതി സർ ചാർജ്ജ് | - - - | - - - | - - |
| വസ്തു കൈമാറ്റ നികുതി (75%) | 99405-00 | 99405-00 | ഇല്ല |
| വസ്തു കൈമാറ്റ നികുതി (25%) | - - - | - - - | - - |
| സർക്കാർ ഗ്രാൻറുകളും മറ്റു ഒഴികെയുള്ള മറ്റു വരവുകൾ | 734977-00 | 734977-00 | ഇല്ല |
| സംഭാവന | - - - | - - - | - - |
| ഡെപ്പോസിറ്റ് | 16375-75 | 16375-75 | - - |
| മറ്റുള്ളവ | 87670-94 | 86825-94 | - - |
| ആകെ | 11,18,832-64 | 11,17,987-64 | 845 |

പട്ടിക 1-24

ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 413054-15 |
| പൊതുമരാമത്ത് | 45 |
| വിദ്യാഭ്യാസം | 1367-00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 28197-00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 4586-00 |
| മറ്റുള്ളവ | 424,550-00 |
| ആകെ | 9,18,652-15 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ബഹുജന സംഘടനകളെയും സജീവം അണിനിരത്തേണ്ടിയിരിക്കുന്നു. ജനപങ്കാളിത്തത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇതു വഴി ഒരു പുതിയ വികസന സംസ്ക്കാരം നടപ്പിലാക്കിയാൽ എല്ലാ പ്രവർത്തനങ്ങൾക്കും തൊഴിൽ രഹിതരെയും അഭ്യസ്ത വിദ്യരായ യുവജനങ്ങളുടെയും സേവനം നമുക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

വരവ് വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന ചില നടപടികൾ സ്വീകരിക്കവുന്നതാണ്.

1. പഞ്ചായത്ത് പരിധിക്കകത്തെ എല്ലാ വാഹനങ്ങൾക്കും (സൈക്കിൾ അടക്കം) പഞ്ചായത്തിൽ റജിസ്ട്രേഷൻ ആവശ്യമാണ്.
2. അടിസ്ഥാന നികുതി കാലോചിതമായി പരിഷ്ക്കരിച്ചു പഞ്ചായത്ത് വിഹിതം വർദ്ധിപ്പിക്കുക.
3. കൃഷി ഭൂമി കെട്ടിടങ്ങൾക്കു വേണ്ടി തരം മാറ്റുന്നതിന് പഞ്ചായത്തുകൾ അനുവാദ ഫീസ് ചുമത്തുക.
4. ചെങ്കൽ ക്വാറി, കരിങ്കല്ല് ക്വാറി, കാട്ടുക്കല്ല് എന്നിവയിൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്നവർക്കു നികുതി ചുമത്തുക. പഞ്ചായത്തിൽ പുറത്ത്കൊണ്ടുപോകുന്നതിന് പ്രത്യേക അനുവാദം നിർബന്ധമാക്കുകയും ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഫീസ് ഈടാക്കുകയും ചെയ്യുക.
5. പഞ്ചായത്തിൽ ആഴ്ച ചന്തകൾ സംഘടിപ്പിക്കുകയും കച്ചവടക്കാരിൽ നിന്നും ഫീസ് ഈടാക്കുകയും ചെയ്യുക.
6. ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിച്ചു വാടകക്കു കൊടുക്കുക.
7. സിനിമാ ടോക്കീസുകൾ ആരംഭിക്കുക.
8. തരിശ്ശിടുന്ന കൃഷിഭൂമിക്കു പിഴചുമത്തുക.

## പ്രത്യേക നിർദ്ദേശങ്ങൾ

1. ധർമ്മത്തടുക്കയിലുള്ള പൊസഡി മലയ്ക്കു മുകളിൽ കാറ്റ് മൂലം പ്രവർത്തിക്കുന്ന യന്ത്രം മൂലം വൈദ്യുതി ഉൽപാദിപ്പിക്കുവാൻ സാധിക്കും. ഇതു വഴി 20 ച. കി. മീറ്റർ വിസ്തീർണത്തിന് വൈദ്യുതി ലഭ്യമാക്കാം. പഞ്ചായത്ത് വൈദ്യുതി ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
2. പൊസഡി മലയെ ഒരു സുഖവാസ കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ടൂറിസ്റ്റ് കേന്ദ്രത്തിൽ പഞ്ചായത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കാം.
3. ഉറുമിയിൽ ഷോപ്പിംഗ് കോംപ്ലക്സും, സീതാംഗോളിയിൽ ഷോപ്പിംഗ് കോപ്ലക്സ് കം ബസ് സ്റ്റാൻഡും നിർമ്മിക്കുക. സ്റ്റാൻഡിൽ കയറുന്ന എല്ലാ ബസ്സുകൾക്കും ഫീസ് ഈടാക്കുക.
4. കട്ടത്തടുക്കയിൽ ധാർമ്മിക നിബന്ധനകൾക്കനുസരിച്ച് കല്ല്യാണ മണ്ഡപം നിർമ്മിക്കുകയും വാടക ഇൂടാക്കുകയും ചെയ്യാവുന്നതാണ്.
5. ബാഡൂരിലും മംഗലടുക്കയിലും സിനിമാ ടാക്കീസുകൾ സ്ഥാപിക്കുക.
6. സീതാംഗോളിയിൽ വാഹനങ്ങൾക്കു പാർക്കിംഗ് കേന്ദ്രം സ്ഥാപിക്കുകയും പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കു ഫീസ് നിശ്ചയിക്കു കയും ചെയ്യുക.
7. വാഹന കച്ചവടക്കാർക്കു ലൈസൻസ് നിർബന്ധമാക്കുകയും കൈമാറ്റം ചെയ്യപ്പെടുന്ന വാഹനങ്ങൾക്കു ഫീസ് ഈടാക്കുകയും ചെയ്യുക.
8. റോഡ് പാലങ്ങൾക്കു ടോൾ ഏർപ്പെടുത്താവുന്നതാണ്.
9. ജനനേതാക്കളുടെയും ബഹുജന സംഘടനകളുടെയും നേതൃത്വത്തിൽ മനുഷ്യ ശക്തി ശ്രമദാനത്തിലൂടെ ഉപയോഗപ്പെടുത്താൻ സംവിധാനമുണ്ടാക്കാവുന്നതാണ്. സർക്കാർ നൽകാൻ പോകുന്ന 40% പദ്ധതി വിഹിതവും മറ്റു ഗ്രാൻറുകളും ലഭ്യമാകുമ്പോൾ കഴിഞ്ഞകാലങ്ങളിലെ സാമ്പത്തിക നിലയിൽ നിന്നും വളരെ മുന്നോട്ട് പോകാൻ നമുക്കു സാധിക്കുന്നതാണ്. പഞ്ചായത്തിന് പദ്ധതി വിഹിതമായി കിട്ടാനിടയുള്ള വർഷത്തിലെ ഒരു കോടി രൂപയ്ക്കു പുറമെ മറ്റു വരുമാന മാർഗ്ഗങ്ങൾ സ്വീകരിക്കുകയാണെങ്കിൽ വികസന രംഗത്തു വളരെ പുരോഗതി കൈവരിക്കാൻ നമുക്കു സാധിക്കും.

കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളും ഒറ്റകെട്ടയി പുതിയ സമീപനം സ്വീകരിക്കാമെന്ന് നമുക്കു വിശ്വസിക്കാം. മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്കു കഴിയുമാറാകട്ടെ. ●

# ഉപസംഹാരം

സർക്കാരിൽ നിന്ന് എന്ത് കിട്ടുമെന്ന് മാത്രമല്ല
നാടിന്റെ വികസനത്തിന് ഒത്തൊരുമിച്ച്
എന്തു ചെയ്യാമെന്ന് കൂടി
ചിന്തിക്കാൻ ജനങ്ങളെ സജ്ജമാക്കുന്ന
ഒരു പുതിയ ശൈലിക്ക് രൂപം നൽകുക
എന്നത് കൂടിയാണ് ജനകീയാസൂത്രണ
പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

പഞ്ചായത്ത് സമിതികളെ ശക്തിപ്പെടുത്തുക
എന്നതും ഈ പ്രവർത്തനത്തിന്റെ മറ്റൊരു
പ്രധാന ഉദ്ദേശ്യമാണ്. വികസന
പ്രശ്നങ്ങളോട് ഇന്ന് കേരളത്തിലെ
ജനങ്ങൾ പുലർത്തുന്ന നിസ്സംഗ മനോഭാവം
മാറ്റിയെടുക്കാനും അവർക്ക് ഇക്കാര്യത്തിൽ
ആത്മവിശ്വാസം പ്രദാനം ചെയ്യാനും
കഴിയുമെന്നാണ് നാം വിശ്വസിക്കുന്നത്.

അഞ്ച് ഘട്ടങ്ങളായാണ് ഈ പ്രവർത്തനം
സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. വാർഡുകളിലെ
വികസന പ്രവർത്തനങ്ങൾ തിട്ടപ്പെടുത്താ
നായി ചേർന്ന ഗ്രാമസഭകളാണ് ഒന്നാം
ഘട്ടം. ഇന്ന് നടക്കുന്ന പഞ്ചായത്ത് തല
സെമിനാറാണ് രണ്ടാം ഘട്ടം. ശ്രുതകർമ്മ
സമിതികളെ (Task Force) നിയോഗിച്ചു
കൊണ്ടായിരിക്കും വികസന സെമിനാറുകൾ
അവസാനിക്കുക. ഈ കർമ്മസമിതികളുടെ
പ്രവർത്തനമാണ് മൂന്നാം ഘട്ടം. പഞ്ചായത്ത്
തലത്തിൽ രൂപം നൽകുന്ന പദ്ധതികൾ
ബ്ലോക്കടിസ്ഥാനത്തിലും ബ്ലോക്കുകളിലും
നഗരസഭകളിലും രൂപപ്പെടുത്തുന്ന പദ്ധതികളെ
ജില്ലാടിസ്ഥാനത്തിലും സംയോജിപ്പിക്കുക
എന്നതാണ് നാലാം ഘട്ടം. ഇപ്രകാരം
രൂപം കൊള്ളുന്ന ജില്ലാ പദ്ധതികളെ
സംസ്ഥാന സർക്കാറിന്റെ വിവിധ
വകുപ്പുകൾ വിദഗ്ധ സമിതിയുമായി
സഹകരിച്ച് സംസ്ഥാന ആസൂത്രണ ബോർഡ്
സംസ്ഥാന തലത്തിൽ രൂപം നൽകുന്ന
നിർദ്ദേശങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട്
കേരളത്തിന്റെ കരട് ഒമ്പതാം പദ്ധതിക്ക്
രൂപം നൽകും. ഇതാണ് അഞ്ചാമത്തേയും
അവസാനത്തേയും ഘട്ടം.

ഈ ജനകീയ പ്രസ്ഥാനത്തിന്
വിപുലമായ ബഹുജനാഭിപ്രായ ഐക്യം
കെട്ടിപ്പടുക്കുന്നതിന് വേണ്ടി സംസ്ഥാന തലത്തിൽ
ഒരു ഉപദേശക സമിതി രൂപീകൃതമായിട്ടുണ്ട്.
കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന
ശ്രീ ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് ഈ
സമിതിയുടെ ചെയർമാൻ. കേരളത്തിലെ
മുൻമുഖ്യമന്ത്രിമാരായ സർവ്വശ്രീ കെ. കരുണാകരൻ,
എ.കെ.ആന്റണി, പി.കെ.വാസുദേവൻ നായർ,
മുൻ പ്രതിപക്ഷനേതാവ് ശ്രീ വി.എസ്.അച്യുതാനന്ദൻ,
ഡോ. കെ.എൻ. രാജ് എന്നിവർ ഈ സമിതിയുടെ
ഉപാദ്ധ്യക്ഷൻമാരുമാണ്. തദ്ദേശസ്വയംഭരണ വകുപ്പ്
മന്ത്രി ശ്രീ പാലോളി മുഹമ്മദ് കുട്ടി
കൺവീനറുമാണ്.

ആസൂത്രണം താഴെ തട്ടിൽ നിന്ന്
ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള
ശ്രമമെന്ന നിലക്ക് ആരംഭിച്ചിരിക്കുന്ന
മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിന്റെ
എല്ലാ പ്രവർത്തനങ്ങളും അതിന്റെ എല്ലാ
അർത്ഥത്തിലും ചിട്ടയോടെയും നമ്മുടെ
പഞ്ചായത്തിലും നടന്നു വരുന്നുവെന്ന്
അറിയിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ
സന്തോഷമുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ വിവിധ
വകുപ്പുകളിലെ ഓഫീസുകളിൽ നിന്നും ശേഖരിച്ച
സ്ഥിതിവിവരകണക്കുകൾ, പഠന യാത്രയിൽ നിന്ന്
നേരിട്ട് മനസ്സിലാക്കിയ വിവരങ്ങൾ, വ്യക്തികളുമായി
നടത്തിയ കൂടിക്കാഴ്ചകൾ, ചരിത്ര സെമിനാറിലെ
നിർദ്ദേഷങ്ങൾ, പഞ്ചായത്ത് അംഗങ്ങളുടെയും
ഓഫീസ് മേധാവികളുടെയും അഭിപ്രായങ്ങൾ
തുടങ്ങിയവയാണ് ഈ രേഖ തയ്യാറാക്കുന്നതിന്
ഞങ്ങൾ ആധാരമായി സ്വീകരിച്ചിട്ടുള്ളത്.
ആധാരമായി സ്വീകരിച്ചിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിലെ ഏകദേശം നൂറോളം
വരുന്ന സന്നദ്ധ പ്രവർത്തകർ ഈ പ്രക്രിയയിൽ
സജീവമായി പങ്കെടുത്ത് കൊണ്ട് പഞ്ചായത്ത്
സമിതിയെ സഹായിച്ചുവരുന്നു. ഈ റിപ്പോർട്ട്
തയ്യാറാക്കുന്നതിലും മറ്റും കഠിനാദ്ധ്വാനം ചെയ്ത
പഞ്ചായത്ത് "കോർ ഗ്രൂപ്പ് അംഗങ്ങളായ എച്ച്.എ.
മുഹമ്മദ് മാസ്റ്റർ (കൺവീനർ) എൻ.സുബ്ബണ്ണ ഭട്ട്,
ഡി.എൻ. രാധാകൃഷ്ണൻ, സി.എൻ. അബ്ദുൽ
കാദർ, ഉഷ എ.കെ, എൻ. കൃഷ്ണ ആൾവ,
പി.കെ.സോമൻ, ജയശങ്കർ. എൻ,

എച്ച്. രാമഭട്ട്, എച്ച്.എ. അബ്ദുൽ സലാം,
എൻ. മഹാലിംഗ ഭട്ട്, കെ.മധുസൂധനൻ
എന്നിവർക്ക് പഞ്ചായത്തിലെ
ബഹുജനങ്ങൾക്ക് വേണ്ടി അഭിനന്ദനങ്ങൾ
അറിയിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ
സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങളിൽ
പ്രത്യേക താൽപര്യമെടുത്ത് സഹകരിച്ച
നമ്മുടെ പഞ്ചായത്ത് സെക്രട്ടറി
കെ.വാസുദേവ ആചാര്യക്കും മറ്റു
സ്റ്റാഫംഗങ്ങൾക്കും ഞങ്ങൾ അഭിനന്ദനങ്ങൾ
അറിയിക്കുന്നു. ചരിത്രം ശേഖരിക്കുന്നതിലും
മറ്റു നിർദ്ദേഷങ്ങൾ നൽകുന്നതിലും ഞങ്ങളെ
സഹായിച്ച എല്ലാ മാന്യ വ്യക്തികളോടും,
കൃത്യമായി വിവരങ്ങൾ നൽകി സഹായിച്ച
മറ്റ് ഉദ്യോഗസ്ഥൻമാരോടും ഞങ്ങൾ നന്ദി
അറിയിക്കുന്നു. കെ.ആർ.പി. ഇൻ ചാർജ്
കെ. ഭാസ്കരൻ, ചാർജ് ഓഫീസർ
എ.ടി.നായക്ക് എന്നിവരുടെ ഉപദേശ
നിർദ്ദേശങ്ങളെ ഞങ്ങൾ നന്ദിപൂർവ്വം
സ്മരിക്കുന്നു.

കേരളത്തിലെമ്പാടുമുള്ള ഏകദേശം 40
ലക്ഷം പേർ പങ്കാളികളായിരിക്കുന്ന
മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിന്റെ
തുടർന്നുള്ള ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ
നമ്മുടെ പഞ്ചായത്തിലും വിജയപ്രദമായി
പൂർത്തീകരിക്കുന്നതിന് എല്ലാ വിഭാഗം
ജനങ്ങളുടേയും ആത്മാർത്ഥമായ
സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു.
നമ്മുടെ പഞ്ചായത്തിന് ശോഭനമായ ഭാവി
പ്രദാനം ചെയ്യാൻ കൂട്ടായ ഈ
പ്രവർത്തനങ്ങളിൽ സഹായിക്കുമെന്ന
വിശ്വാസത്തോടെ,

21/11/96 ന് ചേർന്ന ഭരണസമിതി അംഗീകരിച്ച നമ്മുടെ "വികസന രേഖ" ബഹുജന സമക്ഷം സവിനയം സമർപ്പിച്ച് കൊള്ളുന്നു.

എന്ന് വിശ്വസ്തതയോടെ,

ഭരണസമിതിക്കു വേണ്ടി
പി.എം. ഫാത്തിമത്ത് സുഹ്റ.
പ്രസിഡൻറ്
പുത്തിഗെ ഗ്രാമ പഞ്ചായത്ത്.

പുത്തിഗെ,
14/12/1996.

PUTHIGE GRAMA PANCHAYAT
P.O PUTHIGE



96 ഒക്ടോബർ 2ന് ചേർന്ന എട്ടാം വാർഡിലെ ഗ്രാമസഭ.

96 ಒಕ್ಟೋಬರ್ 2ರಂದು ಸೇರಿದ ಎಂಟನೇ ವಾರ್ಡಿನ ಗ್ರಾಮಸಭೆ



96 സപ്തംബർ 21ന് തുറന്ന സ്ഥലത്ത് സംഘടിപ്പിക്കപ്പെട്ട
നാലാം വാർഡ് ഗ്രാമസഭ

96 ಸಪ್ಟಂಬರ್ 24ರಂದು ಹೊರ ಪ್ರದೇಶದಲ್ಲಿ ಸೇರಿದ ನಾಲ್ಕನೇ ವಾರ್ಡು ಗ್ರಾಮಸಭೆ



96 സെപ്തംബർ 29 ന് ചേർന്ന ആറാം വാർഡ് ഗ്രാമ സഭയിലെ
ഗ്രൂപ്പ് ചർച്ചകളിലൊന്ന്

96 ಸಪ್ಟಂಬರ್ 29ರಂದು ಸೇರಿದ ಆರನೇ ವಾರ್ಡಿನ ಗ್ರಾಮಸಭೆಯ
ಗ್ರೂಪ್ ಚರ್ಚೆಗಳಲ್ಲಿ ಒಂದು



